**പതിമൂന്നാം കേരള നിയമസഭ**

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011-2014)

## ഒന്നാമത് റിപ്പോർട്ട്

(2012 മാർച്ച് മാസം 21-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കൊല്ലം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച റിപ്പോർട്ട്

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടുകളിൽ
(2002-03 മുതൽ 2004-05 വരെയുള്ള) ഉൾപ്പെട്ടിട്ടുള്ള
ആഡിറ്റ് ഖണ്ഡികകളുടെ പരിശോധന
യുടെ അടിസ്ഥാനത്തിൽ
തയ്യാറാക്കിയത്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2011–2014)

## ഒന്നാമത് റിപ്പോർട്ട്

(2012 മാർച്ച് മാസം 21-ാം തീയതി സഭയിൽ സമർപ്പിച്ചത്)

## കൊല്ലം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച റിപ്പോർട്ട്

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടുകളിൽ
(2002-03 മുതൽ 2004-05 വരെയുള്ള) ഉൾപ്പെട്ടിട്ടുള്ള
ആഡിറ്റ് ഖണ്ഡികകളുടെ പരിശോധന
യുടെ അടിസ്ഥാനത്തിൽ
തയ്യാറാക്കിയത്]

364/2012.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I : പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും | .. | 47 |
| അനുബന്ധം II : കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ കത്ത് | .. | 56 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011-2014)

## ഘടന

അദ്ധ്യക്ഷൻ :

ശ്രീ. വർക്കല കഹാർ

അംഗങ്ങൾ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

,, കെ. അച്ചുതൻ

,, എം. ചന്ദ്രൻ

,, കെ. കെ. ജയചന്ദ്രൻ

,, കെ. എൻ. എ. ഖാദർ

,, മുല്ലക്കര രത്നാകരൻ

,, കെ. ശിവദാസൻ നായർ

,, പി. ശ്രീരാമകൃഷ്ണൻ

,, ജി. സുധാകരൻ

,, എം. എ. വാഹീദ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. കെ. മുരളീധരൻ (സെക്രട്ടറി-ഇൻ-ചാർജ്ജ്)

,, കെ. മോഹൻദാസ്, അഡീഷണൽ സെക്രട്ടറി

ശ്രീമതി ജി. സുമകുമാരി, ഡെപ്യൂട്ടി സെക്രട്ടറി

,, പി. ഉഷാകുമാരി അമ്മ, അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, കമ്മിറ്റിയുടെ നിയോഗാനുസരണം സമിതി (2011–2014)-യുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടുകളിൽ (2002–03 മുതൽ 2004–05 വരെയുള്ള) ഉൾപ്പെട്ടിട്ടുള്ള ആഡിറ്റ് ഖണ്ഡികകളുടെ പരിശോധന യുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2011 ഡിസംബർ മാസം 21-ാം തീയതി ചേർന്ന സമിതി യോഗത്തിലാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

ആഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്കാവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

വർക്കല കഹാർ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2012, മാർച്ച് 21.

# റിപ്പോർട്ട്

## കൊല്ലം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ചത്

## വെളിയം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**മരാമത്ത് പണികൾ—മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയതിനുശേഷം പണി ആരംഭിച്ചിട്ടില്ല—തുക തിരികെ ഈടാക്കുന്നത് സംബന്ധിച്ച്**

മേലേപ്പുര-പാറക്കുന്ന് റോഡു പണിക്കുവേണ്ടി 24-3-2000-ൽ 10,000 രൂപയും പരുത്തിയറ മാർക്കറ്റിലെ മരാമത്തു പണിക്കുവേണ്ടി 31-3-1999-ൽ 15,000 രൂപയും മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ കൺവീനർമാർക്ക് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെയായും പണികൾ തുടങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. പ്രസ്തുത സാഹചര്യത്തിൽ ടി രണ്ടു പണികൾക്കു വേണ്ടിയും മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ കൺവീനർമാർക്കു് നൽകിയ ആകെ തുകയായ 25,000 രൂപ പലിശ സഹിതം ഈടാക്കി പഞ്ചായത്തു ഫണ്ടിൽ അടയ്ക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ VII.I.2.1)

1. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 13-6-2008-ലെ 73186/എ.ബി.1/07/തസ്വഭവ. നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർക്കുന്നു:

(1) കൊല്ലം ജില്ലാ കളക്ടർ റവന്യൂ റിക്കവറി പ്രകാരം 11,139 രൂപ വസൂൽ ചെയ്ത് 19-3-2000-ലെ 210534-ാം നമ്പർ ചെക്ക് പ്രകാരം പഞ്ചായത്തിൽ വരവു വന്നിട്ടുള്ളതുമായത് 04/02-ലെ ക്യാഷ് ബുക്കിലും പാസ്സ് ബുക്കിലും രേഖപ്പെടുത്തിയിട്ടുള്ളതുമാണ്.

(2) കൊല്ലം ജില്ലാ കളക്ടറുടെ ആർ.ആർ. നടപടി പ്രകാരം 15,005 രൂപ 24-9-2002-ൽ വസൂൽ ചെയ്ത് 26630-ാം നമ്പർ ചെക്ക് പ്രകാരം പഞ്ചായത്തിൽ വരവു വന്നിട്ടുള്ളതുമായത് 10/02-ലെ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളതുമാണ്.

2. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് 2008 ജൂൺ മാസം 18-ാം തീയതി നടന്ന തെളിവെടുപ്പ് യോഗത്തിന്റെ സംക്ഷിപ്തം ചുവടെ ചേർത്തിരിക്കുന്നു:

മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയിട്ടും മരാമത്ത്പണി ആരംഭിക്കുകയോ പൂർത്തീകരിക്കുകയോ ചെയ്യാതിരുന്ന കൺവീനർമാരിൽനിന്നും അവർക്കു നൽകിയ തുകയും അതിന്റെ പലിശയുമുൾപ്പെടെ തിരികെ ഈടാക്കിയിട്ടുണ്ടോ എന്ന് സമിതി ആരാഞ്ഞു. 25,000 രൂപയാണ് കൺവീനർമാർക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതെന്നും 10/2002-ൽ പലിശയുൾപ്പെടെ 26,144 രൂപ ആർ.ആർ. നടപടിയിലൂടെ ഇവരിൽനിന്നും തിരികെ ഈടാക്കിയിട്ടുണ്ടെന്നും വെളിയം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. മൊബിലൈസേഷൻ അഡ്വാൻസായി നൽകിയ 25,000 രൂപയക്ക് 12% നിരക്കിൽ ഒരു വർഷത്തേക്ക് സാധാരണ പലിശയിനത്തിൽ

3,000 രൂപ പലിശയാകുമെന്നും പഞ്ചായത്ത് ഇതിലും കുറഞ്ഞ തുകയാണ് കൺവീനർമാരിൽ നിന്നും ഈടാക്കിയതെന്നും സമിതി ചൂണ്ടിക്കാട്ടി.

**നിഗമനങ്ങൾ/ശുപാർശകൾ**

3. **മൊബിലൈസേഷൻ അഡ്വാൻസായി യഥാക്രമം 15,000 രൂപ 31-3-1999-ലും 10,000 രൂപ 24-3-2000-ത്തിലും കൺവീനർമാർക്കു നൽകിയെങ്കിലും പണി ആരംഭിക്കുകയോ പൂർത്തീകരിക്കുകയോ ചെയ്യാത്തതുമൂലം യഥാക്രമം 19-3-2000-ലും 24-9-2002-ലും മാത്രമാണ് ടി തുക തിരികെ ഈടാക്കിയിരിക്കുന്നത്. സാധാരണ പലിശ നിരക്കിൽ 12% പലിശ കണക്കാക്കിയാൽ ഒരു വർഷം 25,000 രൂപയ്ക്ക് 3,000 രൂപാ നിരക്കിൽ പലിശ ഈടാക്കേണ്ടതാണ്. എന്നാൽ 3 വർഷ ക്കാലത്തിനുശേഷം തുക തിരികെ ഈടാക്കിയപ്പോൾ പലിശയിനത്തിൽ വെറും ആയിരത്തി ഒരുനൂറ്റി നാൽപ്പത്തിനാലു രൂപ മാത്രമേ ഈടാക്കിയതായി കാണുന്നുള്ളൂ. ആയതിനാൽ പലിശ 12% സാധാരണ നിരക്കിൽ കണക്കാക്കി ബാക്കി പലിശ ഇനത്തിൽ ഈടാക്കേണ്ട തുക കൂടി കൺവീനർമാരിൽ നിന്നും അടിയന്തിരമായി ഈടാക്കണമെന്നും ഇതു സംബന്ധിച്ച റിപ്പോർട്ട് സമിതിക്ക് നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

## അഞ്ചൽ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**കേരളോത്സവം-അധിക ചെലവ് നിരാകരിക്കുന്നു**

വിദ്യാഭ്യാസ വിഷയ സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ബി.എൽ.ഇ.സി.-യുടെ അംഗീകാരം ലഭിച്ച കേരളോത്സവം നടത്തിപ്പിനായുള്ള പ്രോജക്ടിന് 6,000 രൂപ പദ്ധതിവിഹിതവും 6,000 രൂപ തനതു ഫണ്ടും ചേർത്ത് ആകെ 12,000 രൂപയുടെ അടങ്കൽ തുകയ്ക്കാണ് അനുമതി നൽകിയിരുന്നതെങ്കിലും 25,462 രൂപ ചെലവഴിച്ച തായി കാണുന്നു. 1999 ഒക്ടോബർ 9, 10 എന്നീ തീയതികളിൽ നടത്തിയ കേരളോത്സവത്തിന്റെ ചെലവുകൾക്കായി 8-10-1999-ൽ തനത് ഫണ്ടിൽ നിന്ന് മുൻകൂറായി പിൻവലിച്ച 7,000 രൂപയിൽ നിന്നും പന്തൽ കെട്ടുന്നതിനും ഭക്ഷണം നൽകുന്നതിനുമായി യഥാക്രമം 2,800 രൂപയും 2,400 രൂപയും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇതേ ആവശ്യങ്ങൾക്കു വേണ്ടി കേരളോത്സവം കഴിഞ്ഞതിനുശേഷവും 15-10-1999-ൽ പദ്ധതിവിഹിതത്തിൽ നിന്നും 6,000 രൂപ പിൻവലിക്കുകയും 2,900 രൂപ പന്തൽ കെട്ടുന്നതിനും 3,100 രൂപ ഭക്ഷണം നൽകുന്നതിനും ചെലവാക്കിയതായി വൗച്ചറുകൾ ഹാജരാക്കിയിട്ടുണ്ട്. ഇത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അതിനാൽ പദ്ധതിവിഹിതത്തിൽ നിന്നും പിൻവലിച്ച 6,000 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. സാങ്കേതിക അനുമതി ലഭിച്ച തുകയിൽ നിന്നും അധികരിച്ചു ചെലവഴിച്ച 13,462 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം: 2002-2003 ഓഡിറ്റ് ഖണ്ഡിക നമ്പർ VII.I.2.2)

4. ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 13-6-2008-ലെ 73186/എ.ബി.1/07/തസ്വഭവ. നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർത്തിരിക്കുന്നു:

"അഞ്ചൽ ഗ്രാമപഞ്ചായത്തിന്റെ 1999-2000 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് പാര. 31 പ്രകാരം കേരളോത്സവത്തിന്റെ അധിക ചെലവ് 6,000 (ആറായിരം) രൂപ നിരാകരിച്ചിരുന്നു. സെക്രട്ടറി ശ്രീ. ടി. എം. സൈനുദ്ദീൻ റാവുത്തരോട് ടി തുക തിരിച്ചടയ്ക്കുന്നതിന് ആവശ്യപ്പെട്ടിരുന്നെങ്കിലും തുക അടയ്ക്കാതിരുന്നതിനാൽ ടി തുക കൂട്ടിച്ചേർത്ത് ആകെ 82,301 രൂപ ടിയാന്റെ ബാദ്ധ്യതാ സർട്ടിഫിക്കറ്റിൽ ഉൾപ്പെടുത്തി 18-11-2002-ൽ ബാദ്ധ്യതാ സർട്ടിഫിക്കറ്റ് നൽകി. അതേത്തുടർന്നു ബഹു. അക്കൗണ്ടന്റ് ജനറലിന്റെ 10-4-2003-ലെ ജി-01/ആ.ആ./എ 27694004/92 നമ്പർ ഉത്തരവു പ്രകാരം ടി 6,000 രൂപയും ചേർത്ത് ആകെ 82,301 രൂപ ടിയാന്റെ ഗ്രാറ്റുവിറ്റിയിൽ നിന്നും റിക്കവറി നടത്തിയിട്ടുണ്ട്.

സാങ്കേതികാനുമതി ലഭിച്ച തുകയിൽനിന്നും അധികരിച്ച് ചെലവഴിച്ച 13,462 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു. 21-10-1999-ലെ 6-ാമത് തീരുമാനപ്രകാരം ടി ചെലവ് പഞ്ചായത്ത് അംഗീകരിച്ചിട്ടുണ്ടായിരുന്നു. ഓഡിറ്റ് തടസ്സം ഒഴിവാക്കിക്കിട്ടുന്നതിന് 1-12-2004-ലെ എ1/311/02 നമ്പർ കത്ത് പ്രകാരം ബഹു. സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. സർക്കാരിൽ നിന്നുള്ള ഉത്തരവ് ലഭിക്കുന്നതനുസരിച്ച് അനന്തര നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിച്ചുകൊള്ളാമെന്ന് വിനയപൂർവ്വം ബോധിപ്പിക്കുന്നു."

5. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് 2008 ജൂൺ മാസം 18-ാം തീയതിയിലെ സമിതിയുടെ തെളിവെടുപ്പ് യോഗത്തിന്റെ ചുരുക്കം ചുവടെ ചേർത്തിരിക്കുന്നു:

കേരളോത്സവം നടത്തിപ്പിനായി അനുവദിച്ച 12,000 രൂപയ്ക്കു പകരം 25,462 രൂപ ചെലവാക്കിയതിൽ ബി.എൽ.ഇ.സി.-യുടെ അംഗീകാരം ഉണ്ടായിരുന്നോയെന്ന് സമിതി ആരാഞ്ഞു. 12,000 രൂപ കിഴിച്ചുള്ള ചെലവിന് പഞ്ചായത്ത് കമ്മിറ്റിയുടെ 21-10-99-ലെ 6-ാമത് തീരുമാനപ്രകാരം അംഗീകാരം ഉണ്ടായിരുന്നെന്നും അധികരിച്ച് ചെലവഴിച്ച 13,462 രൂപയുടെ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ ഗവൺമെന്റിന് അപേക്ഷ കൊടുത്തിരിക്കുകയാണെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

ഓഡിറ്റു തടസ്സം വന്നുകഴിഞ്ഞാൽ ഓഡിറ്റിൽ ചൂണ്ടിക്കാണിക്കുന്ന അധിക ചെലവുകൾക്ക് സാധൂകരണം നൽകേണ്ടതില്ലെന്നും ജില്ലാതലത്തിൽ രൂപീകരിച്ചിട്ടുള്ള ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയുമായി ചർച്ച ചെയ്ത് പരിഹാരം കാണണമെന്നും നിർദ്ദേശിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്ന് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ അറിയിച്ചു.

പന്തൽ കെട്ടുന്നതിനും ഭക്ഷണത്തിനുമായി തനതു ഫണ്ടിൽ നിന്ന് 7,000 രൂപയും പദ്ധതി വിഹിതത്തിൽ നിന്നും 6,000 രൂപയും പിൻവലിച്ചതെന്തിനാണെന്ന സമിതിയുടെ ചോദ്യത്തിന് രണ്ടു ദിവസങ്ങളിലായി പരിപാടി നടത്തിയതിനാൽ രണ്ടു ദിവസത്തെ വാടകയും ഭക്ഷണവും കൊടുക്കേണ്ടിവന്നെന്ന് സെക്രട്ടറി അറിയിച്ചു. യുവജനോത്സവ നടത്തിപ്പിനായി 6,000 രൂപ യുവജനക്ഷേമ ബോർഡിൽ നിന്നും ലഭിച്ചിരുന്നുവെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

ഡി.സി.ആർ.ജി.-യിൽ നിന്ന് 6,000 രൂപ പിടിച്ചത് സംബന്ധിച്ച് മുഖ്യമന്ത്രിക്കും ഡയറക്ടർക്കും അപേക്ഷ കൊടുത്തിട്ടുണ്ടെന്നും അത് ഇപ്പോൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ പരിഗണനയിലാണെന്നും സെക്രട്ടറി അറിയിച്ചു. ഓഡിറ്റ് പരാമർശം സംബന്ധിച്ച ചെലവിനത്തിന്റെ വൗച്ചറുകൾ ഫയലിലുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് ഒരേ ഐറ്റത്തിനുതന്നെ രണ്ടു പേമെന്റ് നടത്തിയതിൽ അധികമായി വന്ന തുകയുടെ വൗച്ചറുകളാണ് ഫയലിലുള്ളതെന്ന് സെക്രട്ടറി സമിതിയെ അറിയിച്ചു. 13,462 രൂപയ്ക്ക് ഓഡിറ്റ് തടസ്സമുണ്ടെന്നും 6,000 രൂപക്ക് സർച്ചാർജ്ജ് സർട്ടിഫിക്കറ്റ് കൊല്ലം ഡെപ്യൂട്ടി ഡയറക്ടറാണ് കൊടുത്തതെന്നും സമിതിയുടെ ചോദ്യത്തിന് മറുപടിയായി സെക്രട്ടറി വെളിപ്പെടുത്തി.

13,462 രൂപ ഓഡിറ്റ് തടസ്സമുള്ളതിൽ 6,000 രൂപയ്ക്കു മാത്രം സർച്ചാർജ്ജ് നോട്ടീസ് പരിമിതപ്പെടുത്തിയതിന്റെ കാരണം ഓഡിറ്റ് വകുപ്പിനോട് സമിതി ആരാഞ്ഞു.

ഭക്ഷണത്തിനും പന്തൽ കെട്ടുന്നതിനുമായി തനതുഫണ്ടിൽ നിന്നും തുക മുൻകൂർ പിൻവലിച്ച് ചെലവാക്കിയിരുന്നു. ഇതിന് പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരമുണ്ട്. എന്നാൽ ഇതേ ആവശ്യത്തിന് പദ്ധതി വിഹിതത്തിൽ നിന്നും 6,000 രൂപ പിൻവലിച്ചത് ഓഡിറ്റിൽ നിരാകരിച്ചിരുന്നു. ടി തുകയ്ക്കാണ് സർച്ചാർജ്ജ് നോട്ടീസ് നൽകിയത്. ടി തുക ഈടാക്കിയിട്ടുണ്ടെന്ന് ഓഡിറ്റ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ വിശദീകരണം നൽകി.

തനതു ഫണ്ടിൽ നിന്നുള്ള ചെലവിന് പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരം ലഭിക്കുകയുണ്ടായെന്നും എന്നാൽ പ്ലാൻ ഫണ്ടിൽ നിന്നും തുക പിൻവലിച്ചതിനാണ് ഓഡിറ്റ് തടസ്സം ഉന്നയിച്ചതെന്നും പിൻവലിച്ച 6,000 രൂപ ഈടാക്കിയ സ്ഥിതിക്ക് ഈ തടസ്സം പിൻവലിക്കാവുന്നതാണെന്നും സമിതി വിലയിരുത്തി.

**നിഗമനങ്ങൾ/ശുപാർശകൾ**

**6. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് ശ്രീ. റ്റി. എം. സൈനുദ്ദീൻ റാവുത്തറിന്റെ പേരിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഇഷ്യൂ ചെയ്തിരുന്ന സർച്ചാർജ്ജ് സർട്ടിഫിക്കറ്റ് അനുസരിച്ചുള്ള തുക (6,000 രൂപ) ഈടാക്കിയതിനാൽ പ്രസ്തുത തടസ്സം ഒഴിവാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു:**

**എന്നാൽ ടി ഓഡിറ്റ് ഖണ്ഡിക പ്രകാരം തന്നെ നിരാകരിച്ചിട്ടുള്ള 13,462 രൂപയുടെ ചെലവ് എപ്രകാരം ക്രമീകരിച്ചു എന്നതിന്റെ വിശദമായ പരിശോധനാ റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കുവാൻ ഓഡിറ്റ് വകുപ്പിനോട് സമിതി ശുപാർശ ചെയ്യുന്നു.**

**കേരളോത്സവത്തിന് ഇപ്പോൾ അനുവദിച്ചു വരുന്ന തുക തീരെ അപര്യാപ്ത മാണെന്ന് സമിതി നിരീക്ഷിച്ചു. കേരളോത്സവം കായികക്ഷമതാ വികസനം, സർഗ്ഗപ്രതിഭാ വികസനം എന്നിവയ്ക്ക് സഹായകരമായതു കൊണ്ടുതന്നെ കേരളോത്സവത്തെ ഒരു ഡെവലപ്മെന്റൽ ആക്ടിവിറ്റിയായി കണക്കാക്കി പഞ്ചായത്തുകളുടെ പ്ലാൻ ഫണ്ടിൽ നിന്നുകൂടി പണം അനുവദിക്കുന്നകാര്യം പരിഗണിക്കണമെന്ന് സർക്കാരിനോടു സമിതി ശുപാർശ ചെയ്യുന്നു.**

## തെന്മല ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**തെന്മല മാർക്കറ്റ് റോഡ് ഉദ്ധാരണം**

തെന്മല മാർക്കറ്റ് റോഡിന്റെ ഉദ്ധാരണത്തിനായി ആകെ 1,10,000 രൂപ അടങ്കൽ തുകയ്ക്കുള്ള മരാമത്ത് പണി 1998-99-ലെ പദ്ധതിയിൽ അംഗീകരിക്കുകയുണ്ടായി. പണിക്കുവേണ്ടി കൺവീനർ ആകെ 96,371 രൂപ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ വിശദമായ പരിശോധനയിൽ ബന്ധപ്പെട്ട മരാമത്ത് പണിയുടെ മൂല്യനിർണ്ണയം 90,106 രൂപയ്ക്കേയുള്ളൂ. സന്നദ്ധസേവനത്തിന് വകകൊള്ളിച്ചിട്ടുള്ള 8,668 രൂപ കിഴിച്ച് കൺവീനർക്കു നൽകാവുന്ന തുക 81,438 രൂപയാണ്. അധികം നൽകിയ തുകയായ 14,933 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഗുണഭോക്തൃ സമിതി മുഖേനയുള്ള മരാമത്ത് പണികളുടെ മൊത്തം ചെലവിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. എന്നാൽ യാതൊരു രേഖയും ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ പി.ഡബ്ല്യൂ.ഡി. നിരക്കു പ്രകാരമുള്ള മൂല്യനിർണ്ണയം മാത്രമേ ചെലവായി കണക്കാക്കുവാൻ വ്യവസ്ഥയുള്ളൂ. ആയതിനാൽ ആകെ നൽകിയ 96,371 രൂപയിൽ നിരാകരിച്ച 14,933 രൂപ കിഴിച്ച് ബാക്കി തുകയായ 81,438 രൂപയുടെ ചെലവ് ആഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം: 2002-2003 ഓഡിറ്റ് ഖണ്ഡിക നമ്പർ VII.I.2.5.1)

7. ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 13-6-2008-ലെ 73186/എ.ബി.1/07/തസ്വഭവ. നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർക്കുന്നു:

ടി പ്രവൃത്തി സംബന്ധമായി അധികം നൽകിയ തുക പഞ്ചായത്തിൽ അടയ്ക്കുന്നതിനായി 16-1-2000, 24-1-2001 തീയതികളിൽ രേഖാമൂലം അറിയിപ്പ് നൽകിയിരുന്നു. എന്നാൽ ടിയാൾ തുക അടയ്ക്കാത്തതുമൂലം 13-01-ലെ 1(2) നമ്പർ കമ്മിറ്റി തീരുമാന പ്രകാരം റവന്യൂ റിക്കവറി നടപടികൾക്കായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന ബഹു. കൊല്ലം ജില്ലാ കളക്ടറോട് ശുപാർശ ചെയ്തിരുന്നു. നാളിതുവരെയും തുക ഈടാക്കിക്കിട്ടാത്തതിനാൽ 25-9-2007-ലെ 1(1) നമ്പർ തീരുമാനപ്രകാരം നിശ്ചിതതുകയും 18 ശതമാനം പലിശയും ഈടാക്കിത്തരുന്നതിന് 26-9-2007-ൽ വീണ്ടും റവന്യൂ റിക്കവറി നടപടിക്കായി ബഹു. കൊല്ലം ജില്ലാ കളക്ടർക്ക് സമർപ്പിച്ചിരുന്നു. 14,933 രൂപ മുതലും 19,712 രൂപ പലിശയും ചേർത്ത് ആകെ 34,645 രൂപയ്ക്ക് തവണ അനുവദിക്കുകയുണ്ടായി. ആയതിൻപ്രകാരം 3 തവണകളിലായി 4,158 രൂപ ഈടാക്കിയത് ഈ ആഫീസിൽ ഒടുക്കുവരുത്തിയിട്ടുണ്ടെന്ന വിവരം ബോധിപ്പിക്കുന്നു. തടസ്സപ്പെടുത്തിയ തുകയായ 81,438 രൂപ സംബന്ധിച്ച് ആദ്യ മറുപടി ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിച്ചിട്ടുള്ളതാണ്.

8. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് 2008 ജൂൺ മാസം 18-ാം തീയതിയിലെ സമിതി തെളിവെടുപ്പ് യോഗത്തിന്റെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു:

തെന്മല മാർക്കറ്റ് റോഡ് നവീകരണത്തിനായി നൽകിയ 96,371 രൂപയിൽ 14,933 രൂപ നിരാകരിക്കുകയും 81,438 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുകയും ചെയ്യാനുണ്ടായ കാരണമെന്താണെന്നും ആ തുക തിരിച്ചു പിടിക്കുന്നതിനുള്ള

റിക്കവറി നടപടികൾ പൂർത്തിയായിട്ടുണ്ടോയെന്നും ഇതു സംബന്ധിച്ച വിശദീകരണം കൊടുത്തിട്ടുണ്ടോയെന്നും സമിതി ആരാഞ്ഞതിന് നിരാകരിച്ച തുക ആർ.ആർ. നടപടി വഴി തിരിച്ചുപിടിക്കുന്നതിനായി ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചുവെന്നും ആയതിന് കൺവീനറിൽ നിന്ന് 1,386 രൂപ വീതമുള്ള തുല്യ തവണകളായി തുക തിരിച്ചുപിടിക്കുന്നതിന് ജില്ലാ കളക്ടർ അനുവദിച്ചതിന്റെയടിസ്ഥാനത്തിൽ ഈ ഇനത്തിൽ ഇതുവരെ 4,158 രൂപ ലഭിച്ചിട്ടുണ്ടെന്നും പലിശയിനത്തിൽ 19,712 രൂപ ഈടാക്കാനുണ്ടെന്നും തെന്മല ഗ്രാമപഞ്ചായത്ത് സീനിയർ സൂപ്രണ്ട് സമിതിയെ അറിയിച്ചു.

പലിശയിനത്തിൽ എന്തെങ്കിലും തർക്കമുണ്ടെങ്കിൽ അത് ഇളവ് ചെയ്തു കിട്ടുന്നതിനു വേണ്ടിയുള്ള നടപടി സ്വീകരിക്കാവുന്നതാണെന്നും 81,438 രൂപയുടെ ചെലവ് സംബന്ധിച്ച് ആധികാരിക രേഖകൾ-ഫയൽ, രസീത്, എം. ബുക്ക് തുടങ്ങിയവ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ കൊല്ലം ഡെപ്യൂട്ടി ഡയറക്ടറെ കാണിച്ച് ബോദ്ധ്യപ്പെടുത്തി രണ്ടാഴ്ചയ്ക്കകം കമ്മിറ്റിക്ക് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി ആവശ്യപ്പെട്ടു.

9. സമിതി നിർദ്ദേശമനുസരിച്ച് ഓഡിറ്റ് വകുപ്പ് ഡയറക്ടർ 20-11-2008-ലെ എൽ.എഫ്. 9351/സ്പെ.സെൽ ജി2/08 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർക്കുന്നു:

വർക്ക് ഫയൽ ഹാജരാക്കിയിട്ടുണ്ട്. നിരാകരിച്ച 14,933 രൂപ മുതലും 19,712 രൂപ പലിശയും സഹിതം ആകെ 34,645 രൂപ റവന്യൂ റിക്കവറി നടപടികൾമൂലം ഈടാക്കിക്കൊണ്ടിരിക്കുന്നു. 9/08 വരെ 7 തവണകളിലായി 1,386 രൂപ ക്രമത്തിൽ ആകെ 9,702 രൂപ ഈടാക്കിയിട്ടുള്ളതിന്റെ രസീതുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നു.

**നിഗമനങ്ങൾ/ശുപാർശകൾ**

**10. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് ആർ.ആർ. നടപടിയിലൂടെ ഈടാക്കേണ്ട ബാക്കി തുക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദമായ റിപ്പോർട്ടും, അല്ലാത്തപക്ഷം ടി തുക അടിയന്തിരമായി ഈടാക്കി പ്രസ്തുത വിവരം സമിതിയെ അറിയിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

## നീണ്ടകര ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ജനറൽ B വിഭാഗം ഫണ്ട് മത്സ്യ വകുപ്പ് പി.ഡി. അക്കൗണ്ടിൽ നിക്ഷേപിച്ച തുക വനിതാവികസന കോർപ്പറേഷനു കൈമാറിയതു സംബന്ധിച്ച്**

മത്സ്യ വകുപ്പിൽനിന്നും വനിതാ മത്സ്യത്തൊഴിലാളികൾക്ക് ഇതര തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സംസ്ഥാനാവിഷ്കൃത പദ്ധതിയുടെ ഭാഗമായി നീണ്ടകര ഗ്രാമപഞ്ചായത്തിന് അനുവദിച്ച 3,00,000 രൂപ കൊല്ലം ജില്ലാ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ ഉത്തരവ് പ്രകാരം ജനറൽ P.D. അക്കൗണ്ടിൽ നിക്ഷേപിക്കുകയുണ്ടായി. മത്സ്യ വകുപ്പിന്റെയും വനിതാവികസന കോർപ്പറേഷന്റെയും സഹകരണത്തോടെ ഗ്രാമപഞ്ചായത്തിന്റെ ഉത്തരവാദിത്വത്തിൽ പദ്ധതി നടപ്പിലാക്കേണ്ടതാണെന്ന് നിർദ്ദേശിക്കുകയും അതിനായി പദ്ധതിത്തുക പിൻവലിച്ച് ചെലവഴിക്കുന്നതിന്

സെക്രട്ടറിയെ അധികാരപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇതിനു വിരുദ്ധമായി P.D. അക്കൗണ്ടിൽ നിക്ഷേപിച്ച തുക മുഴുവനായും ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ നിർദ്ദേശാനുസരണം പിൻവലിച്ച് സംസ്ഥാന വനിതാകോർപ്പറേഷന് നൽകുകയുണ്ടായി. ഈ നടപടി മത്സ്യ വകുപ്പിൽനിന്നും പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് കൈമാറിയ പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച് മത്സ്യബന്ധന തുറമുഖ വകുപ്പിൽനിന്നുള്ള 22-11-1997-ലെ G.O. (Ms.)47/97 ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. കാലവർഷത്തും ക്ഷാമകാലങ്ങളിലും ദുരിതമനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ഇതര തൊഴിൽ മേഖലകളിൽ പരിശീലനം നൽകി പുതിയ വരുമാനമാർഗ്ഗം കണ്ടെത്തുന്നതിന് പ്രാപ്തരാക്കുന്നതിനു ലക്ഷ്യമിടുന്ന ഇത്തരം പദ്ധതി യാതൊരുവിധ ഉപാധികളോ നിബന്ധനകളോ ഇല്ലാതെ തുക വനിതാകോർപ്പറേഷനു കൈമാറുക യാണുണ്ടായത്. മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനപ്പെടത്തക്ക വിധത്തിൽ പദ്ധതി തുക വിനിയോഗിച്ചിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തേണ്ടതും ഇല്ലാത്തപക്ഷം തുക തിരികെ ഈടാക്കേണ്ടതുമാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം: 2002-03 ഓഡിറ്റ് ഖണ്ഡിക നമ്പർ VII.I.2.6(i)]

11. ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 13-6-2008-ലെ 73186/എ.ബി.1/07/തസ്വഭവ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർക്കുന്നു:

മത്സ്യത്തൊഴിലാളികൾക്ക് ഇതര തൊഴിൽ മേഖലകളിൽ പരിശീലനം നൽകി പുതിയ വരുമാനമാർഗ്ഗം കണ്ടെത്തുന്നതിന് പ്രാപ്തരാക്കാൻ ലക്ഷ്യമിടുന്ന പദ്ധതി മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽത്തന്നെ പദ്ധതി തുക വിനിയോഗിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട് എന്ന് ബോധിപ്പിക്കുന്നു.

12. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് സമിതിയുടെ 18-6-2008-ലെ തെളിവെടുപ്പ് യോഗത്തിന്റെ ചുരുക്കം ചുവടെ ചേർത്തിരിക്കുന്നു:

മത്സ്യവകുപ്പ് പി.ഡി. അക്കൗണ്ടിൽ നിക്ഷേപിച്ച തുക വനിതാ വികസന കോർപ്പറേഷന് കൈമാറിയതു സംബന്ധിച്ച് സമിതി വിശദീകരണമാരാഞ്ഞതിന് കോർപ്പറേഷനിൽ നിന്നുള്ള വിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ടെന്നും മറ്റു യാതൊരു രേഖയുമില്ലെന്നും നീണ്ടകര ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

വനിതാ മത്സ്യത്തൊഴിലാളികൾക്ക് ഇതര തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് അനുവദിച്ച 3,00,000 രൂപ നിർദ്ദിഷ്ട ആവശ്യത്തിനു തന്നെയാണോ നിർവ്വഹണ ഏജൻസിയായ വനിതാ വികസന കോർപ്പറേഷൻ വിനിയോഗിച്ചതെന്ന് പഞ്ചായത്തിന് ബോദ്ധ്യമുണ്ടോയെന്നും ഏതു തരത്തിലുള്ള യൂണിറ്റുകളാണ് ഈ പദ്ധതിയിൽ ആരംഭിച്ചതെന്നും അവ ഇപ്പോൾ നിലവിലുണ്ടോയെന്നും ഇതു സംബന്ധിച്ച രേഖയുണ്ടോയെന്നും സമിതി ആരാഞ്ഞു. കൂടാതെ ഇതു സംബന്ധിച്ച പ്രോജക്ട് കൊടുത്തതായി കാണിക്കുന്നതിന് എന്തെങ്കിലും രേഖ പഞ്ചായത്തിലുണ്ടോയെന്ന് ആരായുകയും പ്രസ്തുത വിഷയം സംബന്ധിച്ച് ഫയൽ നിയമസഭാ കമ്മിറ്റിക്ക് മുമ്പാകെ ഒരാഴ്ചയ്ക്കകം ഹാജരാക്കണമെന്ന് സമിതി ആവശ്യപ്പെടുകയും ചെയ്തു.

പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത് മത്സ്യഫെഡാണെന്നും പ്രോജക്ടിന് മോണിറ്ററിംഗ് സമിതിയുണ്ടെന്നും തുക മത്സ്യഫെഡിനെ ഏൽപ്പിക്കാനാണ് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതെന്നും നീണ്ടകര ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. ധനവിനിയോഗ സർട്ടിഫിക്കറ്റ് സ്റ്റേറ്റ് വിമൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ആണ് നൽകിയിട്ടുള്ളതെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

ഓഡിറ്റ് ഒബ്ജക്ഷൻ ഉണ്ടായി ഏഴ് വർഷം കഴിഞ്ഞിട്ടും ബന്ധപ്പെട്ട ഫയൽ കണ്ടുപിടിക്കുന്നതിനും ഓഡിറ്റിന് മറുപടി നൽകുന്നതിനും പഞ്ചായത്ത് അധികൃതർ ശ്രമിച്ചിട്ടില്ലെന്നും ഇപ്പോൾ സമിതി തെളിവെടുപ്പിന് വിളിച്ചപ്പോൾ തലേദിവസം പോയി വാങ്ങിയ വിനിയോഗ സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ടവർ യോഗത്തിന് എത്തിയിരിക്കുകയാണെന്നും ഇതിന്റെ ആധികാരികത പരിശോധിക്കേണ്ടതുണ്ടെന്നും സമിതി അഭിപ്രായപ്പെട്ടു.

മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള പണം മത്സ്യഫെഡിനെ ഏൽപ്പിക്കേണ്ടതായിരുന്നെന്നും ഇത് ചെയ്യേണ്ടത് മത്സ്യബന്ധന വകുപ്പു ഡെപ്യൂട്ടി ഡയറക്ടറോ അല്ലെങ്കിൽ മത്സ്യഫെഡോ അല്ലെങ്കിൽ കോ-ഓപ്പറേറ്റീവ് സെക്ടറോ ആയിരുന്നുവെന്നും വനിതാ വികസന കോർപ്പറേഷന് ഇതുമായി ഒരു ബന്ധവും ഇല്ലെന്നും സമിതി അഭിപ്രായപ്പെട്ടു. പ്രസ്തുത പദ്ധതി, പഞ്ചായത്ത് ചെയ്യണമെന്നാണ് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളതെന്നും തുക ചെലവഴിച്ചതു സംബന്ധിച്ച മുഴുവൻ വിവരവും പഞ്ചായത്ത് അറിയേണ്ടതായിരുന്നുവെന്നും വ്യക്തമാക്കുകയും ഇതു സംബന്ധിച്ച ഫയൽ, തുക വിനിയോഗിച്ചതു സംബന്ധിച്ച വിശദാംശങ്ങൾ, വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ ഒരാഴ്ചയ്ക്കകം സമിതിയിൽ ഹാജരാക്കണമെന്നും അതു പരിശോധിച്ച ശേഷം ആധികാരിക രേഖകൾ ഒന്നും ഇല്ലെങ്കിൽ വനിതാ വികസന കോർപ്പറേഷന്റെ എം.ഡി.-യോടും അന്നത്തെ സെക്രട്ടറിയോടും സമിതി മുൻപാകെ ഹാജരാകാൻ ആവശ്യപ്പെടണമെന്നും സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

13. **ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട ഫയൽ, തുക വിനിയോഗിച്ചതു സംബന്ധിച്ച വിശദാംശങ്ങൾ, വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ അടിയന്തിരമായി സമിതിയിൽ ഹാജരാക്കുവാൻ 18-6-2008-ൽ ചേർന്ന തെളിവെടുപ്പ് യോഗത്തിൽ സമിതി നിർദ്ദേശിക്കുകയും അതനുസരിച്ച് ബന്ധപ്പെട്ട ഫയലുകൾ നിയമസഭാ സെക്രട്ടേറിയറ്റിനു അയച്ചുതരണമെന്ന് 22-9-2008-ലെ കത്തുപ്രകാരം ആവശ്യപ്പെടുകയും ചെയ്തിരുന്നു. എന്നാൽ നാളിതുവരെ ബന്ധപ്പെട്ട ഫയൽ സമിതിയുടെ പരിശോധനയ്ക്ക് ഹാജരാക്കുകയോ ഇത് സംബന്ധിച്ച് യാതൊരു അധികവിവരവും നൽകുകയോ ചെയ്യാതിരുന്നത് സമിതിയോടുള്ള അനാദരവായി സമിതി വിലയിരുത്തുന്നു. ഫയലുകളും അനുബന്ധരേഖകളും സമിതിക്കു ഹാജരാക്കുന്നതിൽ വീഴ്ച വരുത്തിയത് മനഃപൂർവ്വമാണെന്ന് സമിതി വിലയിരുത്തുന്നു. കാലവർഷത്തിലും ക്ഷാമകാലത്തും ദുരിതമനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ഇതര തൊഴിൽ മേഖലകളിൽ പരിശീലനം നൽകി പുതിയ വരുമാനമാർഗ്ഗം കണ്ടെത്തുന്നതിന് പ്രാപ്തരാക്കുന്നതിനുവേണ്ടി പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ പദ്ധതികൾ രൂപീകരിച്ചു നടപ്പാക്കുന്നതിനു നൽകിയ തുക യാതൊരു നിബന്ധനകളോ ഉപാധികളോ ഇല്ലാതെ വനിതാ വികസന കോർപ്പറേഷനു കൈമാറുകയും ഓഡിറ്റ്**

**തടസ്സമുണ്ടായിട്ടും അതു പരിഹരിക്കാതെ സമിതി യോഗം നടക്കുന്നതുവരെ വിനിയോഗ സർട്ടിഫിക്കറ്റ് വാങ്ങാതെയും പദ്ധതി പണ വിനിയോഗത്തിൽ നീണ്ടകര ഗ്രാമപഞ്ചായത്ത് തികഞ്ഞ അലംഭാവമാണ് കാണിച്ചിരിക്കുന്നതെന്ന് സമിതി ചൂണ്ടിക്കാട്ടുന്നു. സമിതിയോഗത്തിന്റെ തലേദിവസം മാത്രമാണ് വിനിയോഗ സർട്ടിഫിക്കറ്റ് വാങ്ങിയതെന്ന വസ്തുത കണക്കിലെടുത്താൽ സർട്ടിഫിക്കറ്റിന്റെ വിശ്വാസ്യത തന്നെ സംശയിക്കപ്പെടേണ്ടിയിരിക്കുന്നു. ആയതിനാൽ മത്സ്യത്തൊഴിലാളികൾക്ക് ഇതര മേഖലകളിൽ തൊഴിൽ പരിശീലനം നൽകുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ P.D. അക്കൗണ്ടിൽ മത്സ്യവകുപ്പു നിക്ഷേപിച്ച മൂന്നു ലക്ഷം രൂപയുടെ വിനിയോഗം സംബന്ധിച്ച് സമഗ്രമായ ഒരു അന്വേഷണം നടത്തി ആയതിന്റെ റിപ്പോർട്ട് സമിതിക്ക് നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

**പദ്ധതി സംബന്ധിച്ച ഫയലും അനുബന്ധ രേഖകളും സമിതിക്ക് ഹാജരാക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിച്ച് സമിതിക്ക് ആയതിന്റെ റിപ്പോർട്ട് നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഗ്രാമീണ റോഡു വികസനം കളക്ടർ അനുവദിച്ച തുകയുടെ വിനിയോഗം സംബന്ധിച്ച്**

പൊൻമാറമുക്ക് കായൽവാരം റോഡിന്റെ മെയിന്റനൻസിനുവേണ്ടി ബി വിഭാഗം ഫണ്ടിൽ നിന്നും ജില്ലാകളക്ടറുടെ ഉത്തരവുപ്രകാരം 1,25,000 രൂപ അനുവദിക്കുകയുണ്ടായി. സാങ്കേതികാനുമതി ലഭിച്ച പ്രസ്തുത പണി ഗുണഭോക്തൃസമിതി മുഖേന നടത്തുന്നതിന് തീരുമാനിക്കുകയും കൺവീനർക്ക് 31,250 രൂപ മൊബിലൈസേഷൻ അഡ്വാൻസായി നൽകുകയുണ്ടായി. 31-3-2001-നുള്ളിൽ പൂർത്തിയാക്കേണ്ടിയിരുന്ന പണി ഓഡിറ്റ് തീയതിവരെയും പൂർത്തീകരിച്ചിട്ടില്ല. കരാർ കാലാവധി കഴിഞ്ഞ സാഹചര്യത്തിൽ തുക പലിശ സഹിതം ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം : 2002-03 ഓഡിറ്റ് ഖണ്ഡിക നമ്പർ VII.I.2.6(ii)]

14. ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 13-6-2008-ലെ 73186/എ.ബി.1/07/തസ്വഭവ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർക്കുന്നു:

കരാറുകാരനായ കൺവീനർ ടി പണി പൂർത്തിയാക്കുകയും ചവറ ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എൻജിനീയർ 8-1-2002-ൽ കംപ്ലീഷൻ സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തിട്ടുണ്ട്. എസ്റ്റിമേറ്റ് തുകയ്ക്കുള്ള ബിൽ സമർപ്പിച്ചതിൽ 31,250 രൂപയ്ക്കുള്ള മൊബിലൈസേഷൻ അഡ്വാൻസ് തുക ബില്ലിൽ കുറവ് വരുത്തി ബാക്കി തുക മാറി കൊടുത്തിട്ടുണ്ട്.

ജനകീയാസൂത്രണ പദ്ധതിപ്രകാരം ഗുണഭോക്തൃ സമിതിയായിരുന്നു ടി പണിക്കുള്ള എഗ്രിമെന്റ് വച്ചിരുന്നത്. അഡ്വാൻസ് മേടിച്ച് മെറ്റൽ ഇറക്കി വച്ചിരുന്നെങ്കിലും സ്ഥലപരമായ ചില തർക്കങ്ങളാലും പ്രതികൂല കാലാവസ്ഥമൂലവും പ്രവൃത്തി ആരംഭിക്കാൻ താമസിക്കുകയും ബന്ധപ്പെട്ട എൻജിനീയറിംഗ് വിഭാഗം ബിൽ സമർപ്പിക്കാൻ താമസിച്ചതിനാലും ആണ് ഓഡിറ്റ് തീയതിക്ക് രേഖകൾ ഹാജരാക്കാൻ സാധിക്കാതെ വന്നത്.

15. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് നടന്ന സമിതിയുടെ 18-6-2008-ലെ തെളിവെടുപ്പ് യോഗത്തിന്റെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു:

പൊന്നാരമുക്ക് കായൽവാരം റോഡിന്റെ മെയിന്റനൻസിനുവേണ്ടി ജില്ലാ കളക്ടറുടെ ഉത്തരവു പ്രകാരം അനുവദിച്ച 1,25,000 രൂപയിൽ, പണി നടത്തുന്നതിന് കൺവീനർക്ക് മൊബിലൈസേഷൻ അഡ്വാൻസായി 31,250 രൂപ നൽകിയെങ്കിലും 31-3-2001 വരെ പണി പൂർത്തീകരിക്കുകയുണ്ടായിട്ടില്ല എന്ന ഓഡിറ്റ് പരാമർശം ചൂണ്ടിക്കാണിച്ചു കൊണ്ട് ഇപ്പോൾ ഈ പണി പൂർത്തീകരിച്ചിട്ടുണ്ടോ എന്നും എങ്കിൽ എന്നാണ് പൂർത്തീകരിച്ചത് എന്നും സമിതി ആരാഞ്ഞു. 8-2-2002-ൽ പണി പൂർത്തീകരിച്ചതു സംബന്ധിച്ച സർട്ടിഫിക്കറ്റ് ബ്ലോക്ക് പഞ്ചായത്ത് എഞ്ചിനീയറിൽ നിന്നും ലഭിച്ചിട്ടുണ്ടെന്ന് നീണ്ടകര ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

16. **പൊന്നാരമുക്ക് കായൽവാരം റോഡിന്റെ മെയിന്റനൻസുമായി ബന്ധപ്പെട്ട് പണി പൂർത്തീകരിച്ചത് സംബന്ധിച്ച് 'കംപ്ലീഷൻ സർട്ടിഫിക്കറ്റ്' ബ്ലോക്ക് അസിസ്റ്റന്റ് എൻജിനീയറിൽ നിന്നും ലഭ്യമായതായും ആയത് ഓഡിറ്റ് വകുപ്പിനെ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ടെന്നും സെക്രട്ടറി വിശദീകരിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

## ആലപ്പാട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**സമ്പൂർണ്ണ ശുചിത്വം**

ആലപ്പാട് ഗ്രാമപഞ്ചായത്തിൽ സമ്പൂർണ്ണ ശുചിത്വ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി മൂന്ന് വർഷംകൊണ്ട് 3,554 സാനിട്ടറി കക്കൂസുകൾ നിർമ്മിക്കുന്നതിലേക്കായി 234.07 ലക്ഷം രൂപ മൊത്തം അടങ്കൽ വരുന്ന പദ്ധതി തയ്യാറാക്കുകയുണ്ടായി. 1998-1999, 1999-2000 വർഷങ്ങളിലായി ആകെ 29,82,980 രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും എത്ര കക്കൂസുകൾ പൂർണ്ണമായി പണി തീർത്ത് ഉപയോഗയോഗ്യമാക്കിയിട്ടുണ്ടെന്നുള്ള വിവരം രേഖപ്പെടുത്തിയിട്ടില്ല. കക്കൂസുകൾ നിർമ്മിക്കാൻ വേണ്ടി വാങ്ങിയ മണൽ, മെറ്റൽ, സിമന്റ് ഇവയുടെ വിതരണം, ഉപയോഗം, ബാക്കി എന്നിവ സംബന്ധിക്കുന്ന കൃത്യമായ രേഖകൾ എഴുതിയിട്ടില്ല. സാധനങ്ങൾ വാങ്ങിയപ്പോൾ ക്വട്ടേഷൻ വിളിച്ച് നിരക്കും നിശ്ചയിച്ച് കരാർ എഴുതിയതിനുശേഷം നിരക്കിൽ മാറ്റം വരുത്തിയിട്ടുള്ള തായിക്കാണുന്നു. പദ്ധതി നടപ്പിലാക്കുന്നതിനോടൊപ്പം തന്നെ 51 വ്യക്തികൾക്ക് കക്കൂസ് നിർമ്മിക്കുന്നതിന് വ്യക്തിഗത സഹായം നൽകിയതായും കാണുന്നു. പ്രോജക്ടിൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കും നിർദ്ദേശങ്ങൾക്കും വിരുദ്ധമായാണ് പദ്ധതി നടപ്പാക്കിയിരിക്കുന്നത്. അതിനാൽ ടി പദ്ധതിയുടെ നടത്തിപ്പിനെപ്പറ്റി വിശദമായ അന്വേഷണത്തിനും മേൽനടപടികൾക്കുമായി മേലധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം : 2002-03 ഓഡിറ്റ് ഖണ്ഡിക നമ്പർ VII.I.2.7.1)

17. ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും 13-6-2008-ലെ 73186/എ.ബി.1/07/തസ്വഭവ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർക്കുന്നു:

ആലപ്പാട് ഗ്രാമപഞ്ചായത്തിനെ സമ്പൂർണ്ണ ശുചിത്വ ഗ്രാമപഞ്ചായത്താക്കി മാറ്റുന്നതിന് ലക്ഷ്യമിട്ടുകൊണ്ടാണ് 1997-98 മുതൽ സമ്പൂർണ്ണ ശുചിത്വ പദ്ധതി ആവിഷ്കരിച്ചത്. 1999-2000 ആകുമ്പോഴേക്കും 3554 കക്കൂസുകളുടെ പൂർത്തീകരണ മായിരുന്നു പദ്ധതി ലക്ഷ്യം.

1998-99-ൽ 6,50,183 രൂപയും 1999-2000-ത്തിൽ 23,32,797 രൂപയും ഉൾപ്പെടെ ആകെ 29,82,980 രൂപ ഗ്രാമപഞ്ചായത്തിൽ നിന്നും ചെലവായിട്ടുള്ളതാണ്. എന്നാൽ എത്ര കക്കൂസുകൾ പൂർത്തീകരിച്ചെന്ന് വ്യക്തമല്ല. ക്വട്ടേഷൻ ക്ഷണിച്ച് നിരക്ക് നിശ്ചയിച്ച് കരാർ എഴുതിയ ശേഷം നിരക്കിൽ വ്യത്യാസം വരുത്തിയ സാഹചര്യം വിശദീകരിക്കുന്ന തായ രേഖകൾ ലഭ്യമാണ്. നിർമ്മാണ സാമഗ്രികളുടേയും ഡീസലിന്റേയും വിലയിലുണ്ടായ വർദ്ധനവ് പരാമർശിച്ച് കരാറിലേർപ്പെട്ട വിതരണക്കാരുടെ അപേക്ഷ യിന്മേലാണ് നിരക്ക് വർദ്ധിപ്പിച്ച് ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനമായിട്ടുള്ളത്. 51 ഗുണഭോക്താക്കൾക്ക് 2,000 രൂപ വീതം പണമായി നൽകിയിട്ടുള്ളത് ഫിഷറീസ് വകുപ്പിൽനിന്നും മത്സ്യത്തൊഴിലാളികൾക്കായി ലഭിച്ച പ്രത്യേക സഹായമെന്ന നിലയിൽ പ്രത്യേക പദ്ധതിയിലൂടെയാണ് ഈ വിഷയത്തിൽ കൂടുതൽ വിശദീകരണം നൽകുന്നതിനായി ടി കാലയളവിൽ സെക്രട്ടറിയായിരുന്ന ശ്രീ. ശിവരാജൻ, വരയന്നൂർ വീട്, എസ്.ആർ.വി. മാർക്കറ്റ് പി.ഒ., കരുനാഗപ്പള്ളി എന്ന ആളോട് ഓഡിറ്റ് പരാമർശം സംബന്ധിച്ച് വിവരങ്ങൾ പലതവണ ആവശ്യപ്പെട്ടെങ്കിലും അനുകൂലമായി പ്രതികരിച്ചില്ല. ഓഡിറ്റ് റിപ്പോർട്ടിലെ നഷ്ടം ടി സെക്രട്ടറിയിൽനിന്നും ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടില്ല. 2004 ഡിസംബർ 24-ാം തീയതിയിലുണ്ടായ സുനാമിയിൽ 2970 വീടുകൾ തകർന്നു പോയിട്ടുള്ളതാകയാൽ കക്കൂസുകളുടെ സ്ഥിതി ഭൗതിക പരിശോധന നടത്തി നിർണ്ണയിക്കാൻ കഴിയില്ലാ എന്ന സ്ഥിതികൂടി സമർപ്പിക്കുന്നു.

18. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് നടന്ന സമിതിയുടെ 18-6-2008-ലെ തെളിവെടുപ്പ് യോഗത്തിന്റെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു:

ആലപ്പാട് ഗ്രാമപഞ്ചായത്തിൽ സമ്പൂർണ്ണ ശുചിത്വ പദ്ധതി നടപ്പിലാക്കിയതിന്റെ ഭാഗമായി കക്കൂസ് നിർമ്മിച്ചുകൊടുത്തത് സംബന്ധിച്ച വിശദവിവരം സമിതി ആരാഞ്ഞതിന് പ്രസ്തുത പദ്ധതിക്ക് ആകെ 29,82,980 രൂപയാണ് ചെലവായതെന്നും ടോട്ടൽ സാനിട്ടേഷൻ പ്രോഗ്രാം അനുസരിച്ച് സോഷ്യോ എക്കണോമിക് യൂണിറ്റാണ് ഇതിന്റെ പ്ലാൻ തയ്യാറാക്കിയതെന്നും ഒരു കക്കൂസിന് 4,500 രൂപ വീതം കൊടുത്ത് 700 കക്കൂസുകൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും ഇവ പൂർത്തീകരിച്ചതു സംബന്ധിച്ച രേഖ ഗവൺമെന്റ് ഇറക്കിയിട്ടുള്ള പുസ്തകത്തിൽ ഉണ്ടെന്നും ആലപ്പാട് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. കെ. ശിവരാജൻ സമിതിയെ അറിയിച്ചു. കക്കൂസ് നിർമ്മിക്കുന്ന തിനുള്ള മെറ്റീരിയൽസ് പഞ്ചായത്ത് സപ്ലൈ ചെയ്യുകയും അയൽക്കൂട്ടത്തിന്റെ കൺവീനറും ചെയർമാനും യോജിച്ച് പണിചെയ്യിക്കുകയുമാണുണ്ടായതെന്നും അവസാനഘട്ടങ്ങൾ സോഷ്യോ എക്കണോമിക് യൂണിറ്റിന്റെ കോ-ഓർഡിനേറ്റർ കംപ്ലീഷൻ സർട്ടിഫിക്കറ്റ് നൽകുന്ന മുറയ്ക്ക് തുക നൽകുകയും ചെയ്യുമെന്ന് മുൻസെക്രട്ടറി അറിയിച്ചു.

ഡി.പി.സി. അംഗീകരിച്ച പ്രോജക്ട് ഉണ്ടെന്നും ഗുണഭോക്തൃ വിഹിതമായ 1,500 രൂപയുൾപ്പെടെ മത്സ്യഫെഡ്, ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, സംസ്ഥാനാവിഷ്കൃത വിഹിതം, സോഷ്യോ ഇക്കണോമിക്ക് യൂണിറ്റിന്റെ വിഹിതം എന്നിവ ഉൾപ്പെടെ യൂണിറ്റൊന്നിന് 4,500 രൂപയാണ് ഈ പദ്ധതിപ്രകാരം ഗുണഭോക്താവിന് നൽകിയതെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു. സ്റ്റോർ പർച്ചേസ് നിയമമനുസരിച്ച് പത്രപ്പരസ്യത്തിലൂടെ ടെൻഡർ ക്ഷണിച്ച് കുറഞ്ഞ നിരക്കു ക്വാട്ട് ചെയ്തവർക്കാണ് മെറ്റീരിയൽസ് നൽകുന്നതിനുള്ള ഓർഡർ നൽകിയതെന്നും സമിതിയുടെ ചോദ്യത്തിന് മറുപടിയായി മുൻ സെക്രട്ടറി അറിയിച്ചു. എന്തുകൊണ്ടാണ് അംഗീകൃത നിരക്കിലും കൂടുതൽ തുക സപ്ലൈയർക്ക് നൽകിയത് എന്ന സമിതിയുടെ ചോദ്യത്തിന് പണിക്കാവശ്യമായ ബ്രിക്സ് തീരപ്രദേശത്തുകൂടി കൊണ്ടുവരേണ്ടതിനാൽ കൺവേയൻസ് ചാർജ് കൂടുതലാണെന്ന് ചൂണ്ടിക്കാട്ടി നിരക്ക് കൂടുതൽ വേണമെന്ന് സപ്ലൈയർ ആവശ്യപ്പെടുകയും ബ്രിക്സ് നൽകുന്നത് നിർത്തിവെക്കുകയും ചെയ്തു. ഈ സാഹചര്യത്തിൽ മറ്റു മാർഗ്ഗമൊന്നും ഇല്ലാതെ വന്നപ്പോൾ ടോട്ടൽ സാനിട്ടേഷൻ കമ്മിറ്റിയും പഞ്ചായത്ത് കമ്മിറ്റിയും ചേർന്ന് ബ്രിക്കിന്റെ വില 7.10 രൂപ എന്നത് 8 രൂപയാക്കി പുതുക്കി നൽകി അവരെക്കൊണ്ടുതന്നെ പണികൾ ചെയ്യിക്കുന്നതിന് തീരുമാനിക്കുകയാണുണ്ടായതെന്ന് മുൻ സെക്രട്ടറി വ്യക്തമാക്കി.

ഈ പദ്ധതിയിലെ 51 ഗുണഭോക്താക്കൾക്ക് കക്കൂസ് നിർമ്മിക്കുന്നതിന് വ്യക്തിഗത സഹായം നൽകാനുള്ള കാരണമെന്താണെന്ന് സമിതി ആരാഞ്ഞതിന് ഫിഷറീസ് ഡിപ്പാർട്ട്മെന്റിന്റെ സ്കീമായിരുന്നുവെന്നും 51 പേർക്ക് ഫിഷറീസ് വകുപ്പ് നേരിട്ടാണ് പണം കൊടുത്തിരിക്കുന്നതെന്നും ആലപ്പാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

51 വ്യക്തികൾക്ക് പഞ്ചായത്ത് സ്കീമിൽ കക്കൂസ് നിർമ്മിച്ചു നൽകിയതിനു പുറമേ 2,000 രൂപ വീതം വ്യക്തിഗത സഹായമായി വീണ്ടും നൽകിയത് മനസ്സിലാകുന്നില്ലെന്നും പ്രോജക്ടിൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കും നിർദ്ദേശങ്ങൾക്കും വിരുദ്ധമായാണ് പണി ചെയ്തിരിക്കുന്നതെന്നും ഇതു സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തണമെന്നും സമിതി അഭിപ്രായപ്പെട്ടു. ഇതു സംബന്ധിച്ച ഫയലും മറ്റു രേഖകളും രണ്ടാഴ്ചയ്ക്കകം ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ മുമ്പാകെ ഹാജരാക്കണമെന്ന് പഞ്ചായത്തിനോടും അവ പരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറോടും സമിതി ആവശ്യപ്പെട്ടു.

19. സമിതി നിർദ്ദേശപ്രകാരം ഓഡിറ്റ് വകുപ്പിൽ നിന്നും 20-11-2008-ലെ എൽ.എഫ്. 9351/സ്പെ.സെൽ ജി2/08 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർത്തിരിക്കുന്നു:

11-8-2008-ൽ പ്രാദേശിക പരിശോധന നടത്തിയതിൽ 8/2000 വരെ ആകെ 792 കക്കൂസുകളുടെ പണി പൂർത്തീകരിച്ചിട്ടുളളതായി ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. സോഷ്യോ ഇക്കണോമിക്ക് വിഭാഗം കക്കൂസുകൾ പൂർത്തീകരിച്ചതായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 258 കക്കൂസുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കക്കൂസ് നിർമ്മാണവുമായി ബന്ധപ്പെട്ടു വാങ്ങിയ സാധനങ്ങളുടെ സ്റ്റോക്ക് വിവരങ്ങൾ സ്റ്റോക്ക്

രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മണൽ, സിമന്റ്, മെറ്റൽ എന്നിവയുടെ സ്റ്റോക്ക് വിവരം യഥാക്രമം പേജ് നമ്പർ 25 മുതൽ 30 വരെയും 11 മുതൽ 13 വരെയും 35 മുതൽ 41 വരെയുള്ള പേജുകളിൽ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്ത് പൂർത്തീകരിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആകെ ചെലവഴിച്ച 29,82,980 രൂപയിൽ 22,39,455 രൂപ 1999-2000 വരെ ചെലവഴിച്ചിട്ടുള്ളതാണ് (534 കക്കൂസുകൾക്ക്). ബാക്കി തുക 8/2000 വരെ 258 കക്കൂസുകളുടെ നിർമ്മാണത്തിനുവേണ്ടി ചെലവഴിച്ചിട്ടുളളതാണ് കക്കൂസുകളുടെ നിർമ്മാണത്തോടൊപ്പം അനുബന്ധ ശുചിത്വ പ്രവർത്തനങ്ങളായ ഓട നിർമ്മാണം, ഓട വൃത്തിയാക്കൽ, പൊതുസ്ഥാപനങ്ങൾക്ക് കക്കൂസുകൾ, പ്രചരണ പ്രവർത്തനങ്ങൾ എന്നിവകൾക്കായിരുന്നു തുക ചെലവഴിച്ചിട്ടുള്ളത്. ഓരോന്നിന്റെയും ചെലവു വിവരങ്ങൾ കൃത്യമായി ബോദ്ധ്യപ്പെടുത്തുന്നതിന് ബന്ധപ്പെട്ട വൗച്ചറുകൾ ഉൾപ്പെടെ പ്രത്യേക രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ടി പദ്ധതിക്കു പുറമേ 7-12-1999-ലെ 2(1)-ാം നമ്പർ തീരുമാന പ്രകാരം കക്കൂസുകൾ സ്വന്തമായി നിർമ്മിക്കുന്നതിന് 2,500 രൂപ വീതം 51 പേർക്ക് വ്യക്തിഗത ആനുകൂല്യം നൽകിയിട്ടുണ്ട്. ഇപ്രകാരം നൽകിയിട്ടുള്ള കക്കൂസുകളുടെ വിവരം സംബന്ധിച്ച കൃത്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ 24-12-2004-ലെ സുനാമിയിൽ 2070 വീടുകൾ തകർന്നു പോയതിനാൽ കക്കൂസുകളുടെ സ്ഥിതി ഭൗതിക പരിശോധന നടത്തി നിർണ്ണയിക്കാൻ കഴിയില്ല എന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

**നിഗമനങ്ങൾ/ശുപാർശകൾ**

20. **സ്വന്തമായി കക്കൂസുകൾ നിർമ്മിക്കുന്നതിനായി 51 ഗുണഭോക്താക്കൾക്ക് വ്യക്തിഗത ആനുകൂല്യങ്ങൾ നൽകിയത് സംബന്ധിച്ച കൃത്യമായ രേഖകൾ ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് അടിയന്തിരമായി ലഭ്യമാക്കുക. കൂടാതെ 8/2000 വരെ പൂർത്തീകരിച്ച 792 കക്കൂസുകളിൽ 258 കക്കൂസുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഓഡിറ്റ് വകുപ്പ് ആവശ്യപ്പെട്ടിരുന്ന വൗച്ചറുകൾ ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്കായി ഹാജരാക്കുക. കൂടാതെ ഒരു പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് തന്നെ മറ്റൊരു പദ്ധതിയിൽ അതേ ആവശ്യത്തിന് പിന്നെയും പണം നൽകിയിരിക്കുന്നതിന്റെ സാഹചര്യത്തെയും പ്രോജക്ടിലെ മാനദണ്ഡങ്ങൾക്കും നിർദ്ദേശങ്ങൾക്കും വിരുദ്ധമായി പണി ചെയ്തിരിക്കുന്നതിനെ സംബന്ധിച്ചുമുള്ള വിശദീകരണം ഓഡിറ്റ് വകുപ്പിന് നൽകുക. ഓഡിറ്റ് വകുപ്പ് ആയതു പരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

## കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**പദ്ധതി നിർവ്വഹണം പൂർത്തീകരിക്കാത്തത് സംബന്ധിച്ച്**

1998-1999, 1999-2000 എന്നീ വർഷങ്ങളിൽ ജനകീയാസൂത്രണ പദ്ധതി പ്രകാരം നടത്തിയ വ്യക്തിഗത ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം, കിണർ നിർമ്മാണം, കക്കൂസ് നിർമ്മാണം മുതലായവ സംബന്ധിച്ച് ധാരാളം പദ്ധതികൾ ഏറെ നാളായിട്ടും പൂർത്തീകരിക്കാത്ത നിലയിൽ അവശേഷിക്കുന്നു. പദ്ധതി

നടത്തിപ്പിന് വേണ്ടവിധത്തിൽ മോണിറ്ററിംഗ് നടത്തിയിട്ടുള്ളതായി കാണുന്നില്ല. യഥാകാലം പദ്ധതി പൂർത്തിയാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഏതെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുള്ളതായും കാണുന്നില്ല.

1999-2000-ലെ പഞ്ചായത്തിന്റെ ഓഡിറ്റ് റിപ്പോർട്ടിന്റെ 34-ാം ഖണ്ഡികയിൽ ചേർത്തിട്ടുള്ള ലിസ്റ്റ് പ്രകാരമുള്ള 26 വ്യക്തിഗത ഗുണഭോക്താക്കൾക്കായി 1,37,500 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. പണികൾ പൂർത്തിയാക്കാത്ത സ്ഥിതിക്ക് പദ്ധതി തുകയുടെ വിനിയോഗം അതിന്റെ ഉദ്ദേശശുദ്ധി കൈവരിക്കുമോ എന്ന് സംശയിക്കേണ്ടി യിരിക്കുന്നു. ആയതിനാൽ പണി പൂർത്തിയാക്കുന്നതിനുള്ള സത്വര നടപടികൾ കൈക്കൊള്ളുകയോ അല്ലെങ്കിൽ എഗ്രിമെന്റ് വ്യവസ്ഥ പ്രകാരം ഗുണഭോക്താക്കളിൽ നിന്നും 1,37,500 രൂപ പിഴപ്പലിശ സഹിതം ഈടാക്കുകയോ ചെയ്യേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം : 2003-04 ഓഡിറ്റ് ഖണ്ഡിക നമ്പർ : 3.2.1.1)

21. ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 13-6-2008-ലെ 73186/എ.ബി.1/07/ത.സ്വ.ഭ.വ. നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർത്തിരിക്കുന്നു:

2003-04-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിൽ ഖണ്ഡിക 3.2.1.1 പ്രകാരം ഭവനനിർമ്മാണം, കിണർ നിർമ്മാണം, കിണർ കഴുത്ത്കെട്ട്, കക്കൂസ് നിർമ്മാണം എന്നിവയ്ക്ക് തുക കൈപ്പറ്റിയിട്ടുള്ളതിൽ 26 ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചിട്ടില്ല എന്ന് പരാമർശിച്ചിരുന്നു. എന്നാൽ നിർവഹണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് പ്രകാരം ടി ഗുണഭോക്താക്കൾ നിശ്ചിത രീതിയിൽ പണി പൂർത്തീകരിച്ചിട്ടുള്ളതാണ്. സ്പിൽ ഓവർ തുക വകകൊള്ളിച്ചിട്ടില്ലാത്തതിനാൽ ബാക്കി തുക നല്കാൻ സാധിച്ചിട്ടില്ല.

22. പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് നടന്ന സമിതിയുടെ 18-6-2008-ലെ തെളിവെടുപ്പ് യോഗത്തിന്റെ സംക്ഷിപ്തം ചുവടെ ചേർത്തിരിക്കുന്നു:

ജനകീയാസൂത്രണത്തിൻ കീഴിൽ നടപ്പാക്കിയ വ്യക്തിഗത ഗുണഭോക്താക്കൾ ക്കായുള്ള ഭവനനിർമ്മാണം, കിണർ നിർമ്മാണം, കക്കൂസ് നിർമ്മാണം മുതലായവ സംബന്ധിച്ച പദ്ധതികൾ പൂർത്തീകരിക്കാത്തതിനാൽ ഗുണഭോക്താക്കളിൽ നിന്ന് 1,37,500 രൂപ ഈടാക്കേണ്ടതു സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിനുമേൽ സമിതി വിശദീകരണമാരാഞ്ഞു. ഓഡിറ്റ് സമയത്ത് പ്രസ്തുത പ്രോജക്ട് പൂർത്തിയാക്കി യിട്ടില്ലായിരുന്നെന്നും പിന്നീടുള്ള അന്വേഷണത്തിൽ പ്രോജക്ട് പൂർത്തിയാക്കിയെന്ന് വി.ഇ.ഒ. എഴുതി തന്നിട്ടുണ്ടെന്നും കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. ഗുണഭോക്താക്കളുടെ പേര് സഹിതമാണ് വി.ഇ.ഒ.-യുടെ റിപ്പോർട്ട് നൽകി യിട്ടുള്ളതെന്നും സെക്രട്ടറി അറിയിച്ചു. സ്പിൽ ഓവർ വർക്ക് ചെയ്യാനുണ്ടായിരുന്ന തുൾപ്പെടെ തുക വകകൊള്ളിച്ചിട്ടില്ലാത്തതിനാലാണ് പിന്നീട് ഗുണഭോക്താക്കൾക്ക് തുക കൊടുക്കാതിരുന്നതെന്നും ഇതു സംബന്ധിച്ച ഫയൽ വി.ഇ.ഒ.-യുടെ കൈയിലാണെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

പണി നടത്തിയതിന്റെ വാല്യുവേഷൻ സർട്ടിഫിക്കറ്റുണ്ടോയെന്നും സ്പോട്ട് വെരിഫിക്കേഷന് ആരാണ് പോയതെന്നും സമിതി ആരാഞ്ഞു. ഇതു സംബന്ധിച്ച ഒരു ഫയലും ഇല്ലെന്നും ബന്ധപ്പെട്ട വി.ഇ.ഒ. അസുഖമായതിനാൽ ഹാജരായിട്ടില്ലെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

ഇതര വകുപ്പുകളിൽനിന്നും നിർവ്വഹണോദ്യോഗസ്ഥരായി പഞ്ചായത്തുകളിൽ നിയമിക്കപ്പെടുന്നവർ ബന്ധപ്പെട്ട പഞ്ചായത്തു സമിതിയുടെ കീഴിലാണ് പ്രവർത്തിക്കേണ്ട തെന്നും വി.ഇ.ഒ.-മാരുടെ ശമ്പളം നല്കുന്നതും നിയന്ത്രണവും ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായിരിക്കയാൽ ഗ്രാമപഞ്ചായത്തിന് ഇവരുടെ മേൽ നിയന്ത്രണം ഇല്ലെന്നുളളത് ഒരു പോരായ്മയാണെന്നും ആയതിനാൽ വി.ഇ.ഒ.-മാർ ഗ്രാമ പഞ്ചായത്തിൽ ഹാജർ രേഖപ്പെടുത്തേണ്ടതാണെന്നും സമിതി ചൂണ്ടിക്കാട്ടി. പദ്ധതിയുമായി ബന്ധപ്പെട്ട ഫയലും രേഖകളും ആ പഞ്ചായത്തിൽ തന്നെ സൂക്ഷിക്കേണ്ട താണെന്നും സമിതി അഭിപ്രായപ്പെട്ടു.

നിർവ്വഹണോദ്യോഗസ്ഥന്റെ പേരും അഡ്രസ്സും ഇപ്പോൾ സർവ്വീസിലുണ്ടോയെന്ന വിവരവും ഒരാഴ്ചയ്ക്കുളളിൽ സമിതിക്ക് ലഭ്യമാക്കണമെന്ന് പഞ്ചായത്ത് സെക്രട്ടറിയോട് സമിതി നിർദ്ദേശിച്ചു

ഈ പദ്ധതി സംബന്ധിച്ചും ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥൻ ഫയലും മറ്റു രേഖകളും പഞ്ചായത്തിനു കൈമാറാത്തതു സംബന്ധിച്ചും അന്വേഷണം നടത്തണ മെന്നും ടിയാന്റെ പക്കൽനിന്നും വാല്യുവേഷൻ സർട്ടിഫിക്കറ്റും മറ്റു രേഖകളും ഓഡിറ്റിന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ച് സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും ഡെപ്യൂട്ടി ഡയറക്ടറോട് (പഞ്ചായത്ത് വകുപ്പ്, കൊല്ലം) സമിതി ആവശ്യപ്പെട്ടു.

23. തെളിവെടുപ്പ് വേളയിൽ സമിതി ആവശ്യപ്പെട്ട പ്രകാരം ഭവനം, കിണർ, കക്കൂസ് തുടങ്ങിയ പ്രവൃത്തികളുടെ നിർവ്വഹണോദ്യോഗസ്ഥരുടെ പേരുവിവരങ്ങൾ 28-6-2008-ലെ കെ.പി.1-198/07 നമ്പർ കത്തു പ്രകാരം കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയത് അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

24. സമിതിയുടെ നിർദ്ദേശപ്രകാരം ഓഡിറ്റ് പരാമർശത്തിൻമേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ 20-11-2008-ലെ എൽ.എഫ്. 9351/സ്പെ.സെൽ. ജി.2/08 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർത്തിരിക്കുന്നു:

"18-8-2008-ലെ കെ.പി. 1-198/07-ാം നമ്പർ കത്ത് പ്രകാരം സെക്രട്ടറി ഈ ഓഫീസിൽ മറുപടി നൽകിയിട്ടുണ്ട്. ഭവന നിർമ്മാണം, കിണർ നിർമ്മാണം, കിണർ മെയിന്റനൻസ്, കക്കൂസ് നിർമ്മാണം എന്നിവയ്ക്കായി 26 ഗുണഭോക്താക്കൾക്ക് നല്കിയ തുക പൂർണ്ണമായി ചെലവഴിച്ചു എന്ന് രേഖപ്പെടുത്തിയ എൽ.എസ്.ജി.ഡി. കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത് ഓവർസിയറുടെ സാക്ഷ്യപത്രത്തിന്റെ ഒരു പകർപ്പ് സെക്രട്ടറി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഓരോ നിർമ്മാണ പ്രവൃത്തികളുമായി ബന്ധപ്പെട്ട വാല്യുവേഷൻ സർട്ടിഫിക്കറ്റുകൾ പരിശോധനയ്ക്ക് ലഭ്യമാക്കുകയുണ്ടായില്ല. കൂടാതെ 31-7-2008-ലെ മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ടിൽ തുകകൾ കൈപ്പറ്റിയ ഗുണഭോക്താക്കൾ ആനുപാതികമായി പണികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നാണ് വിലയിരുത്തിയിട്ടുളളത്. ബന്ധപ്പെട്ട ഫയൽ, രജിസ്റ്റർ മുതലായവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്തിന്റെ 1999-2000

വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 34-ൽ ക്രമനമ്പർ 9 പ്രകാരമുള്ള ഗുണഭോക്താവ് ശ്രീമതി ഡി. ഗീതയ്ക്ക് 2000-01 വർഷത്തിൽ 4,000 രൂപ (ചെക്ക് നമ്പർ 064817/2-6-04) കൂടി നൽകിയിരുന്നതായി 4-6-2008-ൽ നടത്തിയ പ്രാദേശിക പരിശോധനയിൽ കാണുകയുണ്ടായി. അതനുസരിച്ച് നേരത്തെ നല്കിയിരുന്ന 1,37,500 രൂപ ഉൾപ്പെടെ ആകെ 1,41,500 രൂപ ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്."

**നിഗമനങ്ങൾ/ശുപാർശകൾ**

25. **ഓഡിറ്റ് പരാമർശത്തിലെ വിവിധ പ്രവൃത്തികളുമായി ബന്ധപ്പെട്ട ഫയലുകൾ, വാല്യുവേഷൻ സർട്ടിഫിക്കറ്റുകൾ, ബന്ധപ്പെട്ട രജിസ്റ്ററുകൾ എന്നിവ ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കുകയും, ഓഡിറ്റ് വകുപ്പ് ആയതു പരിശോധിച്ച് രണ്ടു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

## ഏരൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**റോഡ് പണിക്കായി ഇറക്കിയ ടാർ ഉപയോഗിച്ചിട്ടില്ല. 40,974 രൂപ നിരാകരിക്കുന്നു**

ഈ വൗച്ചർ നമ്പർ 45/4-98 പ്രകാരം കാഞ്ഞിവയൽ താന്നിമൂട് റോഡിന്റെ അറ്റകുറ്റപ്പണികൾക്കായി ശ്രീ. എസ്. സുരേന്ദ്രൻപിള്ള എന്നയാൾക്ക് 6111 കിലോ ടാർ ഇറക്കിക്കൊടുത്തതിന് 40,974 രൂപ നൽകിയിട്ടുണ്ടെങ്കിലും അത് സ്റ്റോക്കിലെടുത്ത് വിതരണം ചെയ്യുകയോ റോഡ് പണി നടത്തുകയോ ചെയ്തിട്ടില്ല. അംഗീകൃത ഓയിൽ കമ്പനിയിൽ നിന്നുള്ള രസീതും ഹാജരാക്കിയിട്ടില്ല. മേൽപ്പറഞ്ഞ കാരണങ്ങളാൽ 40,974 രൂപ ബന്ധപ്പെട്ടവരിൽ നിന്നും തിരിച്ചുപിടിക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം : 2003-04 ഓഡിറ്റ് ഖണ്ഡിക നമ്പർ: 3.2.2.)

26. ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 13-6-2008-ലെ 73186/എ.ബി.1/07/ത.സ്വ.ഭ.വ. നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർക്കുന്നു:

(1) ഉത്തരവാദിയായ മുൻ സെക്രട്ടറി ശ്രീ. എം. കമറുദ്ദീൻ, ലീനാ മൻസിൽ, കഴുതുരുട്ടി പി.ഒ., ആര്യങ്കാവ് എന്നയാൾക്ക് 19-6-2007-ന് സാധാരണ നോട്ടീസ് നൽകി.

(2) തുക ടി ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നത് സംബന്ധിച്ച് 15-9-2007-ലെ III(1) നമ്പരായി കമ്മിറ്റി തീരുമാനം എടുത്തു.

(3) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുക ഒടുക്കുവരുത്തുന്നതിനായി മുൻ സെക്രട്ടറി ശ്രീ. എം. കമറുദ്ദീൻ, ലീനാ മൻസിൽ, കഴുതുരുട്ടി പി.ഒ., ആര്യങ്കാവ് എന്നയാൾക്ക് 25-9-2006-ന് രജിസ്റ്റേഡ് നോട്ടീസ് നൽകിയിട്ടുണ്ട്.

(4) തുക റവന്യൂ റിക്കവറി മുഖാന്തിരം ഈടാക്കുന്നതിന് 5-11-2007-ൽ എ.1-297/07-ാം നമ്പരായി കൊല്ലം ജില്ലാ കളക്ടർക്ക് റിക്വസിഷൻ നൽകി.

(5) ടി ഉദ്യോഗസ്ഥന്റെ അപേക്ഷ പ്രകാരം റിക്കവറി നടപടികൾ 1-2-2008 വരെ ബഹു. ജില്ലാ കളക്ടർ സ്റ്റേ ചെയ്തിരുന്നു. ഇപ്പോൾ 26-5-2008-ൽ ആര്യങ്കാവ് വില്ലേജ് ഓഫീസർക്ക് റിക്കവറി നടപടികൾ തുടരുന്നതിന് നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ട്.

27. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് നടന്ന സമിതിയുടെ 18-6-2008-ലെ തെളിവെടുപ്പ് യോഗത്തിന്റെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു:

റോഡ് പണിക്കായി ഇറക്കിയ ടാർ ഉപയോഗിക്കാത്തതുമൂലം ഓഡിറ്റിൽ നിരാകരിച്ച 40,974 രൂപ റിക്കവറി നടപടികളുടെ പുരോഗതി സമിതി ആരാഞ്ഞു. ഉത്തരവാദിയായ മുൻ സെക്രട്ടറി ശ്രീ. എം. കമറുദ്ദീനിൽ നിന്നും റവന്യൂ റിക്കവറി മുഖാന്തിരം തുക ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ടി ഉദ്യോഗസ്ഥന്റെ അപേക്ഷ പ്രകാരം 1-2-2008 വരെ ജില്ലാ കളക്ടർ നടപടി സ്റ്റേ ചെയ്തിരുന്നുവെന്നും ഇപ്പോൾ 20-6-2008-ന് ആര്യങ്കാവ് വില്ലേജ് ഓഫീസർക്ക് ആർ.ആർ. നടപടി തുടരുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ ബോധിപ്പിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

28. **കാഞ്ഞിവയൽ-താന്നിമൂട് റോഡ് പണിക്കായി ഇറക്കിയ ടാർ ഉപയോഗിക്കാത്തതുമൂലം ഓഡിറ്റിൽ നിരാകരിച്ച 40,974 രൂപ ഉത്തരവാദിയായ മുൻ സെക്രട്ടറി ശ്രീ. എം. കമറുദ്ദീനിൽനിന്നും ഈടാക്കി സമിതിക്ക് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

## ചിതറ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ക്രമരഹിതമായി റ്റി. വി. സെറ്റുകൾ വാങ്ങിച്ചു**

പഞ്ചായത്ത് കമ്മിറ്റിയുടെ 21-5-1998-ലെ തീരുമാനപ്രകാരം 5 വാർഡുകളിൽ പുതുതായി പണിത റ്റി. വി. കിയോസ്ക്കുകളിലേക്ക് 5 കെൽട്രോൺ ടി.വി. സെറ്റുകൾ വാങ്ങുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയെങ്കിലും 10 റ്റി.വി. സെറ്റുകൾ വാങ്ങിയിരിക്കുന്നതായി കാണുന്നു. പത്രപ്പരസ്യം വഴി ടെന്റർ ക്ഷണിക്കാതെ ഒരു സ്വകാര്യ സ്ഥാപനത്തിൽനിന്നുമാണ് 1,88,990 രൂപയ്ക്ക് വാങ്ങൽ നടത്തിയിരിക്കുന്നത്. 10 റ്റി.വി. സെറ്റുകൾ വാങ്ങിയതിൽ 9 എണ്ണം മാത്രമാണ് സ്റ്റോക്കിൽ എടുത്തിരിക്കുന്നത്. ഇവ ആർക്കൊക്കെ വിതരണം ചെയ്തുവെന്നതിനുള്ള രേഖകൾ ഒന്നും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ടി സാഹചര്യത്തിൽ 9 റ്റി.വി. സെറ്റുകളുടെയും അനുബന്ധ സാധനങ്ങളുടെയും വിലയായ 1,70,091 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുകയും ബാക്കിയുള്ള ഒരു സെറ്റിന്റെ വിലയായ 18,899 രൂപ നിരാകരിക്കുകയും ചെയ്തിരുന്നു. ഇതു സംബന്ധിച്ച് പഞ്ചായത്ത് യാതൊരു മറുപടിയും നൽകിയിട്ടില്ല.

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം : 2003-04 ഓഡിറ്റ് ഖണ്ഡിക നമ്പർ: 3.2.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 13-6-2008-ലെ 73186/എ.ബി.1/07/തസ്വഭവ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

10 കെൽട്രോൺ റ്റി.വി. സെറ്റുകൾ വാങ്ങിയതിൽ 9 എണ്ണം Stock Register 33-ാം പേജിൽ രേഖപ്പെടുത്തി വിതരണം നടത്തിയിട്ടുള്ളതും അതിൽ ബാക്കി 1 എണ്ണം പിന്നീട് പേഴുംമൂട് സാംസ്കാരിക നിലയത്തിൽ നൽകുകയും ചെയ്തിട്ടുണ്ട്. ഇവയിൽ 5 എണ്ണം (കണ്ണംകോട്, വഞ്ചിയോട്, സത്യമംഗലം കിളിത്തട്ട് 4 സെന്റ് കോളനി, പേഴുംമൂട് സാംസ്ക്കാരിക നിലയം) ഒഴികെ ബാക്കി 5 ടി.വി.കളും ഇപ്പോഴും പ്രവർത്തനയോഗ്യവുമാണ്. ടി.വി.കൾ കെൽട്രോണിന്റേത് ആണെന്ന് ബോദ്ധ്യപ്പെടുകയും ക്ലബുകളിൽ നിന്നും രസീതുകൾ വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടുള്ളതുമാണ്.

30. ഓഡിറ്റ് ഖണ്ഡികയുമായി ബന്ധപ്പെട്ട് സമിതിയുടെ 18-6-2008-ലെ തെളിവെടുപ്പ് യോഗത്തിന്റെ ചുരുക്കം ചുവടെ ചേർക്കുന്നു:

ഓഡിറ്റ് പരാമർശം സംബന്ധിച്ച് ചിതറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് സമിതി വിശദീകരണം ആരാഞ്ഞു. 5 ടി.വി.സെറ്റ് വാങ്ങാനാണ് പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചതെങ്കിലും 10 എണ്ണം വാങ്ങുകയുണ്ടായി എന്ന് സെക്രട്ടറി സമിതിയെ അറിയിച്ചു. പരിശോധന നടത്തിയപ്പോൾ 9 ടി.വി.സെറ്റുകൾ മാത്രമേ സ്റ്റോക്കിൽ രേഖപ്പെടുത്തിയതായി കണ്ടുള്ളൂവെങ്കിലും പിന്നീട് ഭൗതിക പരിശോധന നടത്തിയപ്പോൾ കാണ്മാനുള്ള ഒരെണ്ണം കണ്ടെത്തിയെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിനതീതമായി 5 ടി.വി.സെറ്റുകൾ കൂടി അധികമായി വാങ്ങിയതിന് സാധൂകരണം വാങ്ങിയതായി ഫയലിൽ കാണുന്നില്ലെന്നും കെൽട്രോൺ നിർമ്മിത ഉൽപ്പന്നം സ്വകാര്യ ഏജൻസിയായ കൊല്ലത്തെ മാളിയേക്കൽ ഇലക്ട്രോണിക്സ്, കൊട്ടാരക്കര ആരാധന ഇലക്ട്രോണിക്സ് എന്നിവിടങ്ങളിൽ നിന്നുമാണ് വാങ്ങിയതെന്നും ചിതറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. പത്രപരസ്യം കൊടുക്കാതെയും ടെന്റർ ക്ഷണിക്കാതെയും ഒരു സ്വകാര്യ സ്ഥാപനത്തിൽ നിന്നും പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന് വിരുദ്ധമായി പഞ്ചായത്തിന്റെ ഫണ്ടുപയോഗിച്ച് 5 ടി.വി.സെറ്റ് അധികം വാങ്ങിയ പഞ്ചായത്തിന്റെ നടപടി ന്യായീകരിക്കാനാവില്ലെന്നും 1998-99-ൽ അധികമായി വാങ്ങിയ 5 ടി.വി.യുടെ വിലയും അതിന് 12% പലിശയുമുൾപ്പെടെ കണക്കാക്കി അതു സംബന്ധിച്ച ഒരു റിപ്പോർട്ടും അന്നത്തെ സെക്രട്ടറിയുടെ പേരും അഡ്രസ്സും കമ്മിറ്റിക്ക് ഹാജരാക്കണമെന്നും സമിതി ആവശ്യപ്പെട്ടു.

ബന്ധപ്പെട്ട സെക്രട്ടറി സർവ്വീസിൽ നിന്നും വിരമിച്ചതുകൊണ്ടും സെക്രട്ടറിയുടെ പേരിൽ ലയബിലിറ്റി ഒന്നും നിർണ്ണയിച്ചു വരാത്തതുകൊണ്ടും മൂന്ന് വർഷം കഴിഞ്ഞ് കോടതി നിർദ്ദേശം വന്നതിനെത്തുടർന്ന് ഡി.സി.ആർ.ജി. റിലീസ് ചെയ്തു കൊടുത്തുവെന്ന് കൊല്ലം പഞ്ചായത്ത് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. എസ്. ആർ. രവി നായർ സമിതിയെ അറിയിച്ചു.

പഞ്ചായത്തു തീരുമാനമില്ലാതെ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് 5 ടി.വി. സെറ്റുകൾ വാങ്ങുകയും അതിന് പഞ്ചായത്ത് കമ്മിറ്റിയുടെയും ഗവൺമെന്റിന്റെയും സാധൂകരണം വാങ്ങാതിരിക്കുകയും ചെയ്ത നടപടിയിൽ ബന്ധപ്പെട്ട സെക്രട്ടറിക്കുള്ള ബാധ്യത ഓഡിറ്റിൽ പരാമർശിക്കാതിരുന്നതും ടി നടപടിക്ക് സാധൂകരണം വാങ്ങിയിട്ടില്ലെന്ന് പറയാതിരുന്നതും ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ വീഴ്ചയായി സമിതി വിലയിരുത്തി.

31. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് ചിതറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 30-9-2008-ലെ എ3-306/08 നമ്പരായി ലഭ്യമാക്കിയ കത്തിന്റെ വിവരം ചുവടെ ചേർത്തിരിക്കുന്നു:

ചിതറ ഗ്രാമപഞ്ചായത്തിൽ 1998-99 വർഷം 10 കെൽട്രോൺ ടെലിവിഷനുകൾ വാങ്ങിയതു സംബന്ധിച്ച് ആഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടതിൽ കൂടുതലായി കമ്മിറ്റി തീരുമാനങ്ങളൊന്നും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ടി കാലയളവിലെ 18-4-1998 മുതൽ 12-2-1999 വരെയുള്ള പഞ്ചായത്ത് മിനിട്ട്സ് ബുക്ക് 365/05-ാം നമ്പർ കേസുമായി ബന്ധപ്പെട്ട് കടയ്ക്കൽ പോലീസ് സബ്ബ് ഇൻസ്പെക്ടർ ആഫീസിൽ 27-10-2005-ൽ നൽകിയിട്ടുള്ളതുകൂടി പരിശോധിക്കുവാനുണ്ട്. ടി മിനിട്ട്സ് ബുക്ക് തിരികെ ലഭിക്കുന്ന തിനായി 19-7-2008-ൽ എ3-143/03-ാം നമ്പരായി രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ട്. ടി കാലയളവിൽ സെക്രട്ടറിയായിരുന്ന ശ്രീ.എസ്.വിജയന് ടി റിപ്പോർട്ട് സഹിതം തുക തിരികെ ഒടുക്കാനാവശ്യപ്പെട്ട് കത്തയച്ചിട്ടുണ്ട്. ടി മിനിട്ട്സ് ബുക്ക് ലഭിച്ചാലുടൻ തന്നെ തീരുമാനം രേഖപ്പെടുത്തിയിട്ടുണ്ടോ എന്ന് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കു ന്നതാണെന്ന് ബോധിപ്പിച്ച് കൊള്ളുന്നു.

ഓഡിറ്റ് റിപ്പോർട്ട് കാലയളവിലെ സെക്രട്ടറിയുടെ മേൽവിലാസം

ശ്രീ. വിജയൻ,
മകം, മഞ്ചാടിമൂട്,
ചിറയിൻകീഴ് പി. ഒ.,
തിരുവനന്തപുരം.

**നിഗമനങ്ങൾ/ശുപാർശകൾ**

32. **ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട കാലയളവിലെ മിനിട്ട്സ് ബുക്ക് ആഡിറ്റ് വകുപ്പ് പരിശോധിച്ച് 5 ടി.വി. സെറ്റുകൾ അധികം വാങ്ങുന്നതിനായുള്ള തീരുമാനം ഉണ്ടായിരുന്നോ എന്ന വസ്തുത സമിതിയെ അറിയിക്കുക. അപ്രകാരം പഞ്ചായത്ത് തീരുമാനമില്ലായിരുന്നെങ്കിൽ കമ്മിറ്റി തീരുമാനമില്ലാതെ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് അധികം വാങ്ങിയ 5 ടി.വി. സെറ്റുകളുടെ വിലയും ആയതിന്റെ നാളിതുവരെയുള്ള പലിശയും (12% നിരക്കിൽ) ഉൾപ്പെടെയുള്ള തുക കണക്കാക്കി പ്രസ്തുത തുക പരാമർശവിധേയനായ സെക്രട്ടറിയിൽ നിന്നും ഈടാക്കിയതിന്റെ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കുക.**

## മൺറോത്തുരുത്ത് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**മത്സ്യത്തൊഴിലാളി ഭവന പദ്ധതി-പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കാത്തവർക്ക് ആനുകൂല്യം നൽകിയത്—45,000 രൂപ നിരാകരിക്കുന്നു.**

മത്സ്യത്തൊഴിലാളി ഭവന പദ്ധതിയിലേക്കായി 1998-99-ൽ ആറ് ഗുണഭോക്താക്കളെ 30-12-1997-ലെ 3(4) നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി തെരഞ്ഞെടുക്കുക യുണ്ടായി. എന്നാൽ ഈ ലിസ്റ്റിൽ പേരില്ലാത്ത രണ്ട്പേർക്ക് ഈ പദ്ധതി പ്രകാരം 45,000 രൂപ കൊടുത്തതായി ഓഡിറ്റിൽ കണ്ടെത്തി. അംഗീകൃതമല്ലാത്ത ചെലവുതുക

പലിശസഹിതം ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം : 2003-04, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.2.4)

33. ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 13-6-2008-ലെ 73186/എ.ബി.1/07/ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

(1) 1-4-1998 മുതൽ 6-10-1998 വരെ സെക്രട്ടറിയായിരുന്ന ശ്രീ. ബിജു സി. നായർക്ക് ലോക്കൽ ഫണ്ട് ഡയറക്ടർ നൽകിയ LF 17581/Spl.Cell SC-1/04 തീയതി 31-10-2004 നമ്പർ സർചാർജ്ജ് നോട്ടീസ് പ്രകാരമുള്ള നടപടിയിൽ നിന്നും ഒഴിവാക്കിയതായി ലോക്കൽ ഫണ്ട് ഡയറക്ടറുടെ LF 17581/Spl.Cell SC-1/04 തീയതി 28-6-2005 കത്തിൽ പറഞ്ഞിരിക്കുന്നു.

(2) 1-11-1998 മുതൽ 31-3-1999 വരെ സെക്രട്ടറിയായിരുന്ന ശ്രീ. ഉണ്ണികൃഷ്ണന്റെ ബാധ്യതകൾ LF 17581/Spl.Cell SC-1/04 തീയതി 28-6-2005 കത്ത് പ്രകാരം ഇല്ലാതാകും. ശ്രീ. ഉണ്ണികൃഷ്ണൻ 12-9-2004-ൽ മരണപ്പെട്ടു.

34. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട സമിതിയുടെ 18-6-2008-ലെ തെളിവെടുപ്പ് യോഗത്തിന്റെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു:

ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന് അന്ന് സെക്രട്ടറിയായിരുന്ന ശ്രീ. ബിജു സി. നായരെ സർചാർജ്ജ് ചെയ്തിട്ടുണ്ടെന്നും എം.ബുക്കും മറ്റുവിവരങ്ങളും ഓഡിറ്റിന് ഹാജരാക്കുന്നതിൽ വീഴ്ച വന്നതിനാലാണ് ഇപ്രകാരം നടപടി ഉണ്ടായതെന്നും രേഖകൾ പിന്നീട് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്ക് സമർപ്പിച്ചപ്പോൾ സർചാർജ്ജിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെന്നും മുൻ സെക്രട്ടറി സമിതിയെ അറിയിച്ചു.

നിയമസഭാ കമ്മിറ്റി മുൻപാകെ സമർപ്പിച്ച റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഓഡിറ്റ് തടസ്സം കമ്മിറ്റിയുടെ അനുവാദമില്ലാതെ ഒഴിവാക്കുന്നതിന് ഓഡിറ്റ് ഡയറക്ടർക്ക് അധികാരമില്ലെന്ന് സമിതി വ്യക്തമാക്കി.

30-12-1997-ലാണ് അന്ന് സെക്രട്ടറിയായിരുന്ന ശ്രീ. നാസ്സർ, ഭവന നിർമ്മാണ ത്തിനുള്ള ആദ്യ ഗഡുവായ 7000 രൂപ ഗുണഭോക്താക്കൾക്ക് നൽകിയതെന്നും 25-7-1998-ലും, 29-8-1998-ലും രണ്ടാം ഗഡു രണ്ടുപേർക്ക് നൽകിയത് അന്ന് സെക്രട്ടറിയായിരുന്ന ബിജു സി.നായരായിരുന്നുവെന്നും സമിതി മുൻപാകെ വെളിവാക്കപ്പെട്ടു. ഗ്രാമസഭ സമർപ്പിച്ച ലിസ്റ്റിൽ 6-ൽ കൂടുതൽപേരെ തിരഞ്ഞെടുത്തി രുന്നുവെങ്കിലും പഞ്ചായത്തു കമ്മിറ്റി ആ ലിസ്റ്റിൽ നിന്നും ആദ്യത്തെ 6 പേർക്ക് മാത്രം ധനസഹായം നൽകുന്നതിനുള്ള അംഗീകാരം നൽകുകയാണ് ചെയ്തതെന്നും സെക്രട്ടറി വ്യക്തമാക്കി. എന്നാൽ ഈ അഞ്ചുപേരിൽ രണ്ടുപേർക്ക് ധനസഹായം ആവശ്യമില്ലെന്ന് അവർ രേഖാമൂലം അറിയിച്ച സാഹചര്യത്തിൽ ഗ്രാമസഭ തയ്യാറാക്കിയ ലിസ്റ്റിലെ അടുത്ത രണ്ടുപേർക്ക് ധനസഹായം നൽകുകയാണുണ്ടായത് എന്ന് ചടയമംഗലം ഗ്രാമപഞ്ചായത്ത് ഹെഡ് ക്ലാർക്ക് സമിതിയെ അറിയിച്ചു.

ഗ്രാമസഭയിലെ തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ ലിസ്റ്റിൽ നിന്നുമാണ് രണ്ടു പേരെ തിരഞ്ഞെടുത്തിട്ടുള്ളതെന്നും ഇതു സംബന്ധിച്ച വിവരം ഫയലിലുണ്ടെന്നുള്ള ഹെഡ് ക്ലാർക്കിന്റെ വിശദീകരണത്തിനുമേൽ ആയതിന്റെ കോപ്പി ലോക്കൽ ഫണ്ട് ഡയറക്ടർക്ക് ഹാജരാക്കി ബോദ്ധ്യപ്പെടുത്തണമെന്ന് സമിതി ആവശ്യപ്പെട്ടു.

**നിഗമനങ്ങൾ/ശുപാർശകൾ**

35. **മത്സ്യത്തൊഴിലാളി ഭവന-പദ്ധതി പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കാത്ത വർക്ക് ആനുകൂല്യം നൽകി എന്ന പരാമർശവുമായി ബന്ധപ്പെട്ട്, ഗ്രാമസഭ തയ്യാറാക്കിയ ഗുണഭോക്താക്കളുടെ ലിസ്റ്റിൽ നിന്നും രണ്ടുപേരെ തെരഞ്ഞെടുക്കുകയും അവർക്ക് ആനുകൂല്യം നൽകുകയാണുണ്ടായതെന്നും ടി വസ്തുതകളുടെ രേഖകൾ ഫയലിലുണ്ടെന്നുമുള്ള പഞ്ചായത്തിന്റെ വിശദീകരണം സമിതി മുഖവിലയ്ക്കെടു ക്കുകയും ഓഡിറ്റ് ഖണ്ഡിക ലോക്കൽഫണ്ട് ഓഡിറ്റിന്റെ പരിശോധനയ്ക്കുശേഷം ഒഴിവാക്കുന്നതിന് ശുപാർശ ചെയ്യുകയും ചെയ്യുന്നു.**

## തേവലക്കര ഗ്രാമപഞ്ചായത്ത്

<u>ഓഡിറ്റ് ഖണ്ഡിക</u>

**കറവയന്ത്രം വാങ്ങൽ-അപ്രായോഗികമായ പദ്ധതി-ഉപയോഗശൂന്യമായ ധനവിനിയോഗം**

1998-99-ൽ പഞ്ചായത്തിൽ നടപ്പാക്കിയ 10-ാം നമ്പർ പദ്ധതി പഞ്ചായത്തിൽ യന്ത്രവൽക്കൃത പശുക്കറവ നടപ്പാക്കുന്നതിനുള്ളതായിരുന്നു. ഒരു വീട്ടിൽ ഒരു പശു എന്ന മറ്റൊരു പദ്ധതിക്കനുപൂരകമായിട്ടുള്ളതാണ് ഈ പദ്ധതി. ഇതുപ്രകാരം വെറ്ററിനറി സർജന്റെ പ്ലാൻ ഫണ്ടിൽ നിന്നും 54,000 രൂപ മുടക്കി കറവയന്ത്രം വാങ്ങി. എന്നാൽ വാങ്ങിയ കറവയന്ത്രം വളരെ ഭാരമുള്ളതും ഒന്നിലധികം ആളുകളുടെ സഹായത്തോടെ മാത്രം ഉയർത്തി മാറ്റാൻ കഴിയുന്നതും, ഒരു സ്ഥലത്ത് നിന്ന് മറ്റൊരു സ്ഥലത്ത് കൊണ്ടുപോകണമെങ്കിൽ വാഹനം അനിവാര്യമായിട്ടുള്ളതുമാണ്. ഒരു വീട്ടിൽ ഒരു പശു എന്ന കണക്കിലുള്ള പശുക്കളെ കറവ നടത്തുന്നതിന് ഇത്തരത്തി ലൊരു യന്ത്രം ഉപയോഗിക്കാൻ കഴിയാത്തതാണ്. കറവയന്ത്രം വാങ്ങിയ 54,000 രൂപ തീർത്തും പാഴ്ചെലവ് തന്നെയാണ്. മാത്രമല്ല, വർഷങ്ങളായി ഉപയോഗിക്കാത്തതി നാൽ കറവയന്ത്രം പ്രവർത്തനക്ഷമമല്ല.

ഈ യന്ത്രം ഉദ്ദേശിച്ചിരുന്ന ആവശ്യത്തിന് ഒരിക്കലും ഉപയോഗിച്ചിട്ടില്ല. ക്ഷീരകർഷകർക്ക് ഇതുകൊണ്ട് യാതൊരു പ്രയോജനവും സിദ്ധിച്ചിട്ടില്ല. ധാരണയില്ലാത്ത പ്രോജക്ട് രൂപീകരണം കൊണ്ടുണ്ടാകുന്ന അപ്രയോഗികമായ പദ്ധതിക്ക് ഉത്തമോദാഹരണമാണ് ഇത്. സാങ്കേതിക ഉപദേശം നൽകാൻ ബാദ്ധ്യസ്ഥ രായിരുന്ന വിദഗ്ദ്ധന്മാർ അവരുടെ കൃത്യനിർവ്വഹണത്തിൽ ദയനീയമായി പരാജയപ്പെ ട്ടതായാണ് ഇതിൽ നിന്നും കാണുന്നത്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം : 2003-2004, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.2.5.1.)

36. ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 13-6-2008-ലെ 73186/എബി1/07/ത.സ്വ.ഭ.വ.നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർത്തിരിക്കുന്നു:

ഉല്പാദനശേഷി കൂടുതലുള്ള സങ്കരയിനം കന്നുകാലികൾ ഏറ്റവും കൂടുതലുള്ള പഞ്ചായത്താണ് തേവലക്കര ഗ്രാമപഞ്ചായത്ത്. പാലുൽപ്പാദനത്തിൽ ഈ പഞ്ചായത്തിലെ ക്ഷീരകർഷകർ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം കറവക്കാരില്ല എന്നുള്ളതാണ്. തമിഴ്നാട്ടിൽ നിന്നും വന്നിട്ടുള്ള കറവക്കാർ നാട്ടിൽ പോയാൽ ആഴ്ചകളോളം കഴിഞ്ഞാണ് തിരിച്ചെത്തുന്നത്. ഇത് പാലുൽപ്പാദനത്തെ സാരമായി ബാധിക്കുന്നു. ഈ സാഹചര്യം കണക്കിലെടുത്താണ് 1998-99 വാർഷിക പദ്ധതിയിലെ പ്രോജക്ട് അംഗീകാരത്തിനനുസരിച്ച് നിർവ്വഹണ ഉദ്യോഗസ്ഥനായ തേവലക്കര വെറ്ററിനറി സർജൻ 54,000 രൂപ ചെലവുവരുന്ന കറവ യന്ത്രം വാങ്ങി കോയിവിള ക്ഷീരസഹകരണ സംഘത്തിന് നൽകിയിട്ടുള്ളത്. പൊതുവെ നിരപ്പായ പ്രദേശമുള്ള തേവലക്കര പഞ്ചായത്തിൽ 75% പ്രദേശത്തും മൂന്നു വീലുള്ള ഒരു സൈക്കിളിൽ വച്ച് ഈ യന്ത്രം പ്രയോജനപ്പെടുത്തും എന്ന ഉദ്ദേശത്തിലാണ് പഞ്ചായത്തിലെ ലീഡിംഗ് സൊസൈറ്റിയായ കോയിവിള വിജയൻ മെമ്മോറിയൽ ക്ഷീര സഹകരണ സംഘത്തിന് യന്ത്രം നൽകിയിട്ടുള്ളത്. എന്നാൽ അന്വേഷണം നടത്തിയതിൽ യന്ത്രത്തിന്റെ ഫലപ്രദമായ ഉപയോഗത്തിന് ഒരു ട്രൈസൈക്കിളും ജനറേറ്ററും ആവശ്യമാണെന്നും തൊഴുത്തുകൾ വൈദ്യുതീകരിച്ച് പവർ പ്ലഗ് ഫിറ്റ് ചെയ്തിട്ടുള്ളത് ആയിരിക്കണമെന്നും ക്ഷീരസംഘത്തിൽ നിന്നും അറിയാൻ കഴിഞ്ഞു. ക്ഷീരകർഷകർ കറവമാടുകളെ ക്ഷീര സംഘത്തിൽ കൊണ്ടുവന്ന് കറവ നടത്തുക എന്നത് പ്രായോഗികമല്ലെന്ന് ക്ഷീര സംഘത്തിൽ നിന്ന് അറിയാൻ കഴിഞ്ഞു. ഈ സംവിധാനങ്ങൾ ഇല്ലാത്തതിനാൽ ടി യന്ത്രം ഇപ്പോഴും ഉപയോഗശൂന്യമായി തുടരുന്ന അവസ്ഥയിലാണ്. മേലിൽ ഇത്തരം അപ്രായോഗിക പ്രോജക്ടുകൾ തയ്യാറാക്കാതിരിക്കുന്നതിന് ശ്രദ്ധിക്കുന്നതാണ് എന്ന് ബോധിപ്പിക്കുന്നു.

37. സമിതിയുടെ 18-6-2008-ലെ തെളിവെടുപ്പ് യോഗത്തിൽ പ്രസ്തുത പരാമർശം പരിഗണിക്കുകയുണ്ടായി. യോഗത്തിന്റെ ചുരുക്കം ചുവടെ ചേർക്കുന്നു:

കറവയന്ത്രം വാങ്ങുന്ന പദ്ധതി ആരംഭിക്കുന്ന സമയത്ത് പ്രസ്തുത പദ്ധതിയെ സംബന്ധിച്ച് വിദഗ്ദ്ധരുടെ അഭിപ്രായം തേടിയിരുന്നോയെന്നും കറവയന്ത്രം വാടകയ്ക്ക് കൊടുക്കുന്നതിന് ഉദ്ദേശമുണ്ടായിരുന്നോ എന്നും ഏതെങ്കിലും വീടുകൾക്ക് പ്രസ്തുത പദ്ധതിമൂലം പ്രയോജനമുണ്ടായിട്ടുണ്ടോയെന്നും സമിതി ആരാഞ്ഞതിന് ആ കാലയളവിലെ വെറ്ററിനറി ഡോക്ടറാണ് പ്രസ്തുത പദ്ധതിയുടെ നിർവ്വഹണോദ്യോഗസ്ഥ നെന്നും അദ്ദേഹമാണ് പ്രോജക്ട് തയ്യാറാക്കിയതെന്നും പൂനയിൽ നിന്നാണ് യന്ത്രം വാങ്ങിയതെന്നും തേവലക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

കറവയന്ത്രം ഓരോ വീട്ടിലും കൊണ്ടുപോയി ഉപയോഗിക്കാനാണ് തീരുമാനിച്ചി രുന്നതെന്നും കാർഷിക യൂണിവേഴ്സിറ്റിയുമായി ചർച്ച ചെയ്തിട്ടാണ് വാങ്ങിയതെന്നും ഒരു ട്രൈ സൈക്കിളിൽ മൗണ്ട് ചെയ്ത് ശരിയാക്കിയിട്ട് അത് കൊണ്ട് നടന്ന് ഉപയോ

ഗിക്കുവാനാണ് വിഭാവനം ചെയ്തിരുന്നതെന്നും പ്രൊഫസർമാരുമായി ആലോചിക്കുകയും കാർഷിക യൂണിവേഴ്സിറ്റിയിൽ പോയി യന്ത്രത്തിന്റെ പ്രവർത്തനം കാണുകയും ബോദ്ധ്യപ്പെടുകയും ചെയ്തുവെന്നും നാലും അഞ്ചും വീട്ടുകാരെ സെലക്ട് ചെയ്ത് ഈ യന്ത്രം ഉപയോഗിച്ചിരുന്നെന്നും പദ്ധതി പൂർത്തികരിക്കുന്നതിനുമുമ്പേ സ്ഥലം മാറിപ്പോയിയെന്നും അന്നത്തെ നിർവ്വഹണോദ്യോഗസ്ഥനായിരുന്ന വെറ്ററിനറി ഡോക്ടർ സമിതിയെ അറിയിച്ചു.

പ്രസ്തുത കറവയന്ത്രം വാങ്ങിയത് വഴി പഞ്ചായത്തിന് 54,000 രൂപയുടെ പാഴ്ചെലവുണ്ടായെന്നും സമിതി അഭിപ്രായപ്പെടുകയും ഇത്തരം ഒരു പദ്ധതി നടപ്പിലാക്കുമ്പോൾ അതിന്റെ പ്രായോഗികതയെക്കുറിച്ചും ഉപയോഗത്തെക്കുറിച്ചും അതിൽ നിന്നുളള വരുമാനം സംബന്ധിച്ചും പഠനം നടത്തി ഒരു മിനിമം പ്രോജക്ടെങ്കിലും തയ്യാറാക്കേണ്ടിയിരുന്നെന്ന് സമിതി അഭിപ്രായപ്പെട്ടു.

**നിഗമനങ്ങൾ/ശുപാർശകൾ**

38. **പൊതുധനം ചെലവാക്കി ഒരു പദ്ധതി നടപ്പാക്കുമ്പോൾ അതിന്റെ പ്രായോഗികതയെക്കുറിച്ചും പ്രയോജനത്തെക്കുറിച്ചും അതിൽ നിന്നുള്ള വരുമാനം സംബന്ധിച്ചും വിശദമായ പഠനം നടത്തി ഒരു മിനിമം പ്രോജക്ടെങ്കിലും തയ്യാറാക്കേണ്ടിയിരുന്നുവെന്ന് സമിതി അഭിപ്രായപ്പെട്ടു. എന്നിരുന്നാലും ഈ പദ്ധതി നടപ്പിലാക്കിയതിലെ ഉദ്ദേശശുദ്ധി കണക്കിലെടുത്ത് ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.**

## തലവൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ജെ.ആർ.വൈ. പദ്ധതികൾ നൽകിയ മുൻകൂർ തുകകൾ തിരികെ ഈടാക്കാത്തത് സംബന്ധിച്ച്.**

പഞ്ചായത്തിന്റെ 1999-2000 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന്റെ 28-ാം ഖണ്ഡികയിൽ ചേർത്തിട്ടുള്ള ലിസ്റ്റ് പ്രകാരം മുൻവർഷങ്ങളിലെ ജെ.ആർ.വൈ.പദ്ധതികളിൽ ഉൾപ്പെടുത്തിയിരുന്ന മരാമത്തു പണികൾക്ക് മുൻകൂർ തുകകൾ നൽകിയ ഇനത്തിൽ, നാളിതുവരെയും പണികൾ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ 1,41,500 രൂപ തിരികെ ഈടാക്കാൻ ബാക്കി നിൽക്കുന്നു. ഏകദേശം 10 വർഷങ്ങൾക്കു മുമ്പ് കൊടുത്തതാണ് ഈ മുൻകൂർ തുകകൾ. മുൻകൂർ നൽകിയ 1,41,500 രൂപ ബന്ധപ്പെട്ട കൺവീനർ/ചെയർമാന്മാരിൽ നിന്നും പിഴപ്പലിശ സഹിതം തിരികെ ഈടാക്കി പഞ്ചായത്തു ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്.

യഥാസമയം പ്രോജക്ടുകൾ ചെയ്തു തീർക്കാനാവശ്യമായ മേൽനടപടികളോ, വീഴ്ച വരുത്തുന്നപക്ഷം മുൻകൂർ തുകകൾ കൺവീനർമാരിൽ നിന്നും തിരിച്ച് പിടിക്കാനുള്ള നടപടികളോ സ്വീകരിക്കാൻ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥന്മാർക്കുള്ള താരതമ്യ ബാദ്ധ്യത നിർണ്ണയിച്ച് മേൽനടപടി സ്വീകരിക്കാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

(ലോക്കൽ ഫണ്ട് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം 2003-2004, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.2.6.1)

39. ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 13-6-2008-ലെ 73186/എബി1/07/ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർത്തിരിക്കുന്നു:

**1991-92 സാമ്പത്തിക വർഷത്തിലെ ജെ.ആർ.വൈ.പണികൾക്ക് വേണ്ടി 1,41,500 രൂപ അന്നത്തെ പഞ്ചായത്ത് മെമ്പർമാർക്ക് നൽകിയ അഡ്വാൻസ് തുകയാണ്.**

ജെ.ആർ.വൈ. പണികളുടെ വിവരം ചുവടെ ചേർക്കുന്നു:

(1) അരിങ്ങട വാർഡിൽ നെടുഞ്ചിറയുടെ ഉദ്ധാരണപണി

കൺവീനർ - എൻ. ബാലകൃഷ്ണൻ

അടങ്കൽ തുക - 73,000, അഡ്വാൻസ് തുക - 35,000

(2) പേഴുംകാലമുക്ക് - അമ്പലമുക്ക് റോഡിന്റെ ഉദ്ധാരണപണികൾ

കൺവീനർ - എൻ. ബാലകൃഷ്ണൻ

അടങ്കൽ തുക - 90,000, അഡ്വാൻസ് തുക - 15,000

(3) ആവണീശ്വരം-മുതുകുന്നം റോഡിൽ കലുങ്ക് നിർമ്മാണം

കൺവീനർ - സതീശ് കുമാർ

അടങ്കൽ തുക - 70,000, അഡ്വൻസ് തുക - 35,000

(4) കുരാ വാർഡിൽ ലൈബ്രറി ജംഗ്ഷൻ-ത്രിവേണി റോഡിന്റെ ഉദ്ധാരണപണികൾ

കൺവീനർ - ഗോപിനാഥപിള്ള

അടങ്കൽ തുക - 30,000, അഡ്വാൻസ് തുക - 10,000

(5) പാലവിളമുക്ക്-കൈലാസം ക്ഷേത്രം റോഡിന്റെ ഉദ്ധാരണപണികൾ

കൺവീനർ - ഡാനിയൽ വർഗ്ഗീസ്

അടങ്കൽ തുക - 99,000, അഡ്വാൻസ് തുക - 46,500

ടി പണികളിൽ ക്രമനമ്പർ 1, 2 എന്നീ പണികളുടെ അഡ്വാൻസ് തുക ഈടാക്കുന്നതിനുവേണ്ടി രണ്ട് പണികളുടെയും കൺവീനർ ആയ ശ്രീ. ബാലകൃഷ്ണന്റെ പേരിൽ ഈ ഓഫീസിൽ നിന്നും റവന്യൂ റിക്കവറിക്ക് വേണ്ടി ബഹുമാനപ്പെട്ട കൊല്ലം ജില്ലാ കളക്ടർക്ക് നൽകിയതാണ്. ടി റിക്കവറി ഒഴിവാക്കുന്നതിന് വേണ്ടി ടിയാൻ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഒ.പി. നമ്പർ 30316/2000 (എച്ച്) കേസ്സ് ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ആർ.ആർ.നടപടികളിൽ നിന്നും ടിയാനെ ഒഴിവാക്കി. കൊല്ലം DRDA പ്രോജക്ട് ഓഫീസറുടെ 9-3-2005-ലെ A1.281/05 കത്ത് പ്രകാരവും പഞ്ചായത്ത് കമ്മിറ്റിയുടെ 16-3-2005-ലെ IV(12) തീരുമാന പ്രകാരവും ടി അഡ്വാൻസ് തുകയുടെ പണി നടത്തി പരിഹരിച്ചിട്ടുള്ളതാണ്.

ക്രമനമ്പർ 3 പണിയുടെ അഡ്വാൻസ് തുക ഈടാക്കുന്നതിന് വേണ്ടി കൺവീനർ ആയ ശ്രീ. സതീശ്കുമാറിന്റെ പേരിൽ ഈ ആഫീസിൽ നിന്നും 31-10-1996-ന് മുൻപ് തന്നെ ആർ.ആർ. നടപടി സ്വീകരിച്ചിട്ടുണ്ട്. ടിയാന്റെ പേരിലുള്ള അഡ്വാൻസ്

തുകയും പലിശയും ഉൾപ്പെടെ 57,667 രൂപ ലഭിക്കുന്നതിനുവേണ്ടി പത്തനാപുരം തഹസീൽദാർ വഴി ബഹുമാനപ്പെട്ട കൊല്ലം ജില്ലാ കളക്ടർക്ക് റിപ്പോർട്ട് നൽകിയിരുന്നതാണ്. എന്നാൽ 28-12-2006-ലെ ബഹുമാനപ്പെട്ട കളക്ടറുടെ പുറത്തെഴുത്ത് നമ്പർ ആർ.2/60151/06 റിക്വിസിഷൻ പ്രകാരം പഞ്ചായത്ത് തന്നെ കൺവീനറിൽ നിന്നും എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് പറഞ്ഞ് മടക്കി നൽകിയിട്ടുള്ളതാണ്. ഈ ഓഫീസിൽ നിന്നും തുക ഈടാക്കുന്നതിന് വേണ്ടി ആർ.ആർ. നടപടി സ്വീകരിച്ചിട്ടുണ്ട്. (എ1-273/07 തീയതി 29-5-2008).

ക്രമനമ്പർ 4-ലെ കൺവീനർ ആയ ശ്രീ. ഗോപിനാഥൻ പിള്ള കൈപ്പറ്റിയ അഡ്വാൻസ് തുക 10,000 തിരികെ ലഭിക്കുന്നതിന് വേണ്ടി ടിയാന്റെ പേരിൽ ആർ.ആർ.നടപടി സ്വീകരിച്ചിട്ടുണ്ട് (എ.1-273/07 തീയതി 29-5-2008)

ക്രമനമ്പർ 5-ലെ കൺവീനർ ആയ ശ്രീ. ഡാനിയൽ വർഗ്ഗീസ് വർഷങ്ങളായി സ്ഥലത്ത് ഇല്ലാതിരിക്കുന്നതാണ്. നടപടിയുടെ ഭാഗമായി ടിയാൾക്ക് 20-9-2007-ന് രജി. പോസ്റ്റിൽ നോട്ടീസ് നൽകിയിരുന്നിട്ടും ടിയാൻ ഔട്ട് ഓഫ് സ്റ്റേഷൻ എന്ന് പറഞ്ഞ് കോപ്പി മടങ്ങി വന്നിട്ടുള്ളതാണ്. ആയതിനാൽ 46,500 രൂപ തിരിച്ച് പിടിക്കാൻ കഴിയാതിരിക്കുകയാണ്.

40. ഓഡിറ്റ് പരാമർശം സമിതിയുടെ 18-6-2008-ലെ തെളിവെടുപ്പ് യോഗം പരിഗണിക്കുകയുണ്ടായി. യോഗത്തിന്റെ സംക്ഷിപ്തം ചുവടെ ചേർത്തിരിക്കുന്നു:

ജെ. ആർ. വൈ. പദ്ധതിപ്രകാരം നൽകിയ മുൻകൂർ തുകകൾ ഈടാക്കുന്നതിനു സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നു സമിതി ആരാഞ്ഞു. മുൻകൂർതുകകൾ ക്രമീകരിക്കാനുള്ളതിൽ രണ്ടു വർക്കുകൾക്ക് മുൻ പഞ്ചായത്ത് മെമ്പറായിരുന്ന ശ്രീ. എൻ. ബാലകൃഷ്ണനായിരുന്നു കൺവീനറെന്ന് സെക്രട്ടറി സമിതിയെ അറിയിച്ചു. പണി പൂർത്തീകരിക്കാത്തതിനാൽ അദ്ദേഹത്തിനെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചുവെന്നും എന്നാൽ ഇതിനെതിരെ അദ്ദേഹം ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ ഡി.ആർ.ഡി.എ. പ്രോജക്ട് ഓഫീസർ നിർദ്ദേശിച്ചതനുസരിച്ച് പണിയുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് എടുക്കുകയും മുൻകൂർ തുകയ്ക്കുള്ള പണി നടത്തിയിട്ടുണ്ടെന്ന് കണ്ടെത്തുകയും ചെയ്തതിനാൽ പഞ്ചായത്ത് കമ്മിറ്റി റവന്യൂ റിക്കവറി നടപടികൾ നിർത്തിവെയ്ക്കാൻ തീരുമാനമെടുത്തതെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു. മറ്റു രണ്ടു കൺവീനർമാർക്കുമെതിരെ ആർ. ആർ. നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അതിൽ ഒരു കൺവീനർ പഞ്ചായത്ത് മെമ്പറായിരുന്ന സതീഷ്കുമാറായിരുന്നുവെന്നും അദ്ദേഹം കേസ് ഫയൽ ചെയ്തെങ്കിലും കേസിൽ സ്റ്റേ ലഭിച്ചില്ലെന്നും ആയതിനാൽ ആർ. ആർ. നടപടി സ്വീകരിക്കണമെന്ന് ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും മറ്റൊരു കൺവീനറായ ഗോപിനാഥൻ പിള്ളയ്ക്ക് ഇപ്പോൾ ആർ. ആർ. നോട്ടീസ് കൊടുത്തിട്ടുണ്ടെന്നും ഡാനിയേൽ വർഗ്ഗീസ് എന്ന മറ്റൊരു കൺവീനർ സ്ഥലത്തില്ലെന്നും അഡ്വാൻസ് വാങ്ങിയ സമയത്ത് ഉണ്ടായിരുന്നെങ്കിലും ആയതു സംബന്ധിച്ച ഫയൽ കാണുന്നില്ലെന്നാണ് ആദ്യം റിപ്പോർട്ട് ചെയ്തിരുന്നതെന്നും ഡി.ആർ.ഡി.എ.യുടെ ഓഫീസിൽ നിന്ന് തെളിവെടുപ്പു യോഗത്തിന്റെ തലേദിവസമാണ് (17-6-2008) 47,214 രൂപയുടെ പണി നടത്തിയതിന്റെയും എം. ബുക്കിൽ രേഖപ്പെടുത്തിയതിന്റെയും വിവരങ്ങളടങ്ങുന്ന ഫയൽ കിട്ടിയതെന്നും തലവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. ഡി.ആർ.ഡി.എ.യുടെ വർക്ക് പൂർത്തിയായതിന്റെ പാർട്ട് ബില്ലും എം.ബുക്കും ഉണ്ടെന്നും സെക്രട്ടറി അറിയിച്ചു.

ശ്രീ. ഡാനിയേൽ വർഗ്ഗീസിന്റെ കാര്യത്തിൽ അന്വേഷണം നടത്തി രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് കൊടുത്ത് ബോദ്ധ്യപ്പെടുത്തണമെന്നും ഡാനിയേൽ വർഗ്ഗീസിന് എം.ബുക്ക് പ്രകാരമുള്ള 47,214 രൂപയിൽ നിന്നും അയാൾ കൈപ്പറ്റിയ 46,500 രൂപാ കുറവ് ചെയ്യണമെന്നും മറ്റുളളവർക്കുളള ആർ. ആർ. നടപടി തുടർന്ന് നടത്തി ഒരു മാസത്തിനകം സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ആവശ്യപ്പെട്ടു.

41. സമിതി നിർദ്ദേശാനുസരണം തലവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 16-7-2008-ലെ A1273/07 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർത്തിരിക്കുന്നു:

കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം ക്രമനമ്പർ 1,2 ശ്രീ. എൻ. ബാലകൃഷ്ണൻ കൈപ്പറ്റിയ അഡ്വാൻസ് തുകകളുടെയും ക്രമനമ്പർ 5 ശ്രീ. ഡാനിയൽ വർഗ്ഗീസ് കൈപ്പറ്റിയ അഡ്വാൻസ് തുകയുടെയും ബില്ലുകൾ അംഗീകരിച്ച് പരാമർശം ഒഴിവാക്കിയിട്ടുള്ളതാണ്.

ആയതിലേക്ക് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. ക്രമനമ്പർ 3 ശ്രീ. സതീഷ് കുമാറും ക്രമനമ്പർ 4 ശ്രീ. ഗോപിനാഥപിള്ളയും കൈപ്പറ്റിയ അഡ്വാൻസ് തുകകൾ ഈടാക്കുന്നതിന് നടപടി സ്വീകരിച്ച് ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. അതിൻപ്രകാരം ടി രണ്ട് പേരുടേയും പേരിലുള്ള തുക ഈടാക്കുന്നതിന് ആർ.ആർ. നടപടി ആരംഭിച്ചിട്ടുണ്ട്. എന്നാൽ ടി നടപടി നിർത്തി വയ്ക്കണമെന്ന് ശ്രീ. സതീഷ് കുമാർ ബഹു. നിയമസഭ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി മുൻപാകെ അപേക്ഷ നൽകിയിരിക്കുന്നു. ആയതിനാൽ ആർ.ആർ.നടപടി തൽക്കാലം നിർത്തി വയ്ക്കുന്നു. അതിൻപ്രകാരം ആവശ്യമായ നിർദ്ദേശം നൽകണമെന്ന് അപേക്ഷിക്കുന്നു. ശ്രീ. ഗോപിനാഥപിള്ളയുടെ പേരിലുള്ള തുക ഈടാക്കുന്നതിന് ആർ.ആർ.നടപടികൾ സ്വീകരിക്കുന്നതാണെന്ന് ബോധിപ്പിച്ചു കൊള്ളുന്നു.

42. എന്നാൽ ശ്രീ. സതീഷ്കുമാർ സമിതിയിൽ സമർപ്പിച്ചു എന്നു പറയുന്ന അപേക്ഷ സമിതിയിൽ ലഭ്യമായിട്ടില്ല.

43. സമിതി നിർദ്ദേശാനുസരണം പരാമർശവുമായി ബന്ധപ്പെട്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ 20-11-2008-ലെ എൽ.എഫ്. 9351/സ്പെ.സെൽ.ജി. 2/08 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർത്തിരിക്കുന്നു.

"തലവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 19-8-2008-ലെ എ1-273/07-ാം നമ്പർ കത്ത് പ്രകാരം ശ്രീ. ഡാനിയേൽ വർഗ്ഗീസ് കൺവീനറായി നിർവ്വഹിച്ച പാലവിളമുക്ക്-കൈലാസം ക്ഷേത്രം റോഡിന്റെ ഉദ്ധാരണപണി സംബന്ധിച്ച ഫയൽ, എം.ബുക്ക് ബിൽ മുതലായവ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടുണ്ട്. ടിയാൻ 46,500 രൂപ മുൻകൂറായി കൈപ്പറ്റിയിട്ടുണ്ട്. 99,000 രൂപ എസ്റ്റിമേറ്റിലുള്ള ടി വർക്കിന് ടിയാൻ നിർവ്വഹിച്ചിട്ടുള്ള 47,214 രൂപയ്ക്കുള്ള വാല്യുവേഷൻ പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയിട്ടുള്ളത് പരിശോധിച്ചു ബോധ്യപ്പെട്ടിട്ടുണ്ട്.

**നിഗമനങ്ങൾ/ശുപാർശകൾ**

44. **ശ്രീ. ഡാനിയേൽ വർഗ്ഗീസ് കൺവീനറായി നിർവ്വഹിച്ച പ്രവൃത്തിയുടെ മൂല്യനിർണ്ണയം ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോധ്യപ്പെട്ടതായി റിപ്പോർട്ട് ചെയ്തിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെയുള്ള പരാമർശം ഒഴിവാക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു. ശ്രീ. ഗോപിനാഥപിള്ള, ശ്രീ. സതീഷ്കുമാർ എന്നീ കൺവീനർമാരിൽ നിന്ന് ബാദ്ധ്യത തുക ആർ.ആർ.നടപടിയിലൂടെ അടിയന്തിരമായി ഈടാക്കി സമിതിക്ക് റിപ്പോർട്ട് നൽകുവാനും സമിതി നിർദ്ദേശിക്കുന്നു.**

പന്മന ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**യു.ഡി.സി. നടത്തിയ പണാപഹരണം രൂപ 1,20,230**

പന്മന ഗ്രാമപഞ്ചായത്താഫീസിലെ യു.ഡി.ക്ലാർക്കായ ശ്രീ.കെ. ഗോപിനാഥൻനായർ രസീത് മുഖേന പിരിച്ചെടുത്ത തുക പഞ്ചായത്താഫീസിൽ അടയ്ക്കാതിരുന്നതുമൂലമുള്ള 1,20,230 രൂപയുടെ പണാപഹരണം 14-11-2002-ൽ ടി പഞ്ചായത്തിന്റെ ഓഡിറ്റ് വേളയിൽ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ജോലി വിഭജനപ്രകാരം വരവു രജിസ്റ്റർ സംബന്ധമായ ജോലികൾ മാത്രം ചെയ്യേണ്ടിയിരുന്ന ടിയാന് 13071-ാം നമ്പർ രസീത് ബുക്ക് 1-4-2001-ൽ ആഫീസ് കളക്ഷൻ നടത്തുന്നതിനായി ഏല്പിച്ചിരുന്നു. ടി രസീതുകൾ ഉപയോഗിച്ച് 4-12-2001 മുതൽ (രസീത് നമ്പർ 22 മുതൽ 98 വരെ) രൂപ 1,20,230 പിരിച്ചെങ്കിലും അത് ഫണ്ടിൽ ഒടുക്കു വരുത്താതെ പണാപഹരണം നടത്തിയിട്ടുള്ളതാണ്.

ശ്രീ. ഗോപിനാഥൻനായരെ 28-5-2002-ൽ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയും ടിയാൻ 31-5-2002-ൽ സർവ്വീസിൽ നിന്നും വിരമിക്കുകയും ചെയ്തു.

പഞ്ചായത്ത് ഫണ്ടിനുണ്ടായ 1,20,230 രൂപയുടെ നഷ്ടം ഈടാക്കാനുള്ള യാതൊരു നടപടിയും ഉണ്ടായിട്ടില്ല.

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം: 2003-2004, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.2.7)

45. ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 13-6-2008-ലെ 73186/എബി1/07/ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർത്തിരിക്കുന്നു:

പന്മന ഗ്രാമപഞ്ചായത്തിൽ 1998-99 വർഷത്തെ ആഡിറ്റ് റിപ്പോർട്ട് 3-9-2004-ലാണ് ലഭിച്ചത്. 14-9-2004-ൽ തന്നെ യു.ഡി.സി. ശ്രീ. ഗോപിനാഥൻ നായർക്ക് ബന്ധപ്പെട്ട ഓഡിറ്റ് പാരഗ്രാഫിന്റെ പകർപ്പ് സഹിതം (Letter No.P.509/04 Dated 14-9-2004) നോട്ടീസ് നൽകി. 7-10-2004-ൽ ടിയാന്റെ മറുപടി ലഭിച്ചു. മറുപടിയുടെ അടിസ്ഥാനത്തിൽ 2-11-2004-ൽ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് ആദ്യ മറുപടി അയച്ചു. (P.509/04 Dated 2-11-2004) 6-4-2005-ൽ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ ഫർതർ റിപ്പോർട്ടു ലഭിച്ചു. ടി 1,20,230 രൂപ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നും ഈടാക്കാൻ ടിയാന്റെ മറുപടിയിൽ അപേക്ഷിച്ചിട്ടുള്ളതിനാൽ ആയത്

പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നും ഈടാക്കുന്നതിന് 16-1-2006-ൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് പ്രൊപ്പോസൽ സമർപ്പിച്ചു. (P.509/04/Dated 16-1-2006) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 29-3-2007-ലെ സി. 4.788/06-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി തുകയായ 1,20,230 രൂപ 1,17,224 രൂപ പലിശസഹിതം 2,37,454 രൂപ അടയ്ക്കുന്നതിനാവശ്യപ്പെട്ട് ആർ.ആർ. നോട്ടീസ് 24-5-07-ൽ നൽകി (P.509/04 Dated 24-5-2007) 27-6-2007-ൽ ഗോപിനാഥൻ നായർ മറുപടി സമർപ്പിച്ചു. ഗ്രാറ്റുവിറ്റിയിൽ നിന്നും തുക ഈടാക്കി നൽകുന്നതിന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് പുതിയ പ്രൊപ്പോസൽ സമർപ്പിച്ചു. (P.509/04 Dated 26-9-2007) 18-5-2008-ൽ വീണ്ടും പ്രൊപ്പോസൽ സമർപ്പിച്ചു. (P.509/04 Dated 18-5-2008) ടിയാനെതിരെ വകുപ്പുതല നടപടികൾ പൂർത്തിയാകാത്തതിനാൽ ഡി.സി.ആർ.ജി.യോ മറ്റ് ആനുകൂല്യങ്ങളോ നൽകിയിട്ടില്ല. മുഴുവൻ തുകയും ഡി.സി.ആർ.ജി.-യിൽ നിന്ന് ഈടാക്കുവാൻ കഴിയാത്തതിനാൽ ബാക്കി തുക ആർ.ആർ. നടപടി വഴി ഈടാക്കുന്നതാണ്.

46. പ്രസ്തുത ഓഡിറ്റ് പരാമർശം സമിതിയുടെ 18-6-2008-ൽ ചേർന്ന തെളിവെടുപ്പ് യോഗം പരിഗണിക്കുകയുണ്ടായി. യോഗത്തിന്റെ സംക്ഷിപ്തം ചുവടെ ചേർത്തിരിക്കുന്നു:

ശ്രീ. ഗോപിനാഥൻ നായർക്കെതിരെയുള്ള വിജിലൻസ് കേസ് അവസാനിച്ചിട്ടില്ലെന്നും ടിയാന്റെ പെൻഷനാനുകൂല്യങ്ങൾ അയാളിൽ നിന്ന് പിടിക്കേണ്ട തുകയേക്കാൾ കുറവാണെന്നും അയാൾക്കെതിരെയുള്ള വിജിലൻസ് കേസ് ഫൈനലൈസ് ചെയ്ത് മൊത്തം ബാദ്ധ്യത തിട്ടപ്പെടുത്താത്തതു കൊണ്ടാണ് ഡി.സി.ആർ.ജി.യിൽ നിന്ന് തുക ഈടാക്കാൻ സാധിക്കാത്തതെന്നും പന്മന ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഇൻ-ചാർജ്ജ് സമിതിയെ അറിയിച്ചു. തന്റെ ഡി.സി.ആർ.ജി.യിൽ നിന്നും തുക ഈടാക്കാവുന്നതാണെന്ന് ശ്രീ. ഗോപിനാഥൻ നായർ പഞ്ചായത്തിനെ രേഖാമൂലം അറിയിച്ചിട്ടുണ്ടെന്ന് സെക്രട്ടറി തുടർന്നറിയിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

47. **യു.ഡി. ക്ലാർക്കായ ശ്രീ. കെ. ഗോപിനാഥൻ നായരെ പണാപഹരണം നടത്തിയതിന് 28-5-2002-ൽ സർവീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും ടിയാൻ സർവീസിൽ നിന്നും 31-5-2002-ന് പെൻഷൻ പറ്റി പിരിയുകയും ചെയ്തിട്ട് 8 വർഷം പിന്നിട്ടിട്ടും നാളിതുവരെയും ഇതു സംബന്ധിച്ച് വിജിലൻസ് കേസ് തീർപ്പാക്കുകയോ പഞ്ചായത്തിൽ നിന്നും അപഹരിക്കപ്പെട്ട തുക വീണ്ടെടുക്കുകയോ ചെയ്തിട്ടില്ലെന്നത് വളരെ ഗൗരവതരമായ ഒരു സംഗതിയായി സമിതി വിലയിരുത്തുന്നു. തന്റെ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നും പഞ്ചായത്തിനുണ്ടായ നഷ്ടം പലിശ സഹിതം ഈടാക്കുന്നതിന് കുറ്റവാളിയായ ഉദ്യോഗസ്ഥൻ രേഖാമൂലം സമ്മതപത്രം നൽകിയിട്ടും ആയത് വിജിലൻസ് കേസ് നിലവിലുണ്ടെന്ന ഒഴിവുകഴിവു പറഞ്ഞ് ഈടാക്കാതിരിക്കുന്നത് ഒട്ടും ആശാസ്യമായ നടപടിയല്ല. ആയതിനാൽ**

**ശ്രീ. ഗോപിനാഥൻ നായരിൽ നിന്നും പഞ്ചായത്തിനുണ്ടായ നഷ്ടം പലിശസഹിതം അടിയന്തിരമായി ഈടാക്കണമെന്നും തുക ഈടാക്കി ആയതു സംബന്ധിച്ച റിപ്പോർട്ട് സമിതിക്ക് സമർപ്പിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

**പണാപഹരണവുമായി ബന്ധപ്പെട്ട് ശ്രീ.കെ. ഗോപിനാഥൻ നായരുടെ ഡി.സി.ആർ.ജി.യിലെ തുക പൂർണ്ണമായും ഈടാക്കുകയും ബാക്കി ഈടാക്കേണ്ട തുക ആർ.ആർ. നടപടിയിലൂടെ അടിയന്തിരമായി ഈടാക്കി സമിതിയിൽ റിപ്പോർട്ട് ചെയ്യുവാൻ സമിതി നിർദ്ദേശിക്കുന്നു.**

## കൊറ്റങ്കര ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ഉല്പാദക ബോണസ് : 3.6 ലക്ഷത്തിന് വിതരണ രേഖയില്ല**

നെൽക്കൃഷിക്കാർക്ക് ഉല്പാദക ബോണസ് നൽകുന്ന പദ്ധതിയിൽ ബോണസ് നൽകുന്നതിന് പാടശേഖര സമിതി സെക്രട്ടറിമാർക്കും ഗ്രൂപ്പ് ഫാമിംഗ് സൊസൈറ്റി സെക്രട്ടറിമാർക്കും യഥാക്രമം 86,591 രൂപയും 2,76,436 രൂപയും നൽകിയിരിക്കുന്നു. തുകകളുടെ വിതരണരേഖകൾ പഞ്ചായത്ത് സെക്രട്ടറിമാർക്ക് സമർപ്പിക്കുന്നതാണെന്ന് കാണിച്ച് കരാർ എഴുതിയിട്ടുണ്ട്. എന്നാൽ തുകയുടെ വിതരണ വിനിയോഗം സംബന്ധിച്ച് യാതൊരു രേഖയും പഞ്ചായത്തിന് ഹാജരാക്കിയിട്ടില്ല. വിതരണ രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ കരാറിൽ പറയുന്നതു പോലെ 12.5% പലിശ സഹിതം ബന്ധപ്പെട്ടവരിൽ നിന്നും തുക ഈടാക്കേണ്ടതാണ്. 3,63,027 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം: 2004-05, ഓഡിറ്റ് ഖണ്ഡിക നമ്പർ: 3.2.1.1.1)

48. ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 13-6-2008-ലെ 73186/എബി1/07/ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർത്തിരിക്കുന്നു:

അവിഭക്ത കൊറ്റങ്കര ഗ്രാമപഞ്ചായത്തിന്റെ 1998-99-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിലെ 38-ാം ഖണ്ഡികയിലും 1999-2000-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിലെ 9-ാം ഖണ്ഡികയിലും, നെൽകൃഷിക്കാർക്ക് ഉല്പാദക ബോണസ് കൈപ്പറ്റിയ പാടശേഖര സമിതി സെക്രട്ടറിമാർ തുക വിതരണം ചെയ്ത രേഖ ഹാജരാക്കിയിട്ടില്ലെന്ന പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവർക്ക്, തുക പലിശ സഹിതം തിരിച്ചടയ്ക്കണമെന്നാവശ്യപ്പെട്ട് ഈ ഓഫീസിൽ നിന്നും നോട്ടീസ് നൽകുകയുണ്ടായി. കൂടാതെ അവരിൽ മിക്കവരേയും നേരിൽക്കണ്ട് കാര്യങ്ങൾ അറിയിക്കുകയും ചെയ്തു.

1998-99-ലെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്ന തുക കൈപ്പറ്റിയ 9 (ഒൻപത്) പാടശേഖര സമിതി സെക്രട്ടറിമാർ തങ്ങൾ തുക കൈപ്പറ്റി താമസംവിനാ, കൃഷി ഭവൻ അംഗീകരിച്ചു നൽകിയ ലിസ്റ്റു പ്രകാരം ബന്ധപ്പെട്ട കൃഷിക്കാർക്കു വിതരണം നടത്തി യെന്നും, ആയതിനുള്ള രേഖകൾ അന്നു തന്നെ പഞ്ചായത്താഫീസിൽ നൽകിയിട്ടു ണ്ടെന്നും പറയുന്നു.

ഈ പാടശേഖര സമിതി സെക്രട്ടറിമാരിൽ പനങ്കുറ്റി ഏലാസമിതി സെക്രട്ടറി ശ്രീ. വിക്രമൻ പിള്ള ഒഴികെയുള്ളവർ അന്ന് തുക വിതരണം ചെയ്ത രേഖയുടെ പകർപ്പുകൾ ഈ ഓഫീസിൽ ഹാജരാക്കിയിട്ടുണ്ട്.

നെല്ലുല്പാദകർക്കുള്ള ബോണസ് കൈപ്പറ്റി, കൃഷി ഭവൻ അംഗീകരിച്ച ലിസ്റ്റു പ്രകാരം കൃഷിക്കാർക്കു യഥാവിധി വിതരണം നടത്തിയിരുന്നുവെന്നും, രേഖകൾ അന്നു തന്നെ പഞ്ചായത്താഫീസിൽ നൽകിയെന്നും, പകർപ്പ് സൂക്ഷിക്കാൻ കഴിഞ്ഞി ല്ലെന്നും, ഇത്രയും കാലം കഴിഞ്ഞതിനാലും, സെക്രട്ടറി സ്ഥാനം വളരെ നേരത്തെ ഒഴിയുകയും, തുടർന്ന് സെക്രട്ടറിയായി വന്ന ശ്രീ. പി. ജി. ഗോപിനാഥൻ പരാലിസിസ് വന്നു കിടപ്പിലാകുകയും ചെയ്തതിനാൽ യാതൊരു പ്രകാരത്തിലും അന്നത്തെ രേഖകളുടെ പകർപ്പൊന്നും കണ്ടെടുക്കാൻ കഴിയാത്ത അവസ്ഥയാണെന്നും സത്യസന്ധമായി നടത്തിയിട്ടുള്ള കാര്യങ്ങളാകയാലും, രേഖകൾ യഥാസമയം പഞ്ചായത്തിൽ നൽകിയിട്ടുള്ളതിനാലും മേൽനടപടികൾ ഉണ്ടാകരുതെന്ന് അപേക്ഷിച്ചു കൊണ്ട് പനങ്കുറ്റി ഏലാസമിതിയുടെ അന്നത്തെ സെക്രട്ടറി ശ്രീ. വിക്രമൻ പിള്ള മറുപടി നൽകുകയുണ്ടായി.

1999-2000-ലെ അവിഭക്ത കൊറ്റങ്കര ഗ്രാമപഞ്ചായത്തിന്റെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിലെ 9-ാം ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള പ്രകാരം നെൽ ഉല്പാദക ബോണസ് കൈപ്പറ്റിയ 9 പാടശേഖര സമിതി സെക്രട്ടറിമാരിൽ പേരൂർ, പാട്ടുപുര യ്ക്കൽ എന്നീ പാടശേഖര സമിതികൾ കൈപ്പറ്റിയ മുഴുവൻ തുകയും ട്രാക്ടർ വാങ്ങുന്നതിലേക്കായി ഗുണഭോക്തൃ വിഹിതമായി രസീത് നമ്പർ 7/84405 തീയതി 28-5-1999 രസീത് നമ്പർ 8/84405 തീയതി 21-6-1999 പ്രകാരം യഥാക്രമം കൃഷിഭവനിൽ ഒടുക്കു വരുത്തിയിട്ടുണ്ട്. ബാക്കി പാടശേഖരസമിതി സെക്രട്ടറിമാരിൽ പനങ്കുറ്റി ഏലാസമിതി സെക്രട്ടറി ശ്രീ. പി. ജി. ഗോപിനാഥൻ പരാലിസിസ് വന്നു സംസാരശേഷി നഷ്ടപ്പെട്ട് കഴിയുകയാണ്. തങ്ങൾ കൈപ്പറ്റിയ തുകകൾ കൃത്യമായി കർഷകർക്ക് വിതരണം നടത്തിയിട്ടുണ്ടെന്നും, രേഖകൾ യഥാവിധി പഞ്ചായത്തിൽ നൽകിയിട്ടുണ്ടെന്നും മറ്റു പാടശേഖര സെക്രട്ടറിമാർ ഏകസ്വരത്തിൽ പറയുന്നു. കൂടാതെ അവരുടെ കൈവശമുണ്ടായിരുന്ന പകർപ്പിന്റെ ഒരു കോപ്പി നൽകുകയും ചെയ്തു. ശ്രീ. ഗോപിനാഥനും ആയത് നേരത്തെ പഞ്ചായത്തിൽ ഹാജരാക്കിയിട്ടുണ്ടാവു മെന്ന് വിശ്വസിക്കാവുന്നതാണ്.

മേൽപ്പറയുന്ന 9 പാടശേഖര സമിതികളിൽ പേരൂർ, മാമ്പുഴ എന്നീ രണ്ടു സമിതികൾ മാത്രമാണ് ഇപ്പോൾ ഈ പഞ്ചായത്തിലുള്ളത്. മറ്റുള്ളവ ഇളമ്പള്ളൂർ പഞ്ചായത്ത തിർത്തിയിലാണ്. പാടശേഖര സെക്രട്ടറിമാർ കൈപ്പറ്റിയ തുകകൾ അവർ കൃത്യമായി തന്നെ അർഹരായ കർഷകർക്ക് വിതരണം നടത്തിയിട്ടുണ്ടെന്നും

അവയുടെ രേഖകൾ യഥാവിധി പഞ്ചായത്തിൽ നൽകിയിട്ടുണ്ടെന്നും എല്ലാ പാടശേഖര സമിതി സെക്രട്ടറിമാരും ഏകസ്വരത്തിൽ പറയുന്നു. മാത്രവുമല്ല അറിയപ്പെടുന്ന കർഷകരോട് അന്വേഷിച്ചതിൽ ഉല്പാദന ബോണസ് ബന്ധപ്പെട്ട അധികാരസ്ഥാനങ്ങളിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് പാടശേഖര സെക്രട്ടറിമാർ അവ കൃത്യമായി തങ്ങൾക്ക് വിതരണം നടത്താറുണ്ടായിരുന്നതായും അവർ പറഞ്ഞു. പാടശേഖര സമിതികൾ തികഞ്ഞ ജനാധിപത്യസ്വഭാവമുള്ളതും സത്യസന്ധമായി പ്രവർത്തിക്കുന്നതുമാകയാൽ അവരുടെ പ്രസ്താവന വിശ്വസനീയമായി കരുതാവുന്നതാണ്. 2000-ൽ പഞ്ചായത്ത് വിഭജിച്ച് കൊറ്റങ്കര, ഇളമ്പള്ളൂർ പഞ്ചായത്തുകൾ രൂപീകരിക്കുകയും, കൊറ്റങ്കര പഞ്ചായത്തിന്റെ ആസ്ഥാനം ഇളമ്പൂരിൽ നിന്നും കുറ്റിച്ചിറയിലേക്ക് മാറ്റുകയും ചെയ്ത അവസരത്തിൽ ഈ രേഖകൾ സ്ഥാനം മാറിപ്പോകുകയോ നഷ്ടപ്പെടുകയോ ചെയ്തതാവാം. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കാൻ പഞ്ചായത്ത് സമിതി 11-1-2008-ലെ II(12) നമ്പർ പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

49. പ്രസ്തുത ഓഡിറ്റ് പരാമർശം സമിതിയുടെ 18-6-2008-ൽ നടന്ന തെളിവെടുപ്പ് യോഗം പരിഗണിക്കുകയുണ്ടായി. ടി യോഗത്തിന്റെ സംക്ഷിപ്തം ചുവടെ ചേർത്തിരിക്കുന്നു:

ജനകീയാസൂത്രണ പദ്ധതി തുടങ്ങിയ സമയത്ത് കൃഷി ഓഫീസുകൾ പഞ്ചായത്തിന്റെ കീഴിൽ ആക്കിയപ്പോൾ ഉൽപ്പാദക ബോണസ് കൃഷി ഓഫീസർ വഴി കൊടുക്കാതെ പഞ്ചായത്ത് നേരിട്ട് പാടശേഖര സമിതിക്ക് കൊടുത്തിരുന്നതായും പാടശേഖര സമിതി സെക്രട്ടറിമാർ കൃഷിക്കാർക്ക് പണം കൊടുത്തിട്ട് അതിന്റെ രസീത് പഞ്ചായത്തിൽ ഹാജരാക്കിയിട്ടുള്ളതായും 2000-ൽ പഞ്ചായത്ത് വിഭജിച്ച് കൊറ്റങ്കര, ഇളമ്പള്ളൂർ പഞ്ചായത്തുകൾ രൂപീകരിക്കുകയും കൊറ്റങ്കര പഞ്ചായത്തിന്റെ ഓഫീസ് ഇളമ്പള്ളൂരിൽ നിന്ന് കുറ്റിച്ചിറയ്ക്ക് മാറ്റുകയും ചെയ്തപ്പോൾ എങ്ങനെയോ രേഖകൾ നഷ്ടപ്പെട്ടുവെന്നാണ് മനസ്സിലായതെന്നും കൊറ്റങ്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. എന്നാൽ പാടശേഖര സമിതി സെക്രട്ടറിമാരുടെ കൈവശമുള്ള രേഖകൾ പരിശോധിച്ച് അവർ അന്ന് കൊടുത്തതിന്റെ കോപ്പികൾ ലഭ്യമാക്കിയിട്ടുണ്ടെന്നും അതിൽ ഒരാൾ മാത്രം രേഖകൾ അന്നു നൽകാതെ പിന്നീട് സെക്രട്ടറിയായി വന്നയാളിന്റെ കയ്യിൽ കൊടുത്തുവെന്നും ആ സെക്രട്ടറി പക്ഷാഘാതം പിടിപ്പെട്ട് കിടപ്പിലായതിനാൽ ആ രേഖകൾ മാത്രം കണ്ടെത്താനായില്ലെന്നും സെക്രട്ടറി അറിയിച്ചു. തുക കൈപ്പറ്റിയതു സംബന്ധിച്ച രസീതിന്റെ കോപ്പി ഓഡിറ്റ് വകുപ്പിൽ ഹാജരാക്കിയിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഇനി ഏതെങ്കിലും രസീതുകൾ ലഭിക്കാനുണ്ടെങ്കിൽ അവ ഒരാഴ്ചയ്ക്കകം ഓഡിറ്റിന് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

50. സമിതി നിർദ്ദേശാനുസരണം ഓഡിറ്റ് പരാമർശത്തിന്മേൽ രേഖകൾ പരിശോധിച്ച് ഓഡിറ്റ് വകുപ്പ് ഡയറക്ടർ 20-11-2008-ലെ എൽ.എഫ്. 9351/സ്പെ. സെൽ.ജി.2/08 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർത്തിരിക്കുന്നു:

കൊറ്റങ്കര ഗ്രാമപഞ്ചായത്തു സെക്രട്ടറിയുടെ 7-10-2008-ലെ എ 208/07(1)-ാം നമ്പർ കത്ത് പ്രകാരം പരിശോധനയ്ക്ക് അയച്ചുതന്ന രേഖകൾ പൂർണ്ണമല്ല. പാടശേഖര സമിതികൾക്ക് നെല്ലുല്പാദക ബോണസ് ഇനത്തിൽ നൽകിയ

3,63,027 രൂപയിൽ 3,28,345 രൂപയുടെ വിതരണരേഖകൾ മാത്രമേ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളൂ. (വിതരണ രേഖകളുടെയും കൈപ്പറ്റ് രസീതുകളുടെയും ഫോട്ടോ കോപ്പികൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. സെന്റിന് 1.40 രൂപ എന്ന ക്രമത്തിലാണ് ഓരോ കർഷകനും ബോണസ് നൽകിയിട്ടുള്ളത്. എന്നാൽ തുക നൽകിയതിന്റെ കൃത്യത പരിശോധിക്കാൻ വസ്തുവിന്റെ കരമടച്ച രസീത് ഹാജരാക്കിയിട്ടില്ല. പല രേഖകളും അവ്യക്തവുമാണ്. ആയതിനാൽ 3,28,345 രൂപയുടെ വിതരണത്തിന്റെ കൃത്യത പൂർണ്ണമായി പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.) ബാക്കി തുകയായ 34,682 രൂപ പനങ്കുറ്റി പാടശേഖര സമിതി കൈപ്പറ്റിയിട്ടുള്ളതാണെന്നും ടി സമിതിയുടെ ഇപ്പോഴത്തെ സെക്രട്ടറി പരാലിസിസ് ബാധിച്ച് സംസാരശേഷി നഷ്ടപ്പെട്ട് കിടപ്പിലായതിനാൽ ടി തുകയുടെ വിതരണ രേഖകൾ കണ്ടെത്തി പരിശോധനയ്ക്ക് ഹാജരാക്കാൻ നിർവ്വാഹമില്ലെന്നുമാണ് സെക്രട്ടറി അറിയിച്ചിട്ടുള്ളത്.

**നിഗമനങ്ങൾ/ശുപാർശകൾ**

51. **ഉൽപ്പാദക ബോണസ് വിതരണം സംബന്ധിച്ച്, വിതരണത്തിന്റെ കൃത്യത പൂർണ്ണമായി പരിശോധിക്കുന്നതിനായി, വ്യക്തമായ രേഖകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കുന്നതിനും പാടശേഖര സമിതി സെക്രട്ടറിയുടെ കൈവശമുള്ള രേഖകൾ കണ്ടെത്തി ഓഡിറ്റ് വകുപ്പിന് സമർപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതിനും സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കുളങ്ങളുടെ പുനരുദ്ധാരണം 7.03 ലക്ഷം പാഴ്ചെലവ്**

1997-98-ൽ ആരംഭിച്ച ജനകീയാസൂത്രണ പദ്ധതി പ്രകാരമുള്ള പുളിശ്ശേരി കുന്നുംകുളം, കോണത്തുകുളം, വെള്ളം കൊള്ളിക്കുളം, പാപ്പാക്കുളങ്ങര വലിയ കുളം, പള്ളിക്ക് പടിഞ്ഞാറ് പി.കെ.വി. ജംഗ്ഷന് സമീപമുള്ള കുളം എന്നിവയുടെ പുനരുദ്ധാരണ ജോലികൾക്ക് 1998-99-ൽ ഭാഗിക ബില്ലുകൾ തയ്യാറാക്കി അതുവരെയുള്ള മുഴുവൻ തുകയും അനുവദിക്കുകയും ബാക്കി ജോലികൾ ഉപേക്ഷിക്കുകയുമുണ്ടായി. ജോലികൾ തക്കതായ കാരണങ്ങൾ ഇല്ലാതെ പകുതിയാക്കി ഉപേക്ഷിച്ചതുമൂലം പ്രയോജനമില്ലാതെ തുക ചെലവാക്കുകയായിരുന്നു. ഈ ഇനത്തിൽ ആകെ ചെലവ് 7,03,008 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പഞ്ചായത്തിനുണ്ടായ നഷ്ടം ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം : 2004-05, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.2.1.1.2)

52. ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 13-6-2008-ലെ 73186/എബി1/07/ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർത്തിരിക്കുന്നു :

കുളങ്ങളുടെ പുനരുദ്ധാരണം എന്ന പ്രോജക്ടുകൾ ബന്ധപ്പെട്ട കുളങ്ങളോടനുബന്ധിച്ചുള്ള കൈത്തോടുകൾ കൂടി സൈഡ് കെട്ടി പൂർത്തീകരിക്കുന്ന തരത്തിലുള്ളതായിരുന്നു. കുളങ്ങളുടെ പണി പൂർത്തീകരിച്ചതിനു ശേഷം തോടിന്റെ പണി

ആരംഭിക്കാനിരിക്കെ, തോട് കടന്നുപോകുന്നതിന്റെ സൈഡിലുള്ള ഭൂമിയുടെ ഉടമസ്ഥർ തടസ്സപ്പെടുത്തുകയാൽ തോടുകളുടെ പണി നിർത്തി വയ്ക്കാൻ അന്നത്തെ പഞ്ചായത്ത് കമ്മിറ്റി തീരുമാനിക്കുകയും കുളങ്ങളുടെ പണി പൂർത്തിയാക്കിയതിന്റെ (അസി. എഞ്ചിനീയർ തയ്യാറാക്കിത്തന്ന) ബിൽ പ്രകാരമുള്ള തുക മാത്രം പാസ്സാക്കി കൊടുക്കുകയും ചെയ്തു. പാർട്ട് ബില്ലായി മാറിയിരിക്കുന്നെങ്കിലും ഈ പ്രോജക്ടിന് രണ്ട് സ്റ്റേജുള്ളതിൽ ഒന്ന് പൂർണ്ണമായും പൂർത്തീകരിച്ചതിന്റെ മാത്രം പണം നൽകുകയും രണ്ടാമത്തേത് നടത്തിയെടുക്കാൻ കഴിയായ്കയാൽ ഉപേക്ഷിക്കുകയും ചെയ്തതാണ്. നിലവിലുണ്ടായിരുന്ന തോട് വറ്റി വെള്ളം പാടങ്ങളിലേക്ക് എത്തിച്ചു കൊണ്ടിരിക്കുന്നതിനാൽ മുടക്കിയ പണത്തിന്റെ പ്രയോജനം ലഭിക്കുക തന്നെ ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കാൻ പഞ്ചായത്ത് കമ്മിറ്റി 24-9-2007-ലെ XIII(1) നമ്പർ പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

53. പ്രസ്തുത ഓഡിറ്റ് പരാമർശം 18-6-2008-ൽ ചേർന്ന യോഗത്തിൽ സമിതി പരിഗണിക്കുകയുണ്ടായി. പ്രസ്തുത യോഗത്തിന്റെ സംക്ഷിപ്തം ചുവടെ ചേർത്തിരിക്കുന്നു:

1997-98-ൽ ജനകീയാസൂത്രണ പദ്ധതി തുടങ്ങിയ സമയത്ത് കുളങ്ങളുടെ പുനരുദ്ധാരണവും അതിനോട് ചേർന്ന വയലുകളിലേക്ക് പോകുന്ന തോടുകളുടെ വിപുലീകരണത്തിനുമായുള്ള ഒരു പ്രോജക്ട് തയ്യാറാക്കി ഏഴെട്ട് കുളങ്ങളുടെ പണി പൂർത്തീകരിക്കുകയും ചെയ്തിരുന്നുവെന്ന് സെക്രട്ടറി സമിതിയെ അറിയിച്ചു. എന്നാൽ ലീഡിംഗ് പാനലിന്റെ പണി ആരംഭിച്ചപ്പോൾ പാനലിന്റെ രണ്ടു പാർശ്വങ്ങളിലുമുള്ള പുരയിടക്കാർ സ്ഥലം വിട്ടു കൊടുക്കാത്തതിനാൽ നിലവിലുള്ള തോട് വഴി വെള്ളം വിട്ടാൽ മതിയെന്നും പണി അവസാനിപ്പിക്കാമെന്നും അന്നത്തെ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചതിന്റെയടിസ്ഥാനത്തിൽ പൂർത്തിയായ പണിക്കുള്ള തുക മാത്രം പാസ്സാക്കി ക്കൊടുത്ത് പണി നിർത്തി വച്ചതായി കൊറ്റങ്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. പണി പൂർത്തിയായതു സംബന്ധിച്ച എം. ബുക്കും ബില്ലും ഉണ്ടെന്നും പാർട്ട് ബിൽ എന്ന് കാണിച്ചിട്ടുണ്ടെങ്കിലും പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം വച്ച് 10% റീടെൻഷൻ ഒന്നുമില്ലാതെ ഫൈനൽ ബില്ലായിട്ടാണ് കൊടുത്തിരുന്നതെന്നും സെക്രട്ടറി അറിയിച്ചു.

എം. ബുക്ക് സഹിതം ബന്ധപ്പെട്ട ഫയലുകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്നും നാട്ടുകാരുടെ തടസ്സംമൂലം പ്രോജക്ട് പൂർത്തീകരിക്കാൻ സാധിച്ചില്ലെന്നതും പഞ്ചായത്ത് കമ്മിറ്റിയെടുത്ത തീരുമാനവും ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തണമെന്നും സമിതി ആവശ്യപ്പെട്ടു.

54. സമിതി നിർദ്ദേശ പ്രകാരം രേഖകൾ പരിശോധിച്ച് 20-11-2008-ലെ എൽ.എഫ്. 9351/സ്പെ.സെൽ.ജി.2/08 നമ്പർ കത്തുപ്രകാരം ഓഡിറ്റ് വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ വിവരം ചുവടെ ചേർക്കുന്നു:

ബിൽ, എം.ബുക്ക്, മറ്റ് അനുബന്ധ രേഖകൾ പ്രോജക്ട് പൂർത്തീകരിക്കാൻ കഴിയാഞ്ഞതിന്റെ വിശദീകരണം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

**നിഗമനങ്ങൾ/ശുപാർശകൾ**

55. **കുളങ്ങളുടെ പുനരുദ്ധാരണം 7.03 ലക്ഷം രൂപ പാഴ്ചെലവ് എന്ന പരാമർശവുമായി ബന്ധപ്പെട്ട ബിൽ, എം. ബുക്ക്, മറ്റ് അനുബന്ധരേഖകൾ എന്നിവയും നാട്ടുകാരുടെ തടസ്സംമൂലം പ്രോജക്ട് പൂർത്തീകരിക്കുവാൻ സാധിച്ചില്ല എന്ന പഞ്ചായത്ത് കമ്മിറ്റി തീരുമാനവും അടിയന്തിരമായി ഓഡിറ്റ് വകുപ്പിനെ ബോദ്ധ്യപ്പെടുത്തുക. ഓഡിറ്റ് വകുപ്പ് ആയത് പരിശോധിച്ച് തടസ്സം ഒഴിവാക്കാമെങ്കിൽ ആയത് സമിതിക്ക് റിപ്പോർട്ട് ചെയ്യുക.**

ഏഴുകോൺ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**കൂട്ടുകൃഷിക്ക് ട്രാക്ടർ വാങ്ങിയത് കർഷകർക്ക് പ്രയോജനപ്പെട്ടില്ല**

ഗ്രൂപ്പ് ഫാമിംഗ് പ്രോത്സാഹിപ്പിക്കുന്നതിനും കർഷകരിൽ നിന്നും ന്യായമായ നിരക്കിൽ വാടക വാങ്ങി പഞ്ചായത്തിന് വരുമാനം ഉണ്ടാക്കുക എന്ന ഉദ്ദേശത്തോടെയും കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ കൊട്ടാരക്കര ബ്രാഞ്ചിൽ നിന്നും ഇൻവോയ്സ് കെ.ടി.ആർ./എസ്. 65/2/31-3.97 പ്രകാരം 3,08,771 രൂപ ചെലവഴിച്ച് ഒരു മഹീന്ദ്രാ ട്രാക്ടർ വാങ്ങിയിട്ടുണ്ട്. വർഷങ്ങളായി ട്രാക്ടർ പ്രവർത്തനരഹിതമായി പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുകയാണ്. ട്രാക്ടർ വാങ്ങിയതിന്റെ ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിന് യാതൊരുവിധ നടപടികളും കൃഷിവകുപ്പിൽ നിന്നോ പഞ്ചായത്തിൽ നിന്നോ സ്വീകരിച്ചിട്ടില്ല. ഇക്കാര്യത്തിൽ എത്രയും വേഗം ആവശ്യമായ മേൽ നടപടികൾ കൈക്കൊണ്ട് ഓഡിറ്ററിനെ അറിയിക്കുവാൻ രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ട്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം : 2004-05, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.2.1.2.1)

56. ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 13-6-2008-ലെ 73186/എബി1/07/തസ്വഭവ നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർത്തിരിക്കുന്നു :

ആഡിറ്റ് പാരായിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള ട്രാക്ടർ കേടുപാടുകൾ തീർത്ത് പ്രവർത്തനക്ഷമമാക്കുന്നതിന് 2007-2008 വർഷത്തെ പദ്ധതിരേഖയിൽ 33,780 രൂപ ഉൾപ്പെടുത്തുകയും 28,600 രൂപ ചെലവാക്കി ടി ട്രാക്ടർ നന്നാക്കുകയും ചെയ്തു. 2008-2009 സാമ്പത്തിക വർഷം മേയ് മാസത്തിൽ തന്നെ ട്രാക്ടർ പ്രവർത്തനക്ഷമമാക്കുകയും 13-5-2008 മുതൽ മണിക്കൂറിന് 350 രൂപ വച്ച് വാടകയ്ക്ക് നൽകി തുടങ്ങുകയും ചെയ്തിട്ടുണ്ട്.

57. പ്രസ്തുത ഓഡിറ്റ് പരാമർശം സമിതിയുടെ 18-6-2008-ൽ നടന്ന തെളിവെടുപ്പ് യോഗം പരിഗണിക്കുകയുണ്ടായി. യോഗനടപടികളുടെ സംക്ഷിപ്തം ചുവടെ ചേർത്തിരിക്കുന്നു :

ഡ്രൈവറില്ലാത്തതിനാൽ കുറച്ചുദിവസം മാത്രം ട്രാക്ടർ പ്രവർത്തിപ്പിച്ചിരുന്നില്ലെന്നും പ്രവർത്തനരഹിതമായ ട്രാക്ടർ കേടുപാടുകൾ തീർത്ത് പ്രവർത്തനക്ഷമമാക്കി 13-5-2008 മുതൽ മണിക്കൂറിന് 350 രൂപ വച്ച് ഓടിക്കുന്നുണ്ടെന്നും ഡ്രൈവറുടെയും ഡീസലിന്റെയും ചെലവു കഴിച്ച് നഷ്ടമില്ലാതെ പോകുന്നുവെന്നും സെക്രട്ടറി അറിയിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

**58. പ്രവർത്തനരഹിതമായ ട്രാക്ടർ കേടുപാടുകൾ തീർത്ത് പ്രവർത്തനക്ഷമമാക്കി മണിക്കൂറിന് 350 രൂപ നിരക്കിൽ ഓടിക്കുന്നുണ്ട് എന്ന വസ്തുതയുടെ അടിസ്ഥാനത്തിലും ഡ്രൈവറുടെയും ഡീസലിന്റെയും ചെലവു കഴിച്ച് നഷ്ടമില്ലാതെ പ്രവർത്തിക്കുന്നു എന്ന വസ്തുതയുടെ അടിസ്ഥാനത്തിലും പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**നിയമവിരുദ്ധമായി മുൻകൂർ നൽകിയ റോഡ് പുനരുദ്ധാരണ വേല പൂർത്തിയാക്കിയില്ല**

4,00,000 രൂപയ്ക്ക് എസ്റ്റിമേറ്റും സാങ്കേതികാനുമതിയുമുള്ള അമ്പലത്തുംകാല ഈലിയോട് റോഡ് പുനരുദ്ധാരണ ജോലിക്ക് എഗ്രിമെന്റുകളോ മറ്റ് യാതൊരുവിധ ഉടമ്പടികളോ രേഖപ്പെടുത്താതെ കൺവീനർക്ക് 3,17,000 രൂപ അനുവദിച്ചു. പണി ആരംഭിക്കുവാൻ സമാഹരണ മുൻകൂറും സാധനങ്ങളും സ്റ്റോക്ക് ചെയ്യുമ്പോൾ നിബന്ധനകൾക്ക് വിധേയമായി സെക്യേർഡ് മുൻകൂറും മാത്രമേ ജനകീയാസൂത്രണ നിയമപ്രകാരം അനുവദിക്കാവൂ എന്നിരിക്കെ ക്രമരഹിതമായി 3,17,000 രൂപ യാതൊരു മാനദണ്ഡവുമില്ലാതെ അനുവദിച്ച് കൊടുത്തിട്ടുണ്ട്. പണി നാളിതുവരെ നിർവ്വഹിച്ചതായ രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. തെറ്റായി അനുവദിച്ച 3,17,000 രൂപ പലിശ സഹിതം കൺവീനറിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കണം.

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം : 2004-05, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.2.1.2.2)

59. ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 13-6-2008-ലെ 73186/എ.ബി1/07/ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർക്കുന്നു:

ഓഡിറ്റ് പാരാപ്രകാരം നിരാകരിച്ചിട്ടുള്ള തുകയായ 3,17,000 രൂപയും അതിന്റെ പലിശയും കൺവീനറിൽ നിന്ന് ഈടാക്കുന്നതിനുവേണ്ടി ഈ ഓഫീസിലെ 12-2-2008-ലെ ഇ2.261/07 നമ്പർ കത്ത് പ്രകാരം ജില്ലാ കളക്ടർക്ക് റിപ്പോർട്ട്

ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടി വർക്കിന്റെ കൺവീനറായ ശ്രീ. ബി. ഹരികുമാറിൽ നിന്നും ടി തുക ഈടാക്കുന്നതിന് ബഹു. കൊല്ലം ജില്ലാ കളക്ടറുടെ 15-4-2008-ലെ D7.14288/08 നമ്പർ ഉത്തരവ് പ്രകാരം ആർ.ആർ. നടപടി ആയിട്ടുണ്ട്.

60. പ്രസ്തുത ഓഡിറ്റ് പരാമർശം 18-6-2008-ൽ നടന്ന സമിതി തെളിവെടുപ്പ് യോഗം പരിഗണിക്കുകയുണ്ടായി. യോഗത്തിന്റെ സംക്ഷിപ്തം ചുവടെ ചേർത്തിരിക്കുന്നു.

ഓഡിറ്റ് പരാമർശം സംബന്ധിച്ച പ്രവൃത്തിക്ക് എഗ്രിമെന്റുവെച്ച 9 പേരടങ്ങിയ കമ്മിറ്റിയിലെ എല്ലാവരെയും കത്തയച്ച് വരുത്തിയെങ്കിലും അവർക്ക് ഇത് സംബന്ധിച്ച വിവരങ്ങൾ അറിയില്ലെന്നും കൺവീനർ വന്നില്ലായിരുന്നെന്നും പ്രസ്തുത പണി കൺവീനറും പ്രസിഡന്റും ചേർന്നാണ് നടത്തിയതെന്നും മനസ്സിലാക്കിയതനുസരിച്ച് കൺവീനർക്ക് ആർ.ആർ. നോട്ടീസ് നൽകുകയും ജില്ലാ കളക്ടർ നടപടി സ്വീകരിക്കുകയും ചെയ്തെന്നും തുടർന്ന് കൺവീനർ കോടതിയിൽ പോയി 13-6-2008 വരേക്ക് സ്റ്റേ വാങ്ങിക്കുകയും സ്റ്റേയുടെ കാലാവധി അവസാനിച്ച വിവരം ജില്ലാ കളക്ടറെ അറിയിക്കുകയും ചെയ്തിട്ടുണ്ടെന്ന് എഴുകോൺ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

61. **കോടതി സ്റ്റേ നിലവിലുണ്ടെങ്കിൽ ആയത് അടിയന്തിരമായി വെക്കേറ്റ് ചെയ്ത് ഓഡിറ്റ് ഖണ്ഡിക പ്രകാരം നിരാകരിച്ചിട്ടുള്ള നിയമവിരുദ്ധമായി മുൻകൂർ നൽകിയ തുകയായ 3,17,000 രൂപയും അതിന്റെ പലിശയും കൺവീനറിൽ നിന്ന് ഈടാക്കുന്നതിനുള്ള ആർ.ആർ. നടപടി ത്വരിതപ്പെടുത്തി തുക ഈടാക്കിയതിന്റെ വിശദവിവരം രണ്ടു മാസത്തിനകം സമിതിയെ അറിയിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**അനാവശ്യമായി ടെലിവിഷൻ സെറ്റുകൾ വാങ്ങി പദ്ധതി പണം 1.6 ലക്ഷം നഷ്ടപ്പെടുത്തി**

27-6-1998-ലെ ചെക്ക് നമ്പർ 148618 പ്രകാരം 1,78,800 രൂപ 10 കെൽട്രോൺ ടെലിവിഷൻ സെറ്റുകൾക്കും അനുബന്ധ ഉപകരണങ്ങൾക്കുമായി കൊല്ലത്തെ മാളിയേക്കൽ ഇലക്ട്രോണിക്സിന് നൽകിയിട്ടുണ്ട്. സ്ഥാപനത്തിൽ നിന്നും വാങ്ങി സ്റ്റോക്കിലെടുത്ത ടെലിവിഷൻ സെറ്റുകളിൽ ഒരെണ്ണം മാത്രമാണ് വിതരണം ചെയ്തത്. ബാക്കിയുള്ളവ സ്ഥാപിക്കാൻ ടി. വി. കിയോസ്കുകൾ ഓഡിറ്റ് തീയതി വരെ പണി നടത്തുകയോ പൂർത്തീകരിക്കുകയോ ചെയ്തിട്ടില്ല. ടെലിവിഷൻ സെറ്റുകൾ സ്ഥാപിക്കുവാനുള്ള പ്രാഥമിക സൗകര്യങ്ങൾ പോലും ഇല്ലാതെ വാങ്ങിയ 9 ടെലിവിഷൻ സെറ്റുകളുടെ ചെലവ് പാഴ്ചെലവായി കണക്കാക്കുകയും അവയ്ക്ക് ചെലവായ 1,60,920 രൂപ ഓഡിറ്റിൽ നിരാകരിക്കുകയും ചെയ്യുന്നു.

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം : 2004-05, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.2.1.2.3)

62. ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 13-6-2008-ലെ 73186/എ.ബി1/07/ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർക്കുന്നു:

പട്ടികജാതി ആവാസ കേന്ദ്രങ്ങളിൽ ടി.വി. സ്ഥാപിക്കുന്നതിനുള്ള പദ്ധതി പ്രകാരം 10 ടി.വി. സെറ്റുകൾ വാങ്ങുകയും പൂർത്തിയായ 5 ടി.വി. കിയോസ്കുകളിൽ ടി.വി. സ്ഥാപിക്കുകയും ചെയ്തിരുന്നു. ശേഷിക്കുന്ന 5 ടി.വി.കളിൽ ഒരെണ്ണം കാരുവേലിൽ പ്ലാക്കോട് കോളനിയിലും ഒരെണ്ണം കാക്കക്കോട്ടൂർ പട്ടികജാതി കോളനിയിലെ ലൈബ്രറിയിലും ഒരെണ്ണം അമ്പലത്തുംകാല വാർഡിലും ഒരെണ്ണം പരുത്തംപാറ വാർഡിൽ പുത്തൻനട ഭാഗത്തും ഒരെണ്ണം 9-ാം വാർഡിൽ കൊച്ചാഞ്ഞിലിമൂട്ടിൽ പട്ടികജാതി ഹോസ്റ്റലിലും സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് 3-3-2008-ലെ 5-ാം നമ്പർ തീരുമാനപ്രകാരം സെക്രട്ടറിയെ ചുമതലപ്പെടുത്തി.

ടി തീരുമാന പ്രകാരം 1-ാം വാർഡ് കാരുവേലിൽ പ്ലാക്കോട് കോളനി, 4-ാം വാർഡ് അമ്പലത്തുംകാല വാർഡ്, കാക്കക്കോട്ടൂർ പട്ടികജാതി കോളനിയിലെ ലൈബ്രറി എന്നിവടങ്ങളിൽ ഓരോ ടി.വി. സ്ഥാപിച്ചിട്ടുണ്ട്. ശേഷിക്കുന്ന രണ്ട് ടി.വി.കൾ 15-6-2008-നകം ബന്ധപ്പെട്ട വാർഡുകളിൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

63. ഓഡിറ്റ് പരാമർശം 18-6-2008-ൽ നടന്ന സമിതി തെളിവെടുപ്പ് യോഗം പരിഗണിക്കുകയുണ്ടായി. പ്രസ്തുത യോഗത്തിന്റെ സംക്ഷിപ്തരൂപം താഴെ ചേർത്തിരിക്കുന്നു:

വാങ്ങിയ 10 ടി.വി. സെറ്റുകളിൽ 5 എണ്ണം നേരത്തെ ഫിറ്റ് ചെയ്തിട്ടുണ്ടെന്നും ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് കിട്ടിയ മൂന്നെണ്ണം പിന്നീട് ഫിറ്റ് ചെയ്തെന്നും ബാക്കിയുള്ള രണ്ടെണ്ണത്തിന്റെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് രണ്ടാഴ്ചയ്ക്കുള്ളിൽ ലഭ്യമാക്കാമെന്ന് പട്ടികജാതി വികസന ഓഫീസർ പറഞ്ഞിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചു. പട്ടികജാതി ആവാസ കേന്ദ്രങ്ങളിൽ സ്ഥാപിക്കുന്നതിന് വേണ്ടിയാണ് 10 ടി.വി. സെറ്റുകൾ വാങ്ങിയതെന്നും അവയിൽ 5 എണ്ണം ഇപ്പോൾ പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിരിക്കുകയാണെന്നും അദ്ദേഹം അറിയിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

**64. പദ്ധതി പ്രകാരം പട്ടികജാതി ആവാസ കേന്ദ്രങ്ങളിൽ സ്ഥാപിക്കാൻ അവശേഷിക്കുന്ന അഞ്ച് ടി.വി. സെറ്റുകൾ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാകുന്നമുറയ്ക്ക് ടി കേന്ദ്രങ്ങളിൽ അടിയന്തിരമായി സ്ഥാപിച്ച് പ്രസ്തുത വിവരം സമിതിയിൽ റിപ്പോർട്ട് ചെയ്യുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

## പവിത്രേശ്വരം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**തൊഴിൽ പരിശീലന കേന്ദ്രം ലക്ഷ്യം കൈവരിച്ചില്ല**

പട്ടികജാതി വിഭാഗത്തിന് തൊഴിൽ പരിശീലന കേന്ദ്രം സ്ഥാപിക്കുന്നതിനുവേണ്ടി വിഭാവനം ചെയ്ത പദ്ധതിയിൽ 2,11,248 രൂപ ചെലവാക്കി തിരുവനന്തപുരം കെൽട്രോണിൽ നിന്നും കമ്പ്യൂട്ടറുകളും അനുബന്ധ സാമഗ്രികളും വാങ്ങിയതായി കാണുന്നു. പട്ടികജാതി വിഭാഗത്തിനായി സ്ഥിരം പരിശീലന കേന്ദ്രം സ്ഥാപിക്കുക, പ്രാദേശികമായി സാദ്ധ്യതയുള്ള ചെറുകിട ഇടത്തരം സാങ്കേതിക വിദ്യകളിൽ പരിശീലനം, തൊഴിലില്ലായ്മ പരിഹരിക്കൽ, അദ്ധ്വാനശേഷി, സാങ്കേതിക മേന്മ നൽകി പ്രയോജനപ്പെടുത്തുക എന്നീ ലക്ഷ്യങ്ങൾ വച്ചുള്ള പദ്ധതി യാതൊരു ലക്ഷ്യങ്ങളും കൈവരിക്കാതെ വാങ്ങിയ കമ്പ്യൂട്ടറുകൾ ഉപയോഗശൂന്യമായി പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്നു. ഈ ഇനത്തിൽ ചെലവാക്കിയ 2,11,248 രൂപ പാഴ്ചെലവായതായി ആഡിറ്റിൽ കണക്കാക്കുന്നു.

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം : 2004-05, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.2.I.3.1)

65. ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 13-6-2008-ലെ 73186/എ.ബി1/07/ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർക്കുന്നു:

പവിത്രേശ്വരം ഗ്രാമപഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിലുള്ളവർക്ക് ചെറുകിട ഇടത്തരം സാങ്കേതിക വിദ്യകളിൽ പരിശീലനം നൽകി തൊഴിലില്ലായ്മ പരിഹരിക്കാനും സാങ്കേതിക മേന്മ നൽകി അദ്ധ്വാനശേഷി വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യംവച്ചുകൊണ്ട് 1998-99-ൽ തയ്യാറാക്കിയ പ്രോജക്ട് പ്രകാരം 2,11,248 രൂപ ചെലവാക്കി കെൽട്രോണിൽ നിന്നും കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങി പഞ്ചായത്താഫീസിൽ സൂക്ഷിച്ചിട്ടുണ്ട്. ടി സാമ്പത്തിക വർഷാവസാനമാണ് കമ്പ്യൂട്ടറുകൾ വാങ്ങിയിട്ടുള്ളത്. അടുത്ത വർഷവും തുടർന്നുള്ള വർഷങ്ങളിലും ഇതൊരു തുടർ പ്രോജക്ടായി പദ്ധതിയിൽ ഉൾപ്പെടുത്തുകയോ ഫണ്ട് വകയിരുത്തി തീരുമാനിക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ ടി പ്രോജക്ടിന്റെ തുടർപ്രവർത്തനങ്ങൾക്കായുള്ള സർവ്വേ നടത്തൽ, ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ, പരിശീലനം നൽകുന്നതിനായുള്ള ഇൻസ്ട്രക്ടർമാരെ നിശ്ചയിക്കൽ, പരിശീലനം നൽകൽ എന്നിവ നടത്തിയിരുന്നില്ല. വർഷങ്ങളായി ഉപയോഗിക്കപ്പെടാതെയിരുന്നതിനാൽ കമ്പ്യൂട്ടർ പൂർണ്ണമായി പ്രവർത്തനക്ഷമമല്ല. നടപ്പു സാമ്പത്തിക വർഷം (2007-2008) ഇതിനായി 1,00,000 രൂപ ഫണ്ട് വകയിരുത്തി പ്രോജക്ട് തയ്യാറാക്കി ബ്ലോക്കുതല ടെക്നിക്കൽ അഡ്വൈസറി സമിതി മുഖേന ഡി.പി.സി.യുടെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്. പ്രോജക്ട് നമ്പർ SO 70/07 [തീരുമാനം നമ്പർ 1(e) 22-8-2007] ടി പ്രോജക്ട് പ്രകാരം കമ്പ്യൂട്ടറുകൾ പ്രവർത്തനക്ഷമമാക്കി തെരഞ്ഞെടുക്കുന്ന പട്ടികജാതി ഗുണഭോക്താക്കൾക്ക് ഇൻസ്ട്രക്ടർമാർ മുഖേന പരിശീലനം നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്. ടി പ്രോജക്ട് തുടർപ്രോജക്ടായി വരുംവർഷങ്ങളിൽ ഉൾപ്പെടുത്തി ഈ പഞ്ചായത്തിൽ അർഹരായ മുഴുവൻ പട്ടികജാതി വിഭാഗത്തിനും കമ്പ്യൂട്ടർ തൊഴിൽ പരിശീലനം നൽകുകയാണ് ലക്ഷ്യം.

കേടായ കമ്പ്യൂട്ടറുകൾ 18,200 രൂപ ചെലവാക്കി പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. 20 ഗുണഭോക്താക്കളെ ഈ വർഷത്തെ പരിശീലനത്തിനായി തെരഞ്ഞെടുത്തു പരിശീലനം ആരംഭിക്കുന്നതിന് 20-5-2008-ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. ജൂൺ 15-ാം തീയതിയോടുകൂടി പരിശീലനം ആരംഭിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. വി.ഇ.ഒ.യാണ് ഈ പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ.

66. ഓഡിറ്റ് പരാമർശം 18-6-2008-ൽ നടന്ന സമിതി തെളിവെടുപ്പ് യോഗം പരിഗണിക്കുകയുണ്ടായി. പ്രസ്തുത യോഗത്തിന്റെ സംക്ഷിപ്തം ചുവടെ ചേർത്തിരിക്കുന്നു:

കെൽട്രോണിൽ നിന്ന് രണ്ട് കമ്പ്യൂട്ടറുകൾ വാങ്ങിയെന്നും അത് കേടായിപ്പോ യെന്നും വാങ്ങിയതിന്റെ ബിൽ ഫയലിലുള്ളതായറിഞ്ഞുവെന്നും സുഖമില്ലാത്തതിനാൽ സെക്രട്ടറിക്ക് ഹാജരാകാൻ കഴിഞ്ഞില്ലെന്നും മുൻ സെക്രട്ടറിമാർ ശ്രീമതി ഉഷാകുമാരി, ശ്രീ. അയ്യപ്പൻ, ശ്രീ. റ്റി. വി. സത്യസന്ധൻ എന്നിവരാണെന്നും സമിതിയുടെ ചോദ്യത്തിന് മറുപടിയായി പവിത്രേശ്വരം ഗ്രാമപഞ്ചായത്ത് ഹെഡ് ക്ലാർക്ക് സമിതിയെ അറിയിച്ചു.

തെളിവെടുപ്പ് യോഗത്തിൽ ഹാജരാകണമെന്ന് ആവശ്യപ്പെട്ട നിയമസഭാ സമിതിയുടെ കത്ത് മൂന്നാഴ്ച മുമ്പ് ലഭിച്ചിട്ടും സെക്രട്ടറി യോഗത്തിൽ ഹാജരാകുകയോ ഹാജരാകാൻ പറ്റാത്ത സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള കത്ത് നൽകി എക്സംപ്ഷൻ വാങ്ങുകയോ ഹെഡ് ക്ലാർക്കിനെ യോഗത്തിൽ ഹാജരായി തെളിവു നൽകുന്നതിന് ഓതറൈസ് ചെയ്യുകയോ ചെയ്യാത്തത് നിയമസഭാ സമിതിയോടുള്ള അനാദരവായി സമിതി വിലയിരുത്തി. കമ്മിറ്റിയിൽ ഹാജരാകാൻ സാധിക്കാതിരുന്നതിന്റെ കാരണം വിശദീകരിച്ച് തുടർനടപടികളിൽ നിന്ന് ഒഴിവാക്കാനുള്ള അപേക്ഷ കൊടുക്കണമെന്ന് സമിതി ആവശ്യപ്പെട്ടു. ശ്രീ. ശശിപിള്ളയാണ് നിലവിലുള്ള സെക്രട്ടറിയെന്നും ശ്രീമതി ഉഷാകുമാരിക്ക് മുമ്പുള്ള സെക്രട്ടറിയാണ് കമ്പ്യൂട്ടർ വാങ്ങിയതെന്നും ഹെഡ് ക്ലാർക്ക് സമിതിയെ അറിയിച്ചു.

രണ്ടു ലക്ഷത്തിൽപ്പരം രൂപ ചെലവാക്കി കമ്പ്യൂട്ടറുകളും അനുബന്ധ സാമഗ്രികളും വാങ്ങിയിട്ട് 10 വർഷമായിട്ടും ഉപയോഗയോഗ്യമാക്കാതെ വീണ്ടും 18,200 രൂപ അവ നന്നാക്കുന്നതിന് ചെലവഴിക്കുകയും ചെയ്ത പഞ്ചായത്തിന്റെ നടപടി നിരുത്തരവാദപരമാണെന്ന് സമിതി അഭിപ്രായപ്പെടുകയും കമ്പ്യൂട്ടർ വാങ്ങിയതു സംബന്ധിച്ച രേഖകൾ ഒന്നും ഇല്ലെന്നും സമിതി ചൂണ്ടിക്കാട്ടുകയും ചെയ്തു. ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തി സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്ററോട് സമിതി ആവശ്യപ്പെട്ടു.

67. സമിതി നിർദ്ദേശാനുസരണം ഓഡിറ്റ് പരാമർശത്തെ സംബന്ധിച്ച സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ 29-11-2008-ലെ 58986/എ.ബി1/08/ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ അന്വേഷണ റിപ്പോർട്ട് ചുവടെ ചേർത്തിരിക്കുന്നു:

പവിത്രേശ്വരം ഗ്രാമപഞ്ചായത്തിൽ 1998-99 വർഷം പട്ടികജാതി വിഭാഗത്തിന് തൊഴിൽ പരിശീലനം നൽകുന്നതിനായി തയ്യാറാക്കിയ പ്രോജക്ട് പ്രകാരം 2,11,248 രൂപ ചെലവാക്കി 4 കമ്പ്യൂട്ടറുകളും അനുബന്ധ സാമഗ്രികളും വാങ്ങി പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ടി വർഷം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയോ പരിശീലനം നൽകുകയോ ചെയ്തിരുന്നില്ല. 1998-99 വർഷത്തിനുശേഷം ടി പദ്ധതിക്ക് തുടർപ്രോജക്ടുകൾ വയ്ക്കുകയോ ഫണ്ട് വകയിരുത്തുകയോ

ചെയ്തില്ല. ഈ വിഷയം ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട സാഹചര്യത്തിൽ 2007-08 സാമ്പത്തിക വർഷം പ്ലാൻ ഫണ്ടിൽ നിന്നും 1,00,000 രൂപ നീക്കിവെച്ച് കമ്പ്യൂട്ടറുകൾ പ്രവർത്തനക്ഷമമാക്കി പട്ടികജാതി യിൽപ്പെട്ട വനിതകൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകാൻ പവിത്രേശ്വരം ഗ്രാമപഞ്ചായത്തിന്റെ 22-8-2007-ലെ യോഗം തീരുമാനിച്ചു.

പവിത്രേശ്വരം ഗ്രാമപഞ്ചായത്ത് നീക്കിവെച്ച 1,00,000 രൂപയിൽ 80,000 രൂപ 80 പട്ടികജാതി പഠിതാക്കൾക്ക് പരിശീലനത്തിനും 20,000 രൂപ മൂന്ന് കമ്പ്യൂട്ടറുകൾ റിപ്പയറിംഗിനും സർവ്വീസിംഗിനുമായി നീക്കിവെച്ചത്. ഇതിൽ 18,200 രൂപയ്ക്ക് മൂന്ന് കമ്പ്യൂട്ടറുകളും 3 പ്രിന്ററുകളും 2 UPS കളും റിപ്പയർ ചെയ്ത് ഗ്രാമപഞ്ചായത്തിനെ The BEEGLE എന്ന സ്ഥാപനം ഏൽപ്പിച്ചു. ടി കമ്പ്യൂട്ടറുകൾ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ട്. ഒരു കമ്പ്യൂട്ടർ റിപ്പയർ ചെയ്യാൻ കഴിയാത്ത സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ട്.

കമ്പ്യൂട്ടറുകൾ റിപ്പയറിംഗിനും പരിശീലനത്തിനുമായി ചെലവഴിച്ച 1,00,000 രൂപ യിൽ 18,200 രൂപ കഴിച്ച് ബാക്കി 81,800 രൂപ ഈ പദ്ധതി 2008-09-ൽ സ്പിൽ ഓവർ ആയി നടപ്പാക്കുന്നതിനായി വകയിരുത്തിയിട്ടുണ്ട്. കമ്പ്യൂട്ടർ പരിശീലനത്തി നായി 23 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ട്. ടി ഗുണഭോക്താക്കൾക്ക് കത്ത് അയയ്ക്കാൻ തീരുമാനിച്ചതായി അന്വേഷണ സമയത്ത് ഗ്രാമപഞ്ചായത്ത് സെക്രട്ടറി വെളിപ്പെടുത്തി. മാസ്റ്റർ ട്രെയിനറെ നിയമിച്ചുകൊണ്ട് പഞ്ചായത്ത് സമിതി തീരുമാനിച്ചാൽ ഉടൻ കമ്പ്യൂട്ടർ പരിശീലനം ആരംഭിക്കുന്നതാണെന്ന് ഈ പദ്ധതിയുടെ നിർവ്വഹണോദ്യോഗസ്ഥനായ വി.ഇ.ഒ. അറിയിച്ചിട്ടുണ്ട്.

ഏതാണ്ട് പത്ത് വർഷത്തിനുമുൻപ് വാങ്ങിയ കമ്പ്യൂട്ടറുകളാണ് 2007 വരെ ഉപയോഗശൂന്യമായി സൂക്ഷിച്ചിരുന്നത്. എന്നാൽ ഈ കമ്പ്യൂട്ടറുകൾ ഇപ്പോൾ റിപ്പയർ ചെയ്ത് ഉപയോഗയോഗ്യമാക്കി ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന സ്ഥിതിക്ക് വീണ്ടും കേടാകുന്നതിനുമുമ്പ് പട്ടികജാതി വനിതകൾക്ക് പരിശീലനം നൽകുന്നതിന് ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കാൻ പവിത്രേശ്വരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി മാസ്റ്റർ ട്രെയിനറെ അടിയന്തിരമായി നിയമിച്ച് തീരുമാനം എടുക്കുവാനും ഇക്കാര്യത്തി ലുള്ള പുരോഗതി സർക്കാരിനെ അറിയിക്കാനും ഗ്രാമപഞ്ചായത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**നിഗമനങ്ങൾ/ശുപാർശകൾ**

68. **കമ്പ്യൂട്ടർ പരിശീലനത്തിനായി തെരഞ്ഞെടുത്ത പട്ടികജാതി വനിതകൾക്ക് പരിശീലനം നൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ച് ആയതിലേക്കായി ഒരു മാസ്റ്റർ ട്രെയിനറെ അടിയന്തിരമായി നിയമിച്ച് ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ പുരോഗതി വിശദമായി സമിതിക്ക് റിപ്പോർട്ട് ചെയ്യണമെന്ന് ശുപാർശ ചെയ്യുന്നു.**

## മേലില ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ജനകീയാസൂത്രണ ചട്ടങ്ങൾക്ക് വിരുദ്ധമായി ഗുണഭോക്തൃ സമിതി കൺവീനർമാരെ നിയമിച്ചു**

ഗ്രാമപഞ്ചായത്തിൽ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി 2000-01-ൽ വിവിധ വാർഡുകളിൽ നടപ്പാക്കിയ വിവിധ പദ്ധതികളുടേയും നിർമ്മാണ പ്രവർത്തനങ്ങളുടേയും ഗുണഭോക്തൃ സമിതി കൺവീനറായി ഒരു വ്യക്തി പ്രവർത്തിച്ച് പണികൾ നടത്തിയതായി കാണുന്നു. ജനകീയാസൂത്രണ പദ്ധതി നിർവ്വഹണ ചട്ടങ്ങളനുസരിച്ച് ഒരു പദ്ധതിയുടെ ഗുണഭോക്തൃ സമിതി കൺവീനറാകുന്നത് നിർദ്ദിഷ്ട പദ്ധതി ഗുണഭോക്താക്കളിൽ ഒരാളായിരിക്കണമെന്ന് പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ശ്രീ. റെജി ജോൺ, ശ്രീ. മുരളീധരൻ എന്നീ വ്യക്തികൾ വിവിധ വാർഡുകളിലെ എട്ട് പണികൾക്ക് ഗുണഭോക്തൃ സമിതി കൺവീനർമാരായ സാഹചര്യം തൃപ്തികരമായി വിശദീകരിച്ചിട്ടില്ലാത്തതിനാൽ സർക്കാർ ഉത്തരവ് ദുർവിനിയോഗം ചെയ്ത നടപടിയെക്കുറിച്ച് സർക്കാർ തലത്തിൽ അന്വേഷണം നടത്തേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം : 2004-05, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.2.I.4.1.)

69. ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 13-6-2008-ലെ 73186/എബി1/07/തദ്ദേശസ്വയംഭരണ വകുപ്പ് നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർത്തിരിക്കുന്നു :

1. ശ്രീ. റെജി ജോൺ ഏറ്റെടുത്ത പ്രവർത്തികളിൽ സ്വന്തം വാർഡിൽപ്പെട്ട 3 പ്രവർത്തികൾ മാത്രമേ ഉൾപ്പെടുന്നുള്ളൂ.

(1) മിനി ഷോപ്പിംഗ് സെന്റർ

(2) കുരിയൻമുകൾ റോഡ്

(3) കല്ലൂർകുന്ന് റോഡ്

2. രണ്ട് പ്രവർത്തികൾ തൊട്ടടുത്ത വാർഡുകളിലേതാണ്

(1) എം.റ്റി.എസ്.എസ്.എൽ.പി.എസ്, പട്ടാമല റോഡ്

(2) ചേത്തടി യു.പി.എസ്.-വഞ്ചിനാംമുകൾ റോഡ്. ഈ രണ്ട് പ്രവർത്തികളുടെ കൺവീനർ സ്ഥാനം ഏറ്റെടുക്കുവാൻ അതാതു വാർഡുകളിൽ ആളില്ലാതെ വന്ന സാഹചര്യത്തിലാണ് ശ്രീ. റെജി ജോണിനെ രണ്ട് പ്രവർത്തികളും ഏൽപ്പിച്ചതെന്നറിയുന്നു.

3. വില്ലൂർ പി. എച്ച്. സെന്ററിന്റെ നിർമ്മാണം ഏറ്റെടുക്കുവാൻ സാങ്കേതിക വൈദഗ്ദ്ധ്യവും പ്രാദേശിക ധാരണയും സാമ്പത്തികവുമുള്ള ഒരു കൺവീനർ ആ വാർഡിൽ സന്നദ്ധനായി വരാതിരുന്നതാണ് ശ്രീ. റെജി ജോണിന് പണി നൽകുവാൻ ഇടയായതെന്നറിയുന്നു.

4. ചെങ്ങമനാട് ബി വാർഡിലെ അംഗനവാടി കെട്ടിടത്തിന്റേയും ചേത്തടി ലക്ഷം വീട് കോളനി അംഗനവാടി കെട്ടിടത്തിന്റേയും പണി നടത്തുവാൻ കഴിയാത്ത സാഹചര്യം (സ്ഥല നിർണ്ണയത്തിലെ പാളിച്ചയും കെട്ടിടത്തിന്റെ രൂപകല്പനയിലെ പരിമിതിയും) വന്നതിനെ തുടർന്ന് അഡ്വാൻസ് കൈപ്പറ്റിയ ശ്രീ. റെജി ജോൺ ചെങ്ങമനാട് ബി വാർഡിലെ അംഗൻവാടിയുടെ അഡ്വാൻസ് തുക തിരിച്ചടച്ചു. എന്നാൽ ചേത്തടി ലക്ഷം വീട് കോളനി അംഗൻവാടി കെട്ടിടത്തിന്റെ അഡ്വാൻസ് തുകയായ 12,500 രൂപ തിരിച്ചടച്ചിട്ടില്ല. ഈ തുക ഉപയോഗിച്ച് ടിയാൻ ടി കെട്ടിടത്തിന്റെ ഫൗണ്ടേഷൻ ബേസ്മെന്റ് കെട്ടിയ ശേഷമാണ് ടി പ്രവൃത്തി നാട്ടുകാർ തടഞ്ഞിട്ടുള്ള തെന്ന് ടിയാൻ രേഖാമൂലം കത്ത് നൽകിയിട്ടുണ്ടെങ്കിലും രേഖയിൽ അത് വ്യക്തമല്ല. പിന്നീട് ബ്ലോക്ക് വിഹിതം ചേർത്ത് ടി അംഗൻവാടി കെട്ടിടം എസ്/0060/05 പ്രോജക്റ്റ് പ്രകാരം 1,87,000 രൂപയ്ക്ക് കെ. സാബു, ചിറയിൽ പുത്തൻ വീട്, ഇളമ്പള്ളൂർ, കുണ്ടറ എന്ന കോൺട്രാക്ടർ പണി തീർത്ത് തുക കൈപ്പറ്റിയിട്ടുള്ളതാണെന്ന് രജിസ്റ്ററിൽ നിന്നും വ്യക്തമാകുന്നു. ഇക്കാരണത്താൽ ടിയാനിൽ നിന്നും 12,500 രൂപ 18% പലിശ സഹിതം തിരിച്ചടയ്ക്കണമെന്ന് അറിയിച്ചുകൊണ്ട് 18-3-2008-ൽ കത്ത് അയച്ചിട്ടുള്ളതുമാകുന്നു. ഇപ്പോൾ 29-5-2008-ൽ ടിയാന്റെ പേരിൽ റവന്യൂ റിക്കവറി നടപടിക്കായി ബഹുമാനപ്പെട്ട ജില്ലാ കളക്ടർക്ക് ആർ. ആർ. നോട്ടീസ് നൽകിയിട്ടുള്ള തുമാകുന്നു.

ജനകീയാസൂത്രണ പദ്ധതിയുടെ കൺവീനറാകുവാൻ തയ്യാറായി വന്നവർ പലരും തുടർവർഷങ്ങളിൽ കൺവീനറാകാൻ തയ്യാറാകാതിരുന്ന സാഹചര്യം ഉണ്ടായപ്പോഴാണ് നിശ്ചിത സമയപരിധിക്കുള്ളിൽ പിഴവില്ലാതെ ഏറ്റെടുക്കുന്ന പണികൾ പൂർത്തിയാക്കു വാൻ കഴിവുള്ള വ്യക്തി എന്ന നിലയിൽ ശ്രീ. മുരളീധരൻ നായരെ അദ്ദേഹത്തിന്റേ തല്ലാത്ത വാർഡുകളിലെ കൺവീനറായി തെരഞ്ഞെടുത്തത് എന്നറിയുന്നു.

ശ്രീ. മുരളീധരൻ നായർ ഏറ്റെടുത്ത എല്ലാ പ്രവൃത്തികളും തൃപ്തികരമായി പൂർത്തിയാക്കിയിട്ടുള്ളതും നാളിതുവരെ പൊതുജനങ്ങളിൽ നിന്ന് ഈ പ്രവൃത്തികളെ സംബന്ധിച്ച് പരാതികൾ ഒന്നും ലഭിച്ചിട്ടില്ലാത്തതുമാണ്. ശ്രീ. മുരളീധരൻ നായർ ഏറ്റെടുത്ത 8 പ്രവർത്തികളിൽ 6 പ്രവർത്തികൾ മേലില വാർഡിൽ ഉൾപ്പെട്ടതാണ്. മൈലാടുംപാറ നരിക്കുഴി റോഡിന്റെ പണിയും മൈലാടുംപാറ അംഗനവാടിയുടെ പണിയും സമീപ വാർഡിൽ ഉൾപ്പെട്ടതാണ്.

മിനി ഷോപ്പിംഗ് സെന്റർ, പി. എച്ച്. സെന്റർ, അംഗനവാടി, പല വാർഡുകളിലൂടെ കടന്നുപോകുന്ന റോഡുകൾ എന്നിവയുടെ ഗുണഭോക്താക്കൾ ആ വാർഡിലെ സ്ഥിരതാമസക്കാർ മാത്രമല്ല എന്ന വസ്തുത പരിഗണനയ്ക്കായി സമർപ്പിക്കുന്നു.

70. ഓഡിറ്റ് പരാമർശം 18-6-2008-ലെ സമിതി യോഗം പരിഗണിക്കുകയുണ്ടായി. പ്രസ്തുത യോഗത്തിന്റെ സംക്ഷിപ്തം ചുവടെ ചേർത്തിരിക്കുന്നു:

ജനകീയാസൂത്രണ ചട്ടങ്ങൾക്ക് വിരുദ്ധമായി ഗുണഭോക്തൃ സമിതിയിൽ അംഗങ്ങളല്ലാത്ത രണ്ടു പേരെ ഗുണഭോക്തൃ സമിതി കൺവീനർമാരായി നിയമിച്ചതു സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന് എല്ലാ വാർഡുകളിലേയും

വർക്കുകൾ നോക്കേണ്ടതുള്ളതിനാൽ ഇതിന് മറ്റാരും തയ്യാറാകാതിരുന്നതിനാലാണ് ശ്രീ. മുരളീധരനേയും റെജി ജോണിനേയും നിയമിച്ചതെന്നും ഇവരെ നിയമിച്ചത് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ടെന്നും അവർ ഏറ്റെടുത്തിരുന്ന പണികൾ പൂർത്തിയായെന്നും മേലില ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

ആകെ 8 വർക്കുകളിൽ 7 വർക്കുകൾ പൂർത്തിയാക്കിയെന്നും ഒരു വർക്ക് പൂർത്തിയാക്കാതിരുന്നതിനാൽ 12,500 രൂപയ്ക്ക് 29-5-2008-ൽ ആർ. ആർ. നടപടി യെടുത്തുവെന്നും പ്രസ്തുത തുകയ്ക്ക് ഫൗണ്ടേഷൻ കെട്ടിയെന്നാണ് കൺവീനർ പറയുന്നതെന്നും എന്നാൽ എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാലാണ് ആർ. ആർ. നടപടിയെടുത്തതെന്നും സെക്രട്ടറി അറിയിച്ചു.

ജനകീയാസൂത്രണ പദ്ധതി നിയമപ്രകാരം ഗുണഭോക്താക്കളിൽ നിന്നും മാത്രമേ കൺവീനറായി എടുക്കാൻ പാടുളളൂവെന്നും ചട്ടപ്രകാരം കാര്യങ്ങൾ ചെയ്യാനുള്ള ബാദ്ധ്യത സെക്രട്ടറിക്കാണെന്നും സമിതി ചൂണ്ടിക്കാട്ടുകയും പ്രസ്തുത വിഷയത്തിന്മേൽ ആർ.ആർ. നടപടി സ്വീകരിച്ച് അക്കാര്യം റിപ്പോർട്ട് ചെയ്യണമെന്നും സമിതി ആവശ്യപ്പെട്ടു.

**നിഗമനങ്ങൾ/ശുപാർശകൾ**

71. **ജനകീയാസൂത്രണ ചട്ടങ്ങൾക്ക് വിരുദ്ധമായി ഗുണഭോക്തൃ സമിതിയിൽ അംഗങ്ങളല്ലാത്തവരെ കൺവീനർമാരായി നിയമിച്ചുവെന്ന പരാമർശത്തിൽ, ചേത്തടി ലക്ഷം വീട് കോളനി അംഗനവാടി കെട്ടിടത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് കൺവീനർ ശ്രീ. റെജി ജോൺ തിരിച്ചടയ്ക്കേണ്ടതായ 12,500 രൂപയും ആയതിന് നാളിതുവരെയുള്ള പലിശ (12% നിരക്കിൽ)യും ആർ. ആർ. നടപടിയിലൂടെ അടിയന്തിരമായി ഈടാക്കി, വിവരം റിപ്പോർട്ട് ചെയ്യണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

## ചടയമംഗലം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**സമ്പൂർണ ഭവന പദ്ധതിയുടെ ചെലവിൽ ഗുരുതരമായ ക്രമക്കേടുകൾ**

സമ്പൂർണ്ണ ഭവന പദ്ധതി രണ്ടാംഘട്ടം പ്രകാരം ഗുണഭോക്തൃ വിഹിതം അടച്ചിരുന്നവർ പദ്ധതി ഇനി ആവശ്യമില്ലെന്ന് അറിയിച്ചിരുന്നതിനാൽ ഗുണഭോക്തൃ വിഹിതം തിരികെ നൽകുവാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനിക്കുകയും 220 പേർക്ക് 6,62,000 രൂപ പദ്ധതി തുകയിൽ നിന്നും തിരികെ നൽകുകയും ചെയ്തു. ഇതിനോട് അനുബന്ധിച്ച കണ്ടിജന്റ് വൗച്ചറും കൈപ്പറ്റ് രസീതിനോടൊപ്പം നിർദ്ദിഷ്ട തുകകൾ ഗുണഭോക്താക്കളിൽ നിന്നും വാങ്ങിയ പഞ്ചായത്ത് രസീതല്ലാതെ ഒരു പ്രത്യേക രസീതും വച്ചിട്ടുണ്ട്. രസീതുകൾ പ്രത്യേകമായി അച്ചടിക്കുകയും എന്നാൽ പ്രത്യേക സ്റ്റോക്ക് വിവരമോ ഇതുപയോഗിച്ച് പിരിച്ച തുകകളുടേ വിവരമോ എഴുതി സൂക്ഷിച്ചിട്ടില്ല. പിരിവിനത്തിൽ 8,69,000 രൂപ ജി.പി.ഡി.യിൽ വരവ് വന്നിട്ടുണ്ട്. അംഗീകരിച്ച പദ്ധതിയിലല്ലാതെ പ്ലാൻ ഫണ്ടിൽ നിന്നും തുകകൾ പിൻവലിക്കാൻ

അധികാരമില്ലാതിരിക്കെ പഞ്ചായത്തിന്റെ തെറ്റായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 6,62,000 രൂപ പിൻവലിക്കുകയും തുക തിരിച്ചു കൊടുക്കൽ 2002-03-ൽ തുടർന്നുകൊണ്ടിരിക്കുന്നത് ക്രമരഹിതവും പദ്ധതി തുകയുടെ ദുർവിനിയോഗവുമാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം : 2004-05, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.2.I.5.1.)

72. ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 13-6-2008-ലെ 73186/എബി1/07/തദ്ദേശസ്വയംഭരണ വകുപ്പ് നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർത്തിരിക്കുന്നു :

ഹഡ്കോ ധനസഹായത്തോടെയുള്ള കൊല്ലം ജില്ലാ പഞ്ചായത്തിന്റെ ജനകീയ പാർപ്പിട പദ്ധതിയിലേക്ക് (രണ്ടാംഘട്ടം) തെരഞ്ഞെടുക്കപ്പെട്ട 283 ഗുണഭോക്താക്കളിൽ നിന്നും 3,000 രൂപ പ്രകാരം 8,67,000 രൂപയും ഒരു ഗുണഭോക്താവിൽ നിന്നും 2,000 രൂപയും ഉൾപ്പെടെ 8,69,000 രൂപ ഗുണഭോക്തൃ വിഹിതമായി വാങ്ങിയിരുന്നു. എന്നാൽ കൊല്ലം ജില്ലാ പഞ്ചായത്ത് ജനകീയ പാർപ്പിട പദ്ധതി (രണ്ടാംഘട്ടം) നടപ്പിലാക്കിയില്ല. ഇപ്രകാരം നടപ്പിലാക്കാത്തതിനാൽ ഗുണഭോക്തൃ വിഹിതം തിരികെ നൽകുന്നതിന് ഗ്രാമപഞ്ചായത്ത് തീരുമാനിക്കുകയും, ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കൾക്ക് തിരികെ നൽകിയ 8,69,000 രൂപ ലോക്കൽ ഫണ്ട് ഓഡിറ്റിൽ നിരാകരിച്ചിരുന്നു. ഇപ്രകാരം 8,69,000 രൂപ തിരികെ നൽകിയ സെക്രട്ടറിയുടെ നടപടി സാധൂകരിക്കുന്നതിനായി ബഹുമാനപ്പെട്ട ഗവൺമെന്റിന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നിവേദനം നൽകുകയും ടി നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട കേരള ഗവൺമെന്റിന്റെ 28-2-2007-ലെ 41125/PA-3/2006/ തസ്വഭവ കത്തുപ്രകാരം ടി 8,69,000 രൂപ നൽകിയ സെക്രട്ടറിയുടെ നടപടിക്ക് സാധൂകരണം നൽകിയിട്ടുണ്ട്.

73. ഓഡിറ്റ് പരാമർശം 18-6-2008-ലെ സമിതി യോഗം പരിഗണിക്കുകയുണ്ടായി. യോഗത്തിന്റെ സംക്ഷിപ്തം ചുവടെ ചേർത്തിരിക്കുന്നു:

സമ്പൂർണ്ണ ഭവന പദ്ധതിക്കായി, ഹഡ്കോയിൽ നിന്നും, യഥാസമയം പണം ലഭിക്കാത്തതിനാൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ സാധിച്ചില്ലെന്നും ഗുണഭോക്തൃ വിഹിതമായി ഗുണഭോക്താക്കൾ അടച്ച തുക അവർ തിരികെ ആവശ്യപ്പെടുകയും പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനപ്രകാരം തുക തിരിച്ചു കൊടുക്കുകയാണുണ്ടായതെന്നും ചടയമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

**74. സമ്പൂർണ്ണ ഭവന പദ്ധതിക്കായി ഹഡ്കോയിൽ നിന്ന് യഥാസമയം ധനസഹായം ലഭിക്കാതെ വന്ന സാഹചര്യത്തിൽ ഗുണഭോക്താക്കൾക്ക് ഗുണഭോക്തൃ വിഹിതം തിരികെ കൊടുത്ത തുകയ്ക്ക് സർക്കാർ സാധൂകരണം ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

## വെളിനെല്ലൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**രസീത് പിരിവ് തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടില്ല**

1997-98-ലെ ഓഡിറ്റിൽ ഹാജരാക്കാതിരുന്ന 9 രസീത് ബുക്കുകൾ ഹാജരാക്കിയത് പരിശോധിച്ചപ്പോൾ 16,000 രൂപ പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തുവാനുള്ളതായി കണ്ടു. ഈ 9 രസീത് ബുക്കുകളിൽ ഉൾപ്പെട്ടിരുന്ന 22305, 22317 എന്നീ നമ്പരുകളിൽ തന്നെയുള്ള മറ്റു രണ്ടു രസീതു ബുക്കുകളുടെ ഇളകിയ അറുപത്തിയേഴ് താളുകൾ കൂടി ഓഡിറ്റ് സമയത്ത് സെക്രട്ടറി ഹാജരാക്കുകയുണ്ടായി. ഈ നമ്പരുകളുള്ള ഓരോ ബുക്കുകൾ മാത്രം സ്റ്റോക്കിൽ എടുത്തിരിക്കേ 22305, 22317 എന്നീ നമ്പരുകളിൽ രണ്ട് വ്യാജ രസീതു ബുക്കുകൾ കൂടി ഉണ്ടായിരുന്നുവെന്ന് സംശയിക്കുന്നു. ഹാജരാക്കിയ ഈ 67 താളുകളിൽ നിന്നുള്ള പിരിവായ 27,562 രൂപ പഞ്ചായത്തു ഫണ്ടിൽ ഒടുക്കു വരുത്തിയിട്ടില്ലാത്തതായി കാണുന്നു. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം കൈപ്പറ്റിയ 22317-ാം നമ്പർ രസീത് ബുക്കിലെ 1 മുതൽ 26-ാം നമ്പർ വരേയും 75 മുതൽ 100 വരെയുമുള്ള രസീതുകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ അവ ഉപയോഗിച്ച് പണം പിരിച്ചിട്ടുണ്ടോ എന്നും പഞ്ചായത്തിൽ നഷ്ടം ഉണ്ടായിട്ടുണ്ടോ എന്നും കണ്ടെത്തുവാൻ സാധിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം കൈപ്പറ്റിയിട്ടുള്ള 22305-ാം നമ്പർ രസീത് ബുക്കിന്റെ 1 മുതൽ 36 വരെയും 50 മുതൽ 88 വരെയും 95 മുതൽ 100 വരെയും നമ്പരിലുള്ള രസീതുകൾ ഹാജരാക്കിയിട്ടില്ല. ഇതേ നമ്പരിലുള്ള മറ്റൊരു ബുക്കിലെ ഇളകിയ താളുകളായി സെക്രട്ടറി ഹാജരാക്കിയ 37 മുതൽ 49 വരെയും 89 മുതൽ 94 വരെയും ഉള്ള നമ്പരുകൾ രേഖപ്പെടുത്തിക്കാണുന്നു.

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം : 2004-05, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.2.I.6.1)

75. ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 13-6-2008-ലെ 73186/എബി1/07/തദ്ദേശസ്വയംഭരണ വകുപ്പ് നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർത്തിരിക്കുന്നു :

വ്യാജ രസീതുകൾ അച്ചടിച്ച് പിരിവു നടത്തിയിട്ടുള്ളതായി ആഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുകയും വിശദമായ അന്വേഷണത്തിനും തുടർനടപടികൾക്കും ഭരണവകുപ്പിനോട് ആവശ്യപ്പെടുകയും ചെയ്തതനുസരിച്ച് പഞ്ചായത്തിലെ യു.ഡി. ക്ലാർക്ക് ശ്രീമതി കെ. രാജമ്മ, പ്യൂൺ ശ്രീമതി എ. സുകുമാരി എന്നിവരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയുണ്ടായി. കൂടാതെ ഈ വിഷയത്തിന്മേൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ കൊല്ലം യൂണിറ്റ് അന്വേഷണം നടത്തിവരുന്നു. ഈ കേസിന്മേൽ പൂയപ്പള്ളി പോലീസ് സ്റ്റേഷനിലെ 18-4-2004-ലെ ക്രൈം നമ്പർ 158/02 ചാർജ് ഷീറ്റുപ്രകാരം കൊട്ടാരക്കര ഒന്നാം ക്ലാസ്സ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി II-ൽ C.C. 957/04-ാം നമ്പരായി കേസ് നടന്നുവരുന്ന സാഹചര്യത്തിൽ പഞ്ചായത്തിൽ നിന്നും തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

76. പ്രസ്തുത ഓഡിറ്റ് ഖണ്ഡിക സമിതിയുടെ 18-6-2008-ലെ സമിതി യോഗം പരിഗണിക്കുകയുണ്ടായി. യോഗത്തിന്റെ സംക്ഷിപ്തം ചുവടെ ചേർത്തിരിക്കുന്നു:

രസീത് പിരിവിനത്തിൽ എന്ത് പിരിവാണ് നടത്തിയിട്ടുള്ളതെന്നും ഇതു സംബന്ധിച്ച കേസ് നിലവിലുണ്ടോയെന്നും സമിതി ആരാഞ്ഞതിന് 1997-98-ൽ ഓഡിറ്റിന് ഹാജരാക്കാതിരുന്ന 9 രസീതു ബുക്കുകൾ ഹാജരാക്കിയത് പരിശോധിച്ചപ്പോൾ അതിൽ 16,000 രൂപ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവാനുള്ളതായി കണ്ടുവെന്നും ഇത് സംബന്ധിച്ച് കേസ് നിലവിലുണ്ടെന്നും ഇതുമായി ബന്ധപ്പെട്ട യു.ഡി.ക്ലാർക്ക് ശ്രീമതി കെ. രാജമ്മ, പ്യൂൺ ശ്രീമതി എ. സുകുമാരി എന്നിവർ സസ്പെൻഷനിൽ തുടരുകയാണെന്നും രണ്ടു നമ്പറുകൾ ഇരട്ടിപ്പ് രസീതു ബുക്കുകളായിട്ടാണ് ഓഡിറ്റിൽ കണ്ടതെന്നും വെളിനെല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

പ്രസ്തുത വിഷയം സംബന്ധിച്ച കേസിൽ അന്തിമ തീരുമാനം ഉണ്ടാകാൻ കാലതാമസത്തിനു കാരണമെന്താണെന്ന സമിതിയുടെ ചോദ്യത്തിന് 2002-ലാണ് ചാർജ്ജ്ഷീറ്റ് വന്നതെന്നും 2004-ലാണ് കൊട്ടാരക്കര 1-ാം ക്ലാസ്സ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ സി.സി. നമ്പർ ഇട്ടുവന്നതെന്നും കേസ് ഡിസ്പോസൽ ആയിട്ടില്ലെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

സസ്പെൻഷനിൽ നിൽക്കുന്നവരെ 6 വർഷമായിട്ടും തിരിച്ചെടുക്കാൻ നടപടിയെടുക്കാത്തതെന്തുകൊണ്ടാണെന്ന് സമിതി ആരാഞ്ഞതിന് വിജിലൻസിൽ കേസ് നിലനിൽക്കുന്നതിനാൽ അവരുടെ കൺകറൻസോടു കൂടിയേ തിരിച്ചെടുക്കാൻ സാധിക്കുകയുള്ളൂവെന്നും അവർ അപേക്ഷ തന്നാൽ മാത്രമേ നടപടിയെടുക്കാൻ സാധിക്കുകയുള്ളൂവെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

**77. രസീത് പിരിവ് തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടില്ല എന്ന പരാമർശവുമായി ബന്ധപ്പെട്ട വിജിലൻസ് കേസിന്റെ അന്തിമ തീർപ്പ് സമിതിക്ക് റിപ്പോർട്ട് ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

വർക്കല കഹാർ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2012 മാർച്ച് 21.

അനുബന്ധം I

## പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും

| *ക്രമ നമ്പർ* | *ബന്ധപ്പെട്ട സ്ഥാപനം* | *ഖണ്ഡിക നമ്പർ* | *നിഗമനങ്ങൾ/ശുപാർശകൾ* |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | വെളിയം ഗ്രാമപഞ്ചായത്ത് | 3 | മൊബിലൈസേഷൻ അഡ്വാൻസായി യഥാക്രമം 15,000 രൂപ 31-3-1999 ലും10,000 രൂപ 24-3-2000-ലും കൺവീനർമാർക്കു നൽകിയെങ്കിലും പണി ആരംഭിക്കുകയോ പൂർത്തീകരിക്കുകയോ ചെയ്യാത്തതുമൂലം യഥാക്രമം 19-3-2000-ലും 24-9-2002-ലും മാത്രമാണ് ടി തുക തിരികെ ഈടാക്കിയിരിക്കുന്നത്. സാധാരണ പലിശ നിരക്കിൽ 12% പലിശ കണക്കാക്കിയാൽ ഒരു വർഷം 25,000 രൂപയ്ക്ക് 3,000 രൂപാ നിരക്കിൽ പലിശ ഈടാക്കേണ്ടതാണ്. എന്നാൽ 3 വർഷക്കാലത്തിനുശേഷം തുക തിരികെ ഈടാക്കിയപ്പോൾ പലിശയിനത്തിൽ വെറും ആയിരത്തി ഒരുനൂറ്റി നാൽപ്പത്തിനാലു രൂപ മാത്രമേ ഈടാക്കിയതായി കാണുന്നുള്ളൂ. ആയതിനാൽ പലിശ 12% സാധാരണ നിരക്കിൽ കണക്കാക്കി ബാക്കി പലിശയിനത്തിൽ ഈടാക്കേണ്ട തുക കൂടി കൺവീനർമാരിൽ നിന്നും അടിയന്തിരമായി ഈടാക്കണമെന്നും ഇതു സംബന്ധിച്ച റിപ്പോർട്ട് സമിതിക്ക് നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 2 | അഞ്ചൽ ഗ്രാമപഞ്ചായത്ത് | 6 | ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് ശ്രീ. റ്റി. എം. സൈനുദ്ദീൻ റാവുത്തറിന്റെ പേരിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഇഷ്യൂ ചെയ്തിരുന്ന സർചാർജ് സർട്ടിഫിക്കറ്റ് അനുസരിച്ചുള്ള തുക (6,000 രൂപ) ഈടാക്കിയതിനാൽ പ്രസ്തുത തടസ്സം ഒഴിവാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | എന്നാൽ ടി ഓഡിറ്റ് ഖണ്ഡിക പ്രകാരം തന്നെ നിരാകരിച്ചിട്ടുള്ള 13,462 രൂപയുടെ ചെലവ് എപ്രകാരം ക്രമീകരിച്ചു എന്നതിന്റെ വിശദമായ പരിശോധനാ റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കുവാൻ ഓഡിറ്റ് വകുപ്പിനോട് സമിതി ശുപാർശ ചെയ്യുന്നു. |
| | | | കേരളോത്സവത്തിന് ഇപ്പോൾ അനുവദിച്ചു വരുന്ന തുക തീരെ അപര്യാപ്തമാണെന്ന് സമിതി നിരീക്ഷിച്ചു. കേരളോത്സവം കായികക്ഷമതാവികസനം, സർഗ്ഗപ്രതിഭാ വികസനം എന്നിവയ്ക്ക് സഹായകരമായതുകൊണ്ടുതന്നെ കേരളോത്സവത്തെ ഒരു ഡെവലപ്മെന്റൽ ആക്ടിവിറ്റിയായി കണക്കാക്കി പഞ്ചായത്തുകളുടെ പ്ലാൻ ഫണ്ടിൽ നിന്നുകൂടി പണം അനുവദിക്കുന്നകാര്യം പരിഗണിക്കണമെന്ന് സർക്കാരിനോടു സമിതി ശുപാർശ ചെയ്യുന്നു. |
| 3 | തെന്മല ഗ്രാമപഞ്ചായത്ത് | 10 | ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് ആർ.ആർ. നടപടിയിലൂടെ ഈടാക്കേണ്ട ബാക്കി തുക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദമായ റിപ്പോർട്ടും, അല്ലാത്തപക്ഷം ടി തുക അടിയന്തിരമായി ഈടാക്കി പ്രസ്തുത വിവരം സമിതിയെ അറിയിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 4 | നീണ്ടകര ഗ്രാമപഞ്ചായത്ത് | 13 | ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട ഫയൽ, തുക വിനിയോഗിച്ചതു സംബന്ധിച്ച വിശദാംശങ്ങൾ, വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ അടിയന്തിരമായി സമിതിയിൽ ഹാജരാക്കുവാൻ 18-6-2008-ൽ ചേർന്ന തെളിവെടുപ്പ് യോഗത്തിൽ സമിതി നിർദ്ദേശിക്കുകയും അതനുസരിച്ച് ബന്ധപ്പെട്ട ഫയലുകൾ നിയമസഭാ സെക്രട്ടേറിയറ്റിനു അയച്ചു തരണമെന്ന് 22-9-2008-ലെ കത്തുപ്രകാരം ആവശ്യപ്പെടുകയും ചെയ്തിരുന്നു. എന്നാൽ നാളിതുവരെ ബന്ധപ്പെട്ട ഫയൽ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | സമിതിയുടെ പരിശോധനയ്ക്ക് ഹാജരാക്കുകയോ ഇത് സംബന്ധിച്ച് യാതൊരു അധികവിവരവും നൽകുകയോ ചെയ്യാതിരുന്നത് സമിതിയോടുള്ള അനാദരവായി സമിതി വിലയിരുത്തുന്നു. ഫയലുകളും അനുബന്ധരേഖകളും സമിതിക്കു ഹാജരാക്കുന്നതിൽ വീഴ്ച വരുത്തിയത് മനഃപൂർവ്വമാണെന്ന് സമിതി വിലയിരുത്തുന്നു. കാലവർഷത്തിലും ക്ഷാമകാലത്തും ദുരിതമനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ഇതര തൊഴിൽ മേഖലകളിൽ പരിശീലനം നൽകി പുതിയ വരുമാനമാർഗ്ഗം കണ്ടെത്തുന്നതിന് പ്രാപ്തരാക്കുന്നതിനു വേണ്ടി പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ പദ്ധതികൾ രൂപീകരിച്ചുനടപ്പാക്കുന്നതിനു നൽകിയ തുക യാതൊരു നിബന്ധനകളോ ഉപാധികളോ ഇല്ലാതെ വനിതാ വികസന കോർപ്പറേഷന് കൈമാറുകയും ഓഡിറ്റ് തടസ്സമുണ്ടായിട്ടും അതു പരിഹരിക്കാതെ സമിതി യോഗം നടക്കുന്നതുവരെ വിനിയോഗ സർട്ടിഫിക്കറ്റ് വാങ്ങാതെയും പദ്ധതി പണ വിനിയോഗത്തിൽ നീണ്ടകര ഗ്രാമപഞ്ചായത്ത് തികഞ്ഞ അലംഭാവമാണ് കാണിച്ചിരിക്കുന്നതെന്ന് സമിതി ചൂണ്ടിക്കാട്ടുന്നു. സമിതിയോഗത്തിന്റെ തലേ ദിവസം മാത്രമാണ് വിനിയോഗ സർട്ടിഫിക്കറ്റ് വാങ്ങിയതെന്ന വസ്തുത കണക്കിലെടുത്താൽ സർട്ടിഫിക്കറ്റിന്റെ വിശ്വാസ്യത തന്നെ സംശയിക്കപ്പെടേണ്ടിയിരിക്കുന്നു. ആയതിനാൽ മത്സ്യത്തൊഴിലാളികൾക്ക് ഇതര മേഖലകളിൽ തൊഴിൽ പരിശീലനം നൽകുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ P.D. അക്കൗണ്ടിൽ മത്സ്യ വകുപ്പ് നിക്ഷേപിച്ച മൂന്നു ലക്ഷം രൂപയുടെ വിനിയോഗം സംബന്ധിച്ച് സമഗ്രമായ ഒരു അന്വേഷണം നടത്തി ആയതിന്റെ റിപ്പോർട്ട് സമിതിക്ക് നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | പദ്ധതി സംബന്ധിച്ച ഫയലും അനുബന്ധ രേഖകളും സമിതിക്ക് ഹാജരാക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിച്ച് സമിതിക്ക് ആയതിന്റെ റിപ്പോർട്ട് നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| | നീണ്ടകര ഗ്രാമപഞ്ചായത്ത് | 16 | പൊന്നാറമുക്ക് കായൽവാരം റോഡിന്റെ മെയിന്റനൻസുമായി ബന്ധപ്പെട്ട് പണി പൂർത്തീകരിച്ചത് സംബന്ധിച്ച 'കംപ്ലീഷൻ സർട്ടിഫിക്കറ്റ്' ബ്ലോക്ക് അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ലഭ്യമായതായും ആയത് ഓഡിറ്റ് വകുപ്പിനെ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ടെന്നും സെക്രട്ടറി വിശദീകരിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 5 | ആലപ്പാട് ഗ്രാമപഞ്ചായത്ത് | 20 | സ്വന്തമായി കക്കൂസുകൾ നിർമ്മിക്കുന്നതിനായി 51 ഗുണഭോക്താക്കൾക്ക് വ്യക്തിഗത ആനുകൂല്യങ്ങൾ നൽകിയത് സംബന്ധിച്ച കൃത്യമായ രേഖകൾ ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് അടിയന്തിരമായി ലഭ്യമാക്കുക. കൂടാതെ 8/2000 വരെ പൂർത്തീകരിച്ച 792 കക്കൂസുകളിൽ 258 കക്കൂസുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഓഡിറ്റ് വകുപ്പ് ആവശ്യപ്പെട്ടിരുന്ന വൗച്ചറുകൾ ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്കായി ഹാജരാക്കുക. കൂടാതെ ഒരു പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് തന്നെ മറ്റൊരു പദ്ധതിയിൽ അതേ ആവശ്യത്തിന് പിന്നെയും പണം നൽകിയിരിക്കുന്നതിന്റെ സാഹചര്യത്തേയും പ്രോജക്ടിലെ മാനദണ്ഡങ്ങൾക്കും നിർദ്ദേശങ്ങൾക്കും വിരുദ്ധമായി പണി ചെയ്തിരിക്കുന്നതിനെ സംബന്ധിച്ചുമുള്ള വിശദീകരണം ഓഡിറ്റ് വകുപ്പിന് നൽകുക. ഓഡിറ്റ് വകുപ്പ് ആയതു പരിശോധിച്ച് |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 6 | കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത് | 25 | ഓഡിറ്റ് പരാമർശത്തിലെ വിവിധ പ്രവൃത്തികളുമായി ബന്ധപ്പെട്ട ഫയലുകൾ, വാല്യുവേഷൻ സർട്ടിഫിക്കറ്റുകൾ, ബന്ധപ്പെട്ട രജിസ്റ്ററുകൾ എന്നിവ ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കുകയും, ഓഡിറ്റ് വകുപ്പ് ആയതു പരിശോധിച്ച് രണ്ടു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 7 | ഏരൂർ ഗ്രാമപഞ്ചായത്ത് | 28 | കാഞ്ഞിവയൽ-താന്നിമൂട് റോഡ് പണിക്കായി ഇറക്കിയ ടാർ ഉപയോഗിക്കാത്തതുമൂലം ഓഡിറ്റിൽ നിരാകരിച്ച 40,974 രൂപ ഉത്തരവാദിയായ മുൻ സെക്രട്ടറി ശ്രീ. എം. കമറുദ്ദീനിൽ നിന്നും ഈടാക്കി സമിതിക്ക് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 8 | ചിതറ ഗ്രാമപഞ്ചായത്ത് | 32 | ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട കാലയളവിലെ മിനിട്ട്സ് ബുക്ക് ആഡിറ്റ് വകുപ്പ് പരിശോധിച്ച് 5 ടി.വി. സെറ്റുകൾ അധികം വാങ്ങുന്നതിനായുള്ള തീരുമാനം ഉണ്ടായിരുന്നോ എന്ന വസ്തുത സമിതിയെ അറിയിക്കുക. അപ്രകാരം പഞ്ചായത്ത് തീരുമാനമില്ലായിരുന്നെങ്കിൽ കമ്മിറ്റി തീരുമാനമില്ലാതെ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് അധികം വാങ്ങിയ 5 ടി.വി. സെറ്റുകളുടെ വിലയും ആയതിന്റെ നാളിതുവരെയുള്ള പലിശയും (12% നിരക്കിൽ) ഉൾപ്പെടെയുള്ള തുക കണക്കാക്കി പ്രസ്തുത തുക പരാമർശ വിധേയനായ സെക്രട്ടറിയിൽ നിന്നും ഈടാക്കിയതിന്റെ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കുക. |
| 9 | മൺറോത്തുരുത്ത് ഗ്രാമപഞ്ചായത്ത് | 35 | മത്സ്യത്തൊഴിലാളി ഭവന പദ്ധതി പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കാത്തവർക്ക് ആനുകൂല്യം നൽകി എന്ന പരാമർശവുമായി ബന്ധപ്പെട്ട്, ഗ്രാമസഭ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | തയ്യാറാക്കിയ ഗുണഭോക്താക്കളുടെ ലിസ്റ്റിൽ നിന്നും രണ്ടു പേരെ തെരഞ്ഞെടുക്കുകയും അവർക്ക് ആനുകൂല്യം നൽകുകയാണുണ്ടായതെന്നും ടി വസ്തുതകളുടെ രേഖകൾ ഫയലിലുണ്ടെന്നുമുള്ള പഞ്ചായത്തിന്റെ വിശദീകരണം സമിതി മുഖവിലയ്ക്കെടുക്കുകയും ഓഡിറ്റ് ഖണ്ഡിക ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ പരിശോധനയ്ക്കുശേഷം ഒഴിവാക്കുന്നതിന് ശുപാർശ ചെയ്യുകയും ചെയ്യുന്നു. |
| 10 | തേവലക്കര ഗ്രാമപഞ്ചായത്ത് | 38 | പൊതുധനം ചെലവാക്കി ഒരു പദ്ധതി നടപ്പാക്കുമ്പോൾ അതിന്റെ പ്രായോഗികതയെക്കുറിച്ചും പ്രയോജനത്തെക്കുറിച്ചും അതിൽനിന്നുള്ള വരുമാനം സംബന്ധിച്ചും വിശദമായ പഠനം നടത്തി ഒരു മിനിമം പ്രോജക്ടെങ്കിലും തയ്യാറാക്കേണ്ടിയിരുന്നുവെന്ന് സമിതി അഭിപ്രായപ്പെട്ടു. എന്നിരുന്നാലും ഈ പദ്ധതി നടപ്പിലാക്കിയതിലെ ഉദ്ദേശശുദ്ധി കണക്കിലെടുത്ത് ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. |
| 11 | തലവൂർ ഗ്രാമപഞ്ചായത്ത് | 44 | ശ്രീ. ഡാനിയേൽ വർഗ്ഗീസ് കൺവീനറായി നിർവ്വഹിച്ച പ്രവൃത്തിയുടെ മൂല്യനിർണ്ണയം ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോധ്യപ്പെട്ടതായി റിപ്പോർട്ട് ചെയ്തിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെയുള്ള പരാമർശം ഒഴിവാക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു. ശ്രീ. ഗോപിനാഥപിള്ള, ശ്രീ. സതീഷ്കുമാർ എന്നീ കൺവീനർമാരിൽ നിന്ന് ബാദ്ധ്യത തുക ആർ.ആർ. നടപടിയിലൂടെ അടിയന്തിരമായി ഈടാക്കി സമിതിക്ക് റിപ്പോർട്ട് നൽകുവാനും സമിതി നിർദ്ദേശിക്കുന്നു. |
| 12 | പന്മന ഗ്രാമപഞ്ചായത്ത് | 47 | യു.ഡി. ക്ലാർക്കായ ശ്രീ. കെ. ഗോപിനാഥൻ നായരെ പണാപഹരണം നടത്തിയതിന് 28-5-2002-ൽ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും ടിയാൻ സർവ്വീസിൽ നിന്നും 31-5-2002-ന് |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | പെൻഷൻ പറ്റി പിരിയുകയും ചെയ്തിട്ട് 8 വർഷം പിന്നിട്ടിട്ടും നാളിതുവരെയും ഇതു സംബന്ധിച്ച് വിജിലൻസ് കേസ് തീർപ്പാക്കുകയോ പഞ്ചായത്തിൽ നിന്നും അപഹരിക്കപ്പെട്ട തുക വീണ്ടെടുക്കുകയോ ചെയ്തിട്ടില്ലെന്നത് വളരെ ഗൗരവതരമായ ഒരു സംഗതി യായി സമിതി വിലയിരുത്തുന്നു. തന്റെ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നും പഞ്ചായത്തിനുണ്ടായ നഷ്ടം പലിശ സഹിതം ഈടാക്കുന്നതിന് കുറ്റവാളി യായ ഉദ്യോഗസ്ഥൻ രേഖാമൂലം സമ്മ തപത്രം നൽകിയിട്ടും ആയത് വിജിലൻസ് കേസ് നിലവിലുണ്ടെന്ന ഒഴിവുകഴിവു പറഞ്ഞ് ഈടാക്കാതിരിക്കു ന്നത് ഒട്ടും ആശാസ്യമായ നടപടിയല്ല. ആയതിനാൽ ശ്രീ. ഗോപിനാഥൻ നായരിൽ നിന്നും പഞ്ചായത്തിനുണ്ടായ നഷ്ടം പലിശസഹിതം അടിയന്തിരമായി ഈടാക്കണമെന്നും തുക ഈടാക്കി ആയതു സംബന്ധിച്ച റിപ്പോർട്ട് സമിതിക്ക് സമർപ്പിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.<br><br>പണാപഹരണവുമായി ബന്ധപ്പെട്ട് ശ്രീ. കെ. ഗോപിനാഥൻ നായരുടെ ഡി.സി.ആർ.ജി.യിലെ തുക പൂർണ്ണമായും ഈടാക്കുകയും ബാക്കി ഈടാക്കേണ്ട തുക ആർ.ആർ. നടപടിയിലൂടെ അടിയന്തിരമായി ഈടാക്കി സമിതിയിൽ റിപ്പോർട്ട് ചെയ്യുവാൻ സമിതി നിർദ്ദേശി ക്കുന്നു. |
| 13 | കൊറ്റങ്കര ഗ്രാമപഞ്ചായത്ത് | 51 | ഉൽപ്പാദക ബോണസ് വിതരണം സംബന്ധിച്ച്, വിതരണത്തിന്റെ കൃത്യത പൂർണ്ണമായി പരിശോധിക്കുന്നതിനായി, വ്യക്തമായ രേഖകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കുന്നതിനും പാടശേഖര സമിതി സെക്രട്ടറിയുടെ കൈവശമുള്ള രേഖകൾ കണ്ടെത്തി ഓഡിറ്റ് വകുപ്പിന് സമർപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതിനും സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 13 | കൊറ്റങ്കര ഗ്രാമപഞ്ചായത്ത് | 55 | കുളങ്ങളുടെ പുനരുദ്ധാരണം 7.03 ലക്ഷം രൂപ പാഴ്ച്ചെലവ് എന്ന പരാമർശവുമായി ബന്ധപ്പെട്ട ബിൽ, എം. ബുക്ക് മറ്റു അനുബന്ധ രേഖകൾ എന്നിവയും നാട്ടുകാരുടെ തടസ്സംമൂലം പ്രോജക്ട് പൂർത്തീകരിക്കുവാൻ സാധിച്ചില്ല എന്ന പഞ്ചായത്ത് കമ്മിറ്റി തീരുമാനവും അടിയന്തിരമായി ഓഡിറ്റ് വകുപ്പിനെ ബോദ്ധ്യപ്പെടുത്തുക. ഓഡിറ്റ് വകുപ്പ് ആയത് പരിശോധിച്ച് തടസ്സം ഒഴിവാക്കാമെങ്കിൽ ആയത് സമിതിക്ക് റിപ്പോർട്ട് ചെയ്യുക. |
| 14 | ഏഴുകോൺ ഗ്രാമപഞ്ചായത്ത് | 58 | പ്രവർത്തനരഹിതമായ ട്രാക്ടർ കേടുപാടുകൾ തീർത്ത് പ്രവർത്തനക്ഷമമാക്കി മണിക്കൂറിന് 350 രൂപ നിരക്കിൽ ഓടിക്കുന്നുണ്ട് എന്ന വസ്തുതയുടെ അടിസ്ഥാനത്തിലും ഡ്രൈവറുടെയും, ഡീസലിന്റെയും ചെലവു കിഴിച്ച് നഷ്ടമില്ലാതെ പ്രവർത്തിക്കുന്നു എന്ന വസ്തുതയുടെ അടിസ്ഥാനത്തിലും പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| | ” | 61 | കോടതി സ്റ്റേ നിലവിലുണ്ടെങ്കിൽ ആയത് അടിയന്തിരമായി വെക്കേറ്റ് ചെയ്ത് ഓഡിറ്റ് ഖണ്ഡിക പ്രകാരം നിരാകരിച്ചിട്ടുള്ള നിയമവിരുദ്ധമായി മുൻകൂർ നൽകിയ തുകയായ 3,17,000 രൂപയും അതിന്റെ പലിശയും കൺവീനറിൽ നിന്ന് ഈടാക്കുന്നതിനുള്ള ആർ.ആർ. നടപടി ത്വരിതപ്പെടുത്തി തുക ഈടാക്കിയതിന്റെ വിശദവിവരം ഒരു മാസത്തിനകം സമിതിയെ അറിയിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| | ” | 64 | പദ്ധതി പ്രകാരം പട്ടികജാതി ആവാസ കേന്ദ്രങ്ങളിൽ സ്ഥാപിക്കാൻ അവശേഷിക്കുന്ന അഞ്ച് ടി.വി. സെറ്റുകൾ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ടി കേന്ദ്രങ്ങളിൽ അടിയന്തിര |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | മായി സ്ഥാപിച്ച് പ്രസ്തുത വിവരം സമിതിയിൽ റിപ്പോർട്ട് ചെയ്യുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 15 | പവിത്രേശ്വരം ഗ്രാമപഞ്ചായത്ത് | 68 | കമ്പ്യൂട്ടർ പരിശീലനത്തിനായി തെരഞ്ഞെടുത്ത പട്ടികജാതി വനിതകൾക്ക് പരിശീലനം നൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ച് ആയതിലേക്കായി ഒരു മാസ്റ്റർ ട്രെയിനറെ അടിയന്തിരമായി നിയമിച്ച് ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ പുരോഗതി വിശദമായി സമിതിക്ക് റിപ്പോർട്ട് ചെയ്യണമെന്ന് ശുപാർശ ചെയ്യുന്നു. |
| 16 | മേലില ഗ്രാമപഞ്ചായത്ത് | 71 | ജനകീയാസൂത്രണ ചട്ടങ്ങൾക്ക് വിരുദ്ധമായി ഗുണഭോക്തൃ സമിതിയിൽ അംഗങ്ങളല്ലാത്തവരെ കൺവീനർമാരായി നിയമിച്ചുവെന്ന പരാമർശത്തിൽ, ചേത്തടി ലക്ഷംവീട് കോളനി അംഗൻവാടി കെട്ടിടത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് കൺവീനർ ശ്രീ. റെജി ജോൺ തിരിച്ചടയ്ക്കേണ്ടതായ 12,500 രൂപയും ആയതിന് നാളിതുവരെയുള്ള പലിശ (12% നിരക്കിൽ)-യും ആർ. ആർ. നടപടിയിലൂടെ അടിയന്തിരമായി ഈടാക്കി, വിവരം റിപ്പോർട്ട് ചെയ്യണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 17 | ചടയമംഗലം ഗ്രാമപഞ്ചായത്ത് | 74 | സമ്പൂർണ്ണ ഭവന പദ്ധതിക്കായി ഹഡ്കോയിൽ നിന്ന് യഥാസമയം ധനസഹായം ലഭിക്കാതെ വന്ന സാഹചര്യത്തിൽ ഗുണഭോക്താക്കൾക്ക് ഗുണഭോക്തൃ വിഹിതം തിരികെ കൊടുത്ത തുകയ്ക്ക് സർക്കാർ സാധൂകരണം ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 18 | വെളിനല്ലൂർ ഗ്രാമപഞ്ചായത്ത് | 77 | രസീത് പിരിവ് തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടില്ല എന്ന പരാമർശവുമായി ബന്ധപ്പെട്ട വിജിലൻസ് കേസിന്റെ അന്തിമ തീർപ്പ് സമിതിക്ക് റിപ്പോർട്ട് ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |

## അനുബന്ധം II

## 1998-1999, 1999-2000 വർഷങ്ങളിൽ കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തിൽ ജോലിനോക്കിയിരുന്ന വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| *നമ്പർ* | *ഉദ്യോഗസ്ഥന്റെ പേര്* | *വി.ഇ.ഒ. സർക്കിൾ* | *കാലയളവ്* | *ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥലം* |
|---|---|---|---|---|
| 1 | ബി. ശ്രീകുമാരൻ നായർ | ഏഴംകുളം | 3/98 മുതൽ 6-1-2001 വരെ | ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ്, കഴക്കൂട്ടം |
| 2 | ബി. ഹരീഷ് കുമാർ | കുളത്തൂപ്പുഴ, ചോഴിയക്കോട്, (അഡീഷണൽ ചാർജ്) | 28-6-99 മുതൽ 10/01 വരെ | ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ്, ചിറ്റുമല |

**ശ്രീ. ബി. ശ്രീകുമാരൻ നായർ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ഏഴംകുളം.**

**നിർവ്വഹണോദ്യോഗസ്ഥനായിരിക്കെ ഏറ്റെടുത്ത പ്രവൃത്തികൾ**

I. കിണർ നിർമ്മാണം

ഗുണഭോക്താക്കളുടെ വിവരം :

(1) നാരായണൻ, ബീഡിക്കുന്നിൽ ചരുവിളപുത്തൻവീട്, ചോഴിയക്കോട്
(2) ഗീത, ലക്ഷ്മിവിലാസം, ഭാരതീപുരം
(3) ശാന്ത, കുന്നിൽ ചരുവിള പുത്തൻവീട്, ചോഴിയക്കോട്
(4) ബിനു, രഞ്ജിത് ഭവൻ, വടക്കേചെറുകര.

II. കിണർ സംരക്ഷണ ഭിത്തികെട്ട്

ഗുണഭോക്താക്കളുടെ വിവരം:

(1) ബി. അബ്ദുൾ ഖാദർ, തെമ്മേൽ വീട്, കൈതക്കാട്
(2) തുളസീധരൻ നായർ, കുഴിവിളവീട്, കുളത്തൂപ്പുഴ.

III. കക്കൂസ് നിർമ്മാണം

ഗുണഭോക്താക്കളുടെ വിവരം:

(1) ചെല്ലപ്പൻ, കൃഷ്ണവിലാസം, ഏഴംകുളം
(2) ശശാങ്കൻ, തടത്തിൽവീട്, ഭാരതീപുരം
(3) വത്സല, വരുവിളവീട്, വെള്ളില, ഭാരതീപുരം

(4) നാരായണൻ, ചരുവിള വീട്, തിങ്കൾകരിക്കം

(5) പ്രസന്നകുമാരി, ശിവരാജ്ഭവൻ, കല്ലുവെട്ടാംകുഴി

(6) വിശ്വനാഥൻ, സത്യമംഗലത്ത്, ചോഴിയക്കോട്

(7) കമലാക്ഷി, കല്ലുകുഴി, ചോഴിയക്കോട്

(8) ഹരികുമാർ, കരിക്കത്തിൽവീട്, വില്ലുമല

(9) ശാന്തി, ജോസഫ് ഹൗസ്, അമ്പതേക്കർ.

**ശ്രീ. ബി. ഹരീഷ്കുമാർ, വില്ലേജ് എക്സ്റ്റഷൻ ഓഫീസർ, കുളത്തൂപ്പുഴ. നിർവ്വഹണോദ്യോഗസ്ഥനായിരിക്കെ ഏറ്റെടുത്ത പ്രവൃത്തികൾ**

I. ഭവന നിർമ്മാണം (ജനറൽ)

ഗുണഭോക്താക്കളുടെ വിവരം:

(1) തങ്കമ്മ, ദീപ്തിമന്ദിരം, ചോഴിയക്കോട്

(2) സതി, പറങ്കിമാംവിള വീട്, നെല്ലിമൂട്

(3) ചെല്ലമ്മ, വയലിറക്കത്ത് വീട്, കടമാൻകോട്.

II. കിണർ നിർമ്മാണം (പട്ടികജാതി)

ഗുണഭോക്താക്കളുടെ വിവരം:

(1) വിദ്യാധരൻ, ജയാനന്ദവിലാസം, തിങ്കൾകരിക്കം

(2) അമ്മിണി, പ്ലാവിളപുത്തൻവീട്, ചന്ദനക്കാവ്

(3) ബേബി, സുനിത ഭവൻ, മരുതിമൂട്

(4) നകുലൻ, വടക്കേചെറുകര, ചന്ദനക്കാവ്.

III. കിണർ സംരക്ഷണ ഭിത്തികെട്ട് (ജനറൽ)

(1) ഷെരീഫാ ബീവി, തടത്തരികത്തുവീട്, റോസ്മല.

IV. കിണർ സംരക്ഷണ ഭിത്തികെട്ട് (പട്ടികജാതി)

(1) പൊടിച്ചി, പ്ലോട്ട് നമ്പർ 18, സാംനഗർ

(2) ശാരദ, ആനക്കുളംപുത്തൻവീട്, ഡാലി.

V. കിണർ സംരക്ഷണ ഭിത്തികെട്ട് (പട്ടികവർഗ്ഗം)

(1) കമലാക്ഷി, വാഴവിളവീട്, കല്ലുപച്ച.

---